

# അൽഹഖ്

പുസ്തകം 20 | ലക്കം 11 | നവമ്പർ 2012 | ഇഹ്സാൻ 1391 | റജബ് – ശഅ്ബാൻ 1433



## നബികീർത്തനത്തിൽ നിന്നും ഞങ്ങളെ തടയാൻ ആർക്കും സാധ്യമല്ല.

ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

ഞങ്ങൾ ഉറക്കെ പ്രഖ്യാപിക്കുകയാണ് , മുഹമ്മദീ മസീഹിന്റെ ആഗമനത്തിൽ തന്നെയാണ് റസൂൽ തിരുമേനി (സ) ന്റെ മക്കാമെഖാത്തിമീയത്ത് (ഖത്തമനുബുവ്വത്തിന്റെ മഹിത സ്ഥാനം) വർദ്ധിക്കുന്നത്. തിരുനബിയുടെ ഉമ്മത്തിക്ക് ഈ മഹോന്നതസ്ഥാനം കിട്ടുന്നത് തിരുനബിയുടെ ശ്രേഷ്ഠതയ്ക്കുള്ള തെളിവാണ്. ഇതു സംബന്ധിച്ച് വാഗ്ദത്ത മഹ്ദി മസീഹ് (അ) തന്റെ ഒരു കവിതാശകലത്തിൽ പറയുന്നു.

**"ബർത്തർ ഖുമാനോ വഹംസെ അഹ്മദ് കി ശാന് ഹെ**
**ജിസ്കാ ഗുലാം ദേഖോ മസീഹുസ്സമാൻ ഹെ"**

എല്ലാ ചിന്തകൾക്കും ധാരണകൾക്കും അപ്പുറത്താണ് തിരുനബിയുടെ മഹത്വം. അവിടുത്തെ ദാസൻ, നോക്കൂ കാലത്തിന്റെ മസീഹാണ്.

ചുരുക്കത്തിൽ ഞങ്ങൾ ഈ അദ്ധ്യാപനത്തെ നെഞ്ചകങ്ങളിലേറ്റി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ, അഹ്മദ് മുജ്തബാ (സ) ന്റെ മഹിതസ്ഥാനം സംസ്ഥാപിക്കുന്നവരാണ്. ഞങ്ങൾ ഏതെങ്കിലും മൗലവിയെയോ പണ്ഡിതനേയോ ഭരണകൂടത്തേയോ ഭയന്നുകൊണ്ടോ സമ്പത്തും ജീവനും നഷ്ടപ്പെടുത്തുമെന്ന ഭീഷണിയിൽ ഭയപ്പെട്ടുകൊണ്ടോ വധാഹ്വാനത്തിന്റെ ഫത്വകളിൽ പരിഭ്രമിച്ചുകൊണ്ടോ നിഷ്ഠുരമായ രീതിയിൽ ഗ്രനേഡിന്റെ അക്രമങ്ങളാലും നിറതോക്കുകളാലും ഞങ്ങളുടെ പ്രിയപ്പെട്ടവർ ശഹാദത്തിന്റെ സ്ഥാനം വരിക്കുന്നത് കാണുന്നതു കൊണ്ടോ ഒന്നും തന്നെ ഒരിക്കലും ഞങ്ങൾ മുഹമ്മദീ മാഹാത്മ്യത്തെ പ്രതിഷ്ഠിക്കുന്ന കാര്യത്തിൽ പിന്നോട്ട് മാറുന്നതേ അല്ല.

——— *(സമാപനപ്രഭാഷണം ജൽസാ സാലാനാ ജർമ്മനി 27/06/2010)*


2 Pakistan's Kafir Factory

9 ദൈവികപരിലാളന ലഭിക്കാൻ

16 സുലൈമാൻ നബിയുടെ സൈന്യം

3 ശാശ്വതസമാധാനം

11 ഒരു നവ അഹ്മദീ യുവതിയുടെ മാതൃക

17 ഹുസൂറിന്റെ തിരുസവിധത്തിൽ



വരികൾക്കിടയിൽ

# Pakistan's Kafir Factory

മുഹമ്മദ് ഹനീഫ്, പത്രപ്രവർത്തകൻ

*(അനഹ്മദിയായ ലേഖകൻ 2008 മെയ് 28 ലെ ലാഹോർ ശഹാദത്തിനെ തുടർന്ന് എഴുതിയ ഈ ലേഖനം 2012 സെപ്റ്റംബർ 11ന് ജിന്നയുടെ 64ാം ചരമ വാർഷികത്തോടനുബന്ധിച്ച് പാക്കിസ്ഥാനിൽ ചേർന്ന പ്രൗഢഗംഭീരമായ സദസ്സിൽ വായിക്കപ്പെടുകയും ചെയ്തിരുന്നു. ഈ പരിപാടിയിൽ പാക്കിസ്ഥാനിലെ മതരാഷ്ട്രീയരംഗത്തുള്ള പ്രമുഖർ പങ്കെടുക്കുകയുണ്ടായി)*

നിങ്ങൾ പാകിസ്ഥാനിൽ ഐഡന്റിറ്റി കാർഡിന് വേണ്ടി അപേക്ഷിക്കുമ്പോൾ നിങ്ങളോട് അതിൽ ചോദിക്കുന്നു ഒരു ചോദ്യം ലോകത്തുള്ള ഒരു മുസ്‌ലിം രാജ്യത്തിലും ഒരു മുസ്‌ലിമിനോടും ചോദിക്കപ്പെടുന്നില്ല. നിങ്ങളുടെ മാനസികാവസ്ഥ ശരിയാണോ എന്ന് നിങ്ങളോട് ചോദിക്കുന്നില്ല. നിങ്ങളുടെ കൈകാലുകൾ നല്ല നിലയിലാണോ എന്നും ചോദിക്കുന്നില്ല. നിങ്ങൾ കള്ളനോ കൊള്ളക്കാരനോ ആണോ? ജീവിതത്തിൽ എത്ര റെയ്പ്പ് ചെയ്തിട്ടുണ്ട്? നികുതി കൊടുക്കാറുണ്ടോ? ഇല്ലയോ? ജിന്നയെ ഖാഇദെ അഅ്സം (മഹാനായ നേതാവ്) എന്നാണോ കരുതുന്നത്? അതോ കാഫിറെ അഅ്സം (വലിയ കാഫിർ) എന്നോ? കുട്ടികളെ പഠിക്കാൻ സ്കൂളിൽ അയക്കുന്നുവോ? അതോ ഭിക്ഷയെടുക്കാൻ അങ്ങാടിയിലേക്ക് വിടുമോ? ശരീഅത്ത് വേണോ? സോഷ്യലിസം വേണോ? പാക് ജനതയെ സമൂഹത്തിന്റെ സ്വത്താണെന്ന് മനസ്സിലാക്കുന്നുണ്ടോ? അതോ കൊള്ളക്കാരെന്നോ? ഒരിക്കലും തന്നെ, നിങ്ങൾ പുഷ്തു, ഫാർസി, സിക്ക്, ക്യസ്ത്യാനി, നിരീശ്വരവാദി എന്നിവയിൽ ഏതെങ്കിലുമാണോ എന്ന് ചോദിക്കുന്നില്ല. എന്നാൽ ഐഡന്റിറ്റി കാർഡിനുള്ള ചോദ്യാവലിയിലുള്ള ഒരു ചോദ്യത്തിനുള്ള ഉത്തരത്തിൽ കഴിഞ്ഞ 25 വർഷമായി നാം കണ്ണടച്ചുകൊണ്ട് സത്യഹൃദയത്തോടെ കയ്യൊപ്പ് ചാർത്തുകയോ അല്ലെങ്കിൽ വിരലടയാളം വെക്കുകയോ ചെയ്യുന്നത്, താൻ അഹ്മദിയോ ഖാദിയാനിയോ അല്ലെന്നും, ലാഹോർ ഗ്രൂപ്പിൽ പോലും ഉൾപ്പെടുന്നില്ലെന്നുമാണ്.

ഒരു ചെറിയ സമൂഹം, അവരാകട്ടെ നമ്മുടെ ഭരണഘടനയനുസരിച്ച് അമുസ്‌ലിംകളുമാണ്. അവർക്ക് നമ്മെപ്പോലെ നമസ്കരിക്കാനും ആഗ്രഹമുണ്ട്. പക്ഷെ എന്തിനാണ് നമ്മൾ അവരെ ഇത്രയധികം ഭയപ്പെടുന്നത്. നമുക്ക് അസ്സലാമു അലൈക്കും എന്ന് പറയുകയും, ബിസ്മില്ലാഹ് ചൊല്ലുകയും മസ്ജിദുകളിൽ നമസ്കരിക്കുകയും ചെയ്യുന്നവരിൽ നിന്ന് നമുക്ക് എന്ത് ഭീഷണിയാണുള്ളത്? അവർ നമ്മളെപ്പോലെ സലാം പറയുകയും, നമസ്കരിക്കുകയും ഒക്കെ ചെയ്താൽ നാം മനസ്സിലാക്കുന്നത് അവർ നേരെ ജയിലിലേക്കാണ് പോകേണ്ടത് എന്നാണ്.

ലോകത്തുള്ള അധികപക്ഷമുസ്‌ലിം രാഷ്ട്രങ്ങൾക്കും തങ്ങളുടെ അന്തസ്സിനും സമൂഹത്തിനും ഏറ്റവും വലിയ ഭീഷണി ഖാദിയാൻ എന്ന ഗ്രാമത്തിൽ നിന്ന് ഉയർന്ന ഈ ഫിത്ന യാണെന്ന് തോന്നുന്നതു പോലുമില്ല.

ലാഹോറിൽ കൊല്ലപ്പെട്ട അഹ്മദികളിൽ അധികം പേരുടെയും പ്രായം വളരെ കുറവായിരുന്നു. അവർക്ക് 1974 ന് മുമ്പ് അഹ്മദികളും ഒരു മുസ്‌ലിം വിഭാഗക്കാരായി ഗണിക്കപ്പെട്ടിരുന്നുവെന്ന് അറിവുണ്ടായിരിക്കില്ല.

കഴിഞ്ഞ 35 വർഷം കൊണ്ട് നമ്മുടെ ഈമാൻ എത്ര മാത്രം അടിയുറച്ചുവെന്നാൽ, നാം അവരെ കാഫിറെന്ന് മാത്രമല്ല, ലോകത്തിലെ ഏറ്റവും മോശം കാഫിറാണെന്നും പ്രഖ്യാപിച്ചിരിക്കുന്നു.

നമ്മൾ അഹ്മദികളുടെ മസ്ജിദുകളെ ഇബാദത്ത് ഗാഹ് (ആരാധനാലയം) എന്ന് പറയാൻ



വാശി പിടിക്കുമ്പോൾ രാജ്യനിയമമനുസരിച്ച് നമ്മൾ ഒരു വർഷത്തെ ജയിൽ വാസത്തിൽ ചെന്നുപ്പെടുന്നു. ഇത് അമ്പലമോ, ചർച്ചോ, ഗുരുദ്വാരയോ, സെനഹോഗോ അല്ലെന്ന് പറയുന്നു. ഇത് വെറും ആരാധനാലയമാണ്. ഇവിടെ അല്ലാഹുവിനെയും റസൂലിനെയും അംഗീകരിക്കാത്ത കുറച്ച് മൃഗീയരായ ആളുകൾ അല്ലാഹുവിനെയും റസൂലിനെയും അംഗീകരിക്കുന്നവരെ പരിഹസിക്കുകയാണ് ചെയ്യുന്നത്.

പക്ഷെ ഒരുപാട് അഹ്മദികൾ തങ്ങളെ നമ്മളെക്കാളും നല്ല മുസ്‌ലിംകളാണെന്ന് മനസ്സിലാക്കുന്നു എന്നറിയുമ്പോൾ നിങ്ങൾക്ക് തീർച്ചയായും സങ്കടമുണ്ടാകും. ഒരു കാര്യം ചിന്തനീയമാണ്, ലോകത്തുള്ള മുസ്‌ലിം സർക്കാറുകൾക്ക് ചെയ്യാൻ കഴിയാത്ത, അല്ല വഴി തെറ്റിയ മുസ്‌ലിം ലോകം ചിന്തിക്കുക പോലും ചെയ്യാത്ത കാര്യങ്ങൾ ഇവർക്കെങ്ങിനെയാണ് ഇവിടെ ചെയ്യാൻ കഴിയുക.

നമ്മൾ ഖാഇദെ അഅ്സം മുഹമ്മദ് ജിന്നയുടെ സെപ്റ്റംബർ 11 ലെ പ്രഭാഷണം ഉദ്ധരിക്കാറുണ്ട്. അദ്ദേഹം പറയുന്നത് ഈ രാഷ്ട്രം ഇസ്‌ലാമിക വീക്ഷണങ്ങളിൽ പരീക്ഷണ ഗവേഷണങ്ങൾ നടത്തുന്ന ലബോറട്ടറി ആയിരിക്കണമെന്നാണ്. ഈ വാക്കുകൾ എല്ലാ സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കുന്നുണ്ട്. ലബോറട്ടറികളിൽ വിജയപ്രദമായ പരീക്ഷണങ്ങൾ, പിന്നീട് വലിയ തലങ്ങളിൽ പ്രൊഡക്ഷൻ ആയി മാറുന്നു.

എഴുപതുകളുടെ ആദ്യത്തിൽ കാഫിർ ഉണ്ടാക്കാനുള്ള നമ്മുടെ പുതിയ പരീക്ഷണം, അവിടെ അവസാനിച്ചില്ല. 80 90 കളുടെ ഇടയിൽ ഓരോ മസ്ജിദിൽ നിന്നും കാഫിർ,കാഫിർ എന്ന മുദ്രാവാക്യങ്ങൾ ഉയർന്നു തുടങ്ങി. ഷിയാ കാഫിർ എന്നിങ്ങനെ. രാജ്യത്തിലെ അറ്റങ്ങളോളം ഷിയാ ഡോക്ടർ, അദ്ധ്യാപകർ, വക്കീൽ, കച്ചവടക്കാർ, ഗവേഷകർ തുടങ്ങിയവരെ നിങ്ങൾ തിരഞ്ഞു പിടിച്ച് ദയനീയമായി കൊല ചെയ്തു. എത്ര മാത്രം ദയനീയമെന്നാൽ, അഹ്മദികളും ചിന്തിച്ചിട്ടുണ്ടാവും നമ്മൾ കാഫിറാണെങ്കിലും ഷിയാ അല്ലല്ലോ എന്ന്. പട്ടാളം, ആദ്യത്തിൽ ത്വാലിബാനെ മുഅ്മിനീങ്ങളെന്ന് കരുതിയിരുന്നു. ഇപ്പോൾ അവർ കാഫിറാണ്. അല്ലെങ്കിൽ നമ്മളോട് അങ്ങനെയാണ് പറയുന്നത്. പഞ്ചാബ് സർക്കാർ, പഞ്ചാബി സംസാരിക്കാത്ത താലിബാനെ കാഫിറാണെന്ന് പറയുന്നു.

പടച്ചോനെ, ഇത് രാഷ്ട്രമാണോ. അതോ കാഫിറിനെ ഉണ്ടാക്കുന്ന ഫാക്ടറിയോ. ഇന്ന് കാഫിറിനെ ഉണ്ടാക്കുന്ന ഈ കച്ചവടം എത്രമാത്രം വിപുലപ്പെട്ടുവെന്നാൽ, മുസ്‌ലിമെന്ന് സ്വയം കരുതുന്ന ഓരോ പൗരനേയും കാഫിറെന്ന് മനസ്സിലാക്കുന്ന രണ്ട് മുസ്‌ലിംകളെങ്കിലും ഇവിടെയുണ്ട്.

യാ റസൂൽ എന്ന് പറയുന്നവർ, യാ ഹുസയ്ൻ എന്ന് പറയുന്നവരെയും, കൈകെട്ടി നമസ്കരിക്കുന്നവർ കൈകെട്ടാതെ നമസ്കരിക്കുന്നവരെയും ഒരു ദർഗയിൽ നേർച്ചയിടുന്നവർ മറ്റൊന്നിൽ പൂ ഇടുന്നവരെയും കാഫിറെന്ന് പറയുന്നു.

നമ്മുടെ ഐഡന്റിറ്റി കാർഡിനുള്ള അപേക്ഷയിൽ കൈയൊപ്പു കൊണ്ടോ വിരലടയാളം കൊണ്ടോ ഒരു കൂട്ടരെ നാം കാഫിറെന്ന് പ്രഖ്യാപിക്കുമ്പോൾ അതോടൊപ്പം നമുക്ക് വേണ്ടിയും അതേ വഴി തന്നെയാണ് നാം തുറക്കുന്നത്.

മരിച്ചവർ ഏറ്റവും മോശം കാഫിറായിരുന്നു. അതുകൊണ്ട് അവർക്ക് വേണ്ടി പാപപ്പൊറുതിക്ക് വേണ്ടി പ്രാർത്ഥിക്കുന്നവരും കാഫിറാകും. പക്ഷെ നമുക്ക് ദുആ ചെയ്യാം, ബാക്കിയായവർക്ക് അല്ലാഹു ജീവനോടെ ഇരിക്കാൻ സൗഭാഗ്യം നൽകുമാറാകട്ടെ.


തഫ്സീർ



فَإِنَّ مَعَ الْعُسْرِ يُسْرًا ۝ إِنَّ مَعَ الْعُسْرِ يُسْرًا ۝ (94:6,7)

# ശാശ്വതസമാധാനം

ഹ.ഖലീഫത്തുൽ മസീഹ് സാനി (റ)



പ്രയാസത്തെക്കുറിച്ച് പ്രതിപാദിക്കുക എന്നതല്ല മറിച്ച് യുസ്റിന്റെ(എളുപ്പത്തിന്റെ) മഹത്വവും പ്രാധാന്യവും വിവരിക്കുക എന്നതാണ് ഇവിടെ ഉദ്ദേശ്യം.
ഭാഷാവയ്യാകരന്മാർ പറയുന്നത് ഈ ആയത്തിൽ യുസ്റ് എന്നതിനെ സാമാന്യനാമമായി ഉപയോഗിക്കുകയും പിന്നീട് അതിനെ ആവർത്തിക്കുകയും ചെയ്തു കൊണ്ട് പറയുന്നത് ഇവിടെ ഒന്നല്ല മറിച്ച് രണ്ട് യുസ്റ് ഉണ്ട് എന്നാണ്. ഉസ്റ് അഥവാ പ്രയാസം ഒന്നേയുള്ളു എങ്കിലും യുസ്റ് അഥവാ ഏളുപ്പം രണ്ടെണ്ണമുണ്ട്........... അതായത് തീർച്ചയായും ഈ പ്രയാസത്തോടു കൂടെ വളരെ വലിയ എളുപ്പവുമുണ്ട്..... .......... യുസർ എന്ന പദത്തിന്റെ ആവർത്തനം തെളിയിക്കുന്നത് വിഷമരഹിതമായ അവസ്ഥ രണ്ടെണ്ണമുണ്ട് എന്നും യുസ്റൻ എന്നതിലുള്ള ഇരട്ട ഫത്ഹ് (തൻ വീൻ) കാണിക്കുന്നത് ഓരോ യുസ്റും വലിയ പ്രൗഢിയോടു കൂടിയുള്ളവയാണെന്നാണ്. ഈ രണ്ടാമത്തെ അർത്ഥത്തിന് ഹദീസുകളുടെ പിൻബലവുമുണ്ട്. ഒരിക്കൽ വീട്ടിൽ നിന്നും സുസ്മേരവദനനായി റസൂൽ കരീം (സ) പുറത്തേക്ക് വന്നു കൊണ്ട് പറഞ്ഞു; ഒരു ഉസ്റ് രണ്ടു യുസ്റിന്റെ പുറകെ ഓടുന്നതായി ഞാൻ കണ്ടു. പിന്നീട് പറഞ്ഞു ഒരു ഉസ്റിന് രണ്ടു യുസ്റിന്റെ മേൽ വിജയിക്കുവാനാകില്ല.
ഇതിൽ നിന്നും മനസ്സിലാകുന്നത് കശ്ഫിലും (ജാഗ്രതാ ദർശനം) റസൂൽ കരീം (സ) യ്ക്ക് ഈ ആയത്തിന്റെ പൊരുൾ മനസ്സിലാക്കി കൊടുത്തത് യുസ്റ് രണ്ടും, ഉസ്റ് ഒന്നും ആണെന്നാണ്. ഇനി, ഈ ആയത്തിൽ പരാമർശിച്ചിരുന്ന രണ്ടു യുസ്റുകൾ ഏതൊക്കെയാണെന്നുള്ള പ്രശ്നമാണുള്ളത്...........മനുഷ്യന് പൂർണ്ണമായും ആശ്വാസം ലഭിക്കുന്നത് അവന് ആന്തരികവും ബാഹ്യവും ആയ രണ്ടു വിധേനയും ആശ്വാസത്തിനുള്ള സംവിധാനങ്ങൾ ലഭ്യമാകുമ്പോഴായിരിക്കും. ഒരാൾ പറയുന്ന കാര്യങ്ങളെല്ലാം ജനങ്ങൾ തള്ളിക്കളയുകയാണെങ്കിൽ അവർ അയാളെ പ്രഹരിക്കുകയോ മർദ്ദിക്കുകയോ ചെയ്യുന്നില്ലെങ്കിലും, അഥവാ പ്രത്യക്ഷത്തിൽ യാതൊരു വിധ വിഷമവും അനുഭവിക്കുന്നില്ലെങ്കിലും മാനസികമായി ദേഷ്യവും അസ്വസ്ഥതയും അനുഭവപ്പെപ്പെടുകയും അന്വേഷിക്കുന്ന സമാധാനം അവനു പൂർണ്ണമായി ലഭിക്കാതിരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു വ്യക്തിയെ കാണുമ്പോൾ പറയുക; അയാൾക്ക് ബാഹ്യമായി യുസ്റ (ആശ്വാസം) കരഗതമാണ്. എന്നാൽ മാനസികമായി ഉസ്റിൽ (പ്രയാ സത്തിൽ) ആണുള്ളത് എന്നാണ്.
എന്നാൽ ചിലപ്പോൾ ഇങ്ങിനേയും സംഭവിക്കാറുണ്ട്, അതായത് ജനങ്ങൾ പൊതുവേ നിഷേധിക്കുന്നില്ലെങ്കിലും തക്കം കിട്ടിയാൽ ദ്രോഹിക്കുന്നു. ഒരു കഥ പ്രസിദ്ധമാണ്. അതായത് ഒരു ജട്ട് (പഞ്ചാബി കർഷകൻ) ന്റെ വയലിനടുത്തായി ഒരാൾ വന്ന് കൂടാരം കെട്ടുകയും എന്നിട്ട് ആളുകളോട് ഞാൻ ദൈവമാണ് എന്ന് പറയുവാനും തുടങ്ങി. ചുറ്റുവട്ടത്തുള്ള ഗ്രാമങ്ങളിൽ നിന്നും ഭിക്ഷ ശേഖരിച്ച് കൊണ്ട് വരുന്നതിനായി കുറേപേരേയും സംഘടിപ്പിച്ചു. അവിടെ വരുന്നവരോടു അവർ പറഞ്ഞു ഇതു തന്നെയാണ് ദൈവം. ഇദ്ദേഹത്തെ സുജൂദ് ചെയ്യുക എന്ന്. കർഷകൻ ദിവസവും ഇത് കാണാറുണ്ടായിരുന്നു പക്ഷെ ഒന്നും ചെയ്യാൻ സാധിച്ചിരുന്നില്ല. കാരണം കർഷകൻ ഏകനും മറ്റേയാളുടെ ചുറ്റും എപ്പോഴും വലിയ ജനക്കൂട്ടവുമായിരുന്നു. ഒരിക്കൽ യാദൃശ്ചികമായി ആളുകളെല്ലാം ഒഴിഞ്ഞു പോയി. താൻ ദൈവമാണെന്നു പറയുന്നയാൾ തനിച്ചായി. കർഷകൻ ഈ അവസരം മുതലെടുത്ത് കൊണ്ട് കലപ്പ ഉപേക്ഷിച്ച് അയാളുടെ അടുത്തെത്തി. എന്നിട്ട് കാൽമുട്ടുകളിൽ ഇരുന്നു കൊണ്ട് പറഞ്ഞു, ഞാൻ അങ്ങു തന്നെയാണോ ദൈവം എന്നാരായാൻ വന്നതാണ്. അയാൾ പറഞ്ഞു ; അതെ ഞാൻ തന്നെയാണ് ദൈവം ഇതുകേട്ടയുടനെ കർഷകൻ ചാടിയെണീറ്റു എന്നിട്ട് അയാളുടെ കഴുത്തിന് പിടിച്ചുകൊണ്ട് മുഷ്ടിചുരുട്ടി ശക്തമായൊരു ഇടി കൊടുത്തിട്ട് ചോദിച്ചു; അതു ശരി അപ്പോൾ നീ തന്നെയാണല്ലെ എന്റെ മാതാവിന്റെ ജീവനെടുത്തത് ? വീണ്ടും ഒരിടികൂടി കൊടുത്തു കൊണ്ടു ചോദിച്ചു.എന്റെ സഹോദരിയുടേയും ജീവനനെടുത്തത് നീയാണല്ലെ അങ്ങിനെ മരിച്ച് പോയ ഓരോ ബന്ധുവിന്റെയും പേരെടുത്തു പറഞ്ഞ് കൊണ്ട് ഇടിച്ചു കൊണ്ടേയിരുന്നു. എട്ടു പത്ത് ഇടി കിട്ടിയപ്പോഴേക്കും അയാൾ കൈ കൂപ്പിക്കൊണ്ട് പറഞ്ഞു. എന്നോട് ക്ഷമിക്കൂ ഞാൻ ദൈവമൊന്നുമല്ല.
അതുകൊണ്ട്, ചിലപ്പോൾ മനുഷ്യൻ തെളിവൊന്നും നൽകാതെ വടിയെടുക്കുകയും ചെയ്യാറുണ്ട്. അത്തരം വ്യക്തിക്ക് ബാഹ്യമായ നിലയിൽ ഉസ്റ് (പ്രയാസം) ഉണ്ട്. എങ്കിലും മാനസികമായി ഉസ്റ് (പ്രയാസം) ഉണ്ടായിരിക്കുകയില്ല. അതു പോലെ ചിലപ്പോൾ മനുഷ്യന് ബാഹ്യമായി സ്വസ്ഥത ലഭ്യമായിരിക്കും എന്നാൽ അവന്റെ മനസ്സിന് സമാധാനം ഉണ്ടായിരിക്കുകയില്ല. ആന്തരികവും ബാഹ്യവുമായ രീതിയിൽ സ്വസ്ഥതയുള്ള ഒരാൾക്കേ പരിപൂർണ്ണമായ സ്വസ്ഥതയും സമാധാ നവും ലഭിക്കുകയുള്ളു.
അല്ലാഹു പറയുന്നു. പ്രവാചകരേ ! തീർച്ചയായും ഇന്ന് താങ്കളുടെ കൂടെയുള്ളവർക്ക് അതികഠിനമായ പ്രയാസങ്ങൾ ഉണ്ടാവുന്നു എന്നാൽ അടുത്തു തന്നെ നാം അവർക്ക് രണ്ടു വിധത്തിലുള്ള സമാധാനവും നൽകുന്നതാണ്. അവർക്ക് ലഭിക്കാൻ പോകുന്ന ഒന്നാമത്തെ സമാധാനം എന്നത് മാനസികമായിട്ടുള്ളതാണ്. അതായത് താങ്കളുടെ സംഘത്തിലുള്ള ഓരോ വ്യക്തിയും അവർ സത്യം സ്വീകരിച്ചിരിക്കുന്നു, നേരായ പാത സ്വീകരിച്ചിരിക്കുന്നു. മോക്ഷത്തിന്റെ മാർഗം ഇഷ്ടപ്പെട്ടിരിക്കുന്നു എന്ന കാര്യത്തിൽ സംതൃപ്തരായിരിക്കും. താൻ ഏതു വഴിയിലൂടെയാണ് പോയികൊണ്ടിരിക്കുന്നത് ,ഇത് ദൈവത്തിലേക്ക് എത്തിക്കുമോ ഇല്ലയോ എന്ന സംഭ്രമവും വേവലാതിയും അവരുടെ ഉള്ളിൽ ഉണ്ടായിരിക്കുകയില്ല. പിന്നീട് ബാഹ്യമായ നിലക്കും അവർക്ക് സ്വസ്ഥതയ്ക്കുള്ള സാഹചര്യങ്ങൾ ഉണ്ടാകു ന്നതാണ്. അതായത് ശത്രുക്കളുടെ ഭാഗത്ത് നിന്നുള്ള പ്രയാസങ്ങളുടെ പരമ്പര ഇല്ലാതായിപോകുന്നതാണ്.
അവർക്ക് വിജയം കരഗതമാകുകയും ഇന്ന് അവർ അനുഭവിച്ചു കൊണ്ടിരിക്കുന്ന ഞെരുക്കങ്ങൾ പാടെ അകലുന്നതുമാണ്. അതിനാൽ ഈ ആയത്തിൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് യുസ്റുകൾ, അത് ആന്തരികവും ബാഹ്യവുമായ സ്വസ്ഥതയ്ക്കുള്ള ഏർപാടുകളാണ് അതായത് ഓരോ സമുദായത്തേയും വിശ്വാസമുള്ളവരാക്കിത്തീർക്കുന്നതിന് അവരുടെ എല്ലാ സന്ദേഹങ്ങളും അകറ്റി അവരുടെ ദൃഢവിശ്വാസത്തിന്റെ ശക്തമായ അടിത്തറയിൽ നിർത്തുന്നതാണ്. എന്നിട്ട് ശത്രു ക്കളിൽ നിന്നും ഏൽക്കേണ്ടി വരുന്ന എല്ലാ ആപത്തുകളേയും പ്രയാസങ്ങളേയും ദൂരീകരിക്കുന്നതാണ്. അങ്ങിനെ അവർ വിജയികളായ രാജാക്കന്മാരായിത്തീ രുന്നതാണ്. അതു കാരണം അവരെ ശാരീരികമായി പീഡിപ്പിക്കാൻ ആരാലും സാധ്യമാകില്ല.
ഐഹികവും പാരത്രികവുമായ പാരിതോഷികങ്ങൾ (അനുഗ്രഹങ്ങൾ) എന്നതാണ് മറ്റൊരർത്ഥം. അതായത് ഈ ലോകത്തിലെയും പരലോകത്തിലേയും അനുഗ്രഹങ്ങൾ നിങ്ങൾക്ക് നൽകപ്പെടുന്നതാണ്..... ...... ........ ഈ ലോകത്ത് ഒരു വിശ്വാസിയായ ദാസന് തന്റെ കഴിവും പ്രാപ്തിയുമനുസരിച്ച് അല്ലാഹുവിന്റെ ജാഗ്രതാ ദർശനം, വെളിപാട് എന്നിവയിൽ നിന്നും അംശം ലഭിക്കുന്നു എന്നത് പാരത്രിക അനുഗ്രഹങ്ങൾ യഥാർത്ഥ്യമാണ് എന്നുള്ളതിനുള്ള തെളിവാണ്."
.................. ഇസ്ലാമിന് മേൽ എപ്പോഴെങ്കിലും ഞെരുക്കങ്ങളുടേയോ വിപത്തുകളുടെയോ കാലം വരുന്നതായാൽ അതിന് ശേഷം അല്ലാഹു പുരോഗതിയുടെ പുതിയൊരു യുഗം സൃഷ്ടിക്കുന്നതാണ്. അതായത് ഇസ്ലാം ഒരിക്കൽ നിലവിൽ വരുകയും നാശത്തിൽ നിന്നും രക്ഷപ്പെടുകയും ചെയ്താൽ പിന്നെ അതിന് ശേഷം അഭിവൃദ്ധിയുടെ നവംനവങ്ങളായ സംവിധാനങ്ങൾ ഉണ്ടായികൊണ്ടേയിരിക്കും. ഇസ്ലാം എന്നെന്നേക്കുമായി പരാജയമടയുകയും കുഫ്റ് ന് വിജയം ലഭിക്കുകയും ചെയ്യുമെന്നത് ഒരിക്കലും സംഭവിക്കുകയില്ല. ഇസ്ലാമിന് സംരക്ഷണത്തിന്റെ വാഗ്ദാനം നൽകികൊണ്ട് അല്ലാഹു എപ്പോഴും തന്റെ പിന്തുണ ഈ മതത്തോടൊപ്പം ഉണ്ടായിരിക്കുമെന്നും താഴ്ച്ചക്ക് ശേഷം എപ്പോഴും പുരോഗതിക്കുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുന്നതാണ് എന്നും പറഞ്ഞു കൊണ്ട് മുസ്ലിംകൾക്ക് സുവാർത്ത നൽകിയിരിക്കുകയാണ്.
രണ്ട് യുസ്റ് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ ആയത്തിൽ മുഹമ്മദിന്റെയും അഹ്മദിന്റെയും ആഗമനത്തെക്കുറിച്ചും സൂചന നൽകിയിരിക്കുന്നു. തുടർന്ന് പറയുന്നു, ഇക്കാലത്ത് കുഫ്റ് ഒരു പ്രത്യേക ആവേശത്തിലാണ്. എന്നാൽ കുഫ്റിനെ തകർക്കുവാനായി മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ രണ്ട് ആത്മീയ നിയോഗങ്ങൾ ഉണ്ടാകുന്നതാണ്.

*(തഫ്സീറെ കബീർ വാള്യം 9)*

*സമ്പാ: കെ.നജ്മുദ്ദീൻ*




# പ്രബോധനത്തിന്റെ പ്രാരംഭം

തിരുമേനിയുടെ പ്രകൃതം സൈഥര്യവും തൃപ്തിയും കൈവരിച്ചു തുടങ്ങിയിരുന്നു. അദ്ദേഹം ബഹുദൈവാരാധനക്കെതിരായ ബോധവൽക്കരണം ആരംഭിക്കുകയും ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിക്കുകയും ചെയ്തു. പരസ്യമായ രീതിയിലായിരുന്നില്ല ദൗത്യനിർവ്വഹണത്തിന്റെ തുടക്കം. മറിച്ച്, ബഹളങ്ങൾക്കിട നൽകാതെ, സുഹൃദ്‌വലയത്തിലെ പരിചയക്കാരിൽ മാത്രം പരിമിതപ്പെടുത്തികൊണ്ടാണ് തിരുമേനി തന്റെ കർത്തവ്യപാലനത്തിന് തുടക്കം കുറിച്ചത്. നബിതിരുമേനി(സ) കൊണ്ടുവന്ന അധ്യാപനങ്ങളുടെ ഘടനയെകുറിച്ച് പിന്നീട് പ്രതിപാദിക്കാമെങ്കിലും തിരുനബിയുടെ ദൗത്യവും ആദർശവും ഏതു പ്രകാരത്തിലുള്ളതാണെന്ന് വായനക്കാർക്ക് മനസ്സിലാക്കുവാൻ ഇസ്‌ലാമിനെ സംബന്ധിച്ച് ഒരു ചുരുങ്ങിയ വിവരണം അനുപേക്ഷണീയമാണ്.

നബി(സ) തിരുമേനി മുഖേന ലോകത്ത് അവതരിപ്പിക്കപ്പെട്ട മതമാണ് ഇസ്‌ലാം. ഈ വാക്കിന്റെ അർത്ഥം സമ്പൂർണമായി ദൈവത്തിന് കീഴടങ്ങുക എന്നതാണ്. നബിതിരുമേനിയുടെ ആദർശങ്ങളുടെ രത്നച്ചുരുക്കവും ഇത് തന്നെ. ഈ മതത്തിന്റെ പ്രാഥമികവും അടിസ്ഥാനപരവുമായ സിദ്ധാന്തം ഏകദൈവതത്വമാണ്. അതായത് ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവം തന്റെ സത്തയിലും ഗുണങ്ങളിലും ഏകനത്രേ. അവൻ അനാദിയും അനന്തനുമാണ്. അവൻ ആകാശഭൂമികളുടേയും അവയിലുള്ള എല്ലാറ്റിന്റെയും സ്രഷ്ടാവും നിയന്താവുമാണ്. അത് കൊണ്ട് തന്നെ അവനെക്കൂടാതെ മറ്റാരെയും ആരാധ്യനായി സ്വീകരിക്കരുത്. അവനെക്കൂടാതെ ജനങ്ങൾ ആരാധിക്കുന്നതൊക്കെയും വ്യാജവും സാങ്കൽപ്പികവുമാണ്. മക്കക്കാരുടെ മുമ്പിൽ നബിതിരുമേനി ആദ്യമായും അടിസ്ഥാനപരമായും സമർപ്പിച്ച ആദർശവും ഇതത്രേ.

തിരുനബിയുടെ രണ്ടാമത്തെ ആദർശം സൃഷ്ടിയുടെ ഉദ്ദേശം സംബന്ധിച്ചതാണ്. അല്ലാഹു പ്രപഞ്ചം സൃഷ്ടിച്ചത് ഒരു പ്രത്യേക ലക്ഷ്യത്തിനായാണ്. ജനങ്ങൾ ദൈവത്തെ തിരിച്ചറിയുകയും അവന്റെ ഗുണങ്ങൾ സ്വജീവിതത്തിൽ പ്രകടിപ്പിക്കുകയും മരണാനന്തര ശാശ്വതജീവിതത്തിനായി തയ്യാറാവുകയും ചെയ്യുക എന്നതാണത്. ഈ ലക്ഷ്യപൂർത്തീകരണത്തിനായി അവൻ മനുഷ്യജീവിതത്തെ രണ്ട് ഭാഗങ്ങളായി തരം തിരിച്ചു. ഒന്ന് മനുഷ്യന്റെ കർമ്മ ലോകമായ ഈ ലോകവും മറ്റൊന്ന് പരലോകവും. ഈ രണ്ട് ജീവിതങ്ങൾക്കും ഇടയിൽ മരണം അതിർ വരമ്പായി നിലകൊള്ളുന്നു.

ജനങ്ങളുടെ മാർഗ്ഗദർശനത്തിനായി അല്ലാഹു താൻ തന്നെ പ്രവാചകന്മാരെ നിയോഗിക്കുന്നു എന്നതാണ് ഇസ്‌ലാമിന്റെ മൂന്നാമത്തെ സിദ്ധാന്തം. ദൈവത്തിൽ നിന്ന് ജ്ഞാനം കരസ്ഥമാക്കി മാനവസമുദായത്തിന്റെ മാർഗ്ഗദർശനത്തിന് വഴിയൊരുക്കുന്നവരാണവർ. ഇങ്ങനെയുള്ള ദൈവദൂതന്മാർ എല്ലാ സമുദായങ്ങളിലും എല്ലാ പ്രദേശങ്ങളിലും എല്ലാ കാലഘട്ടങ്ങളിലും ആഗതരായിട്ടുണ്ട്. ഈ ഗണത്തിൽ പ്പെട്ട പ്രവാചകനാണ് നബിതിരുമേനി (സ). നബിതിരുമേനിയുടെ ആദ്യകാല ദൗത്യത്തിന്റെ മൂന്ന് അടിസ്ഥാന ആശയങ്ങളാണിവ. നബിതിരുമേനി കൊണ്ടുവന്ന അദ്ധ്യാപനങ്ങൾ ഇന്നു നാം കാണുന്ന വിശുദ്ധഖുർആന്റെ അവതരണം പരിപൂർണ്ണമാകുന്നത് വരെ സമയാസമയങ്ങളിലായി എല്ലാ ആശയങ്ങളും അവതരിച്ചു. അങ്ങനെ നബിതിരുമേനി മുമ്പും പിമ്പുമുള്ള ജനങ്ങൾക്ക് നേതാവും പ്രവാചകശ്രേഷ്ഠനും അവസാനത്തേതും പരിപൂർണ്ണവുമായ ശരീഅത്തോടു കൂടിയ നിയമവാഹനുമാകുന്നു.

## പ്രഥമ വിശ്വാസി


നബി തിരുമേനി(സ) തന്റെ ദൗത്യപ്രബോധനം ആരംഭിച്ച വേളയിൽ ഒരു നിമിഷം പോലും ശങ്കിച്ചു നിൽക്കാതെ അദ്ദേഹത്തിൽ വിശ്വസിച്ച ആദ്യ വ്യക്തി തന്റെ പ്രിയ പത്നിയായ ഖദീജ (റ) ആയിരുന്നു. പുരുഷന്മാരിൽ ആദ്യകാല വിശ്വാസികളെ സംബന്ധിച്ച് ചരിത്രകാരന്മാരിൽ അഭിപ്രായവ്യത്യാസം ഉണ്ട്. ചിലർ ഹ:അബൂബക്കർ അബ്ദുല്ലാഹിബ്നു അബീഖുഹാഫയാണ് പുരുഷന്മാരിൽ ആദ്യം ഇസ്‌ലാം മതം സ്വീകരിച്ചെന്ന് പറയുമ്പോൾ മറ്റ് ചിലർ അലി(റ) ആണെന്ന് പറയുന്നു. നബി(സ) യുടെ വളർത്തുപുത്രനായ സൈദ് ബിനു ഹാരിസാണെന്ന് പറയുന്നവരും ഉണ്ട്. എന്നാൽ ഈ തർക്കം നിരർഥകമാണ്. ഹ: അലി(റ) യും ഹ:സൈദ് ബിനു ഹാരിസ്(റ) യും നബി(സ)യുടെ തന്നെ വീട്ടുകാരിൽപ്പെട്ടവരും സ്വന്തം മക്കളെ പോലെ കൂടെ കഴിഞ്ഞവരുമാണ് അതിനാൽ അവർക്ക് വിശ്വസിക്കാൻ തിരുനബിയുടെ കൽപന മാത്രം മതിയായിരുന്നു. അവരുടെ ഏറ്റുപറച്ചിലിന്റെ ആവശ്യം പോലുമില്ലായിരുന്നു. അതിനാൽ അവരുടെ പേരുകൾ ഇതിനിടയിലേക്ക് വലിച്ചിഴക്കേണ്ടതില്ല. ശേഷിച്ചയാൾ ഹ:അബൂബക്കർ സർവ്വാംഗീകൃതനായ ആദ്യത്തെ വിശ്വാസിയായിരുന്നു. നബി(സ) യുടെ ദർബാറിലെ കവിയായിരുന്ന ഹ: ഹസൻ ബിനു സാബിത് അൻസാരി (റ) ഹ: അബൂബക്കറിനെ കുറിച്ച് പറയുന്നത് “നിങ്ങളുടെ ഏതെങ്കിലും സഹോദരനെ കുറിച്ച് ആർദ്രവികാരങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഉടലെടുക്കുമ്പോൾ ആ സമയത്ത് നിങ്ങൾ ഹ: അബൂബക്കർ(റ)നെയും സ്മരിക്കുക എന്നെന്നും സ്മരിച്ച് കൊണ്ടിരിക്കേണ്ട സ്വഭാവഗുണങ്ങളോട് കൂടിയ വ്യക്തിയാണദ്ദേഹം. തിരുമേനിക്ക് ശേഷം ഏറ്റവും ഭയഭക്തിയോടും നീതിനിഷ്ടയോടും കൂടെ അദ്ദേഹം തന്നിലർപ്പിതമായ എല്ലാ ഉത്തരവാദിത്വങ്ങളും നിറവേറ്റി. തിരുനബിയോടോപ്പം ഉണ്ടായിരുന്ന കാലത്ത് തിരുമേനിയോടുള്ള അനുസരണത്തിൽ സ്വയം ആഹുതി ചെയ്ത അതേ അബൂബക്കറിനെ കുറിച്ച് തന്നെയാണ് ഞാൻ പറഞ്ഞത്. ഏറ്റെടുത്ത കാര്യം അതിമനോഹരമായി ചെയ്യുന്ന വ്യക്തിയാണ് പ്രവാചകനിൽ ആദ്യമായി വിശ്വസിച്ചത്.

ഖുറൈശികളിൽ കഴിവും കുലീനതയും കാരണം ബഹുമാന്യനായിരുന്നു ഹ: അബൂബക്കർ. മറ്റ് സഹാബാക്കൾക്കൊന്നും ലഭിച്ചിട്ടില്ലാത്ത മഹൽ സ്ഥാനം അബൂബക്കർ (റ) അലങ്കരിക്കുകയുണ്ടായി. ഒരു നിമിഷത്തേക്ക് പോലും നബി (സ) തിരുമേനിയുടെ വാദത്തെ ഹ:അബൂബക്കർ സംശയിച്ചില്ല. മറിച്ച് കേട്ടപാടെ അദ്ദേഹത്തിൽ വിശ്വസിക്കുകയായിരുന്നു. തന്റെ ജീവനും സ്വത്തുമെല്ലാം മതസേവനത്തിനായി സമർപ്പിച്ചു. നബി(സ) തിരുമേനിക്ക് തന്റെ അനുചരന്മാരിൽ ഏറ്റവും പ്രിയപ്പെട്ട ആളായിരുന്നു അദ്ദേഹം. തിരുമേനിയുടെ വഫാത്തിന് ശേഷം അദ്ദേഹം ആദ്യത്തെ ഖലീഫയായി. അദ്ദേഹത്തിന്റെ ഖിലാഫത്ത് അദ്ദേഹത്തിന്റെ ശ്രേഷ്ഠതക്ക് മതിയായ തെളിവാണ്.

യൂറോപ്പിലെ പ്രശസ്ത ഓറിയന്റോളജിസ്റ്റ് സ്പ്രിഗ്സ്റ്റർ ഹ:അബൂബക്കറിനെ കുറിച്ച് എഴുതുന്നു. ഇസ്‌ലാമിന്റെ ആരംഭദശയിൽ ഹ:അബൂബക്കറിന്റെ ഇസ്‌ലാം മതാശ്ലേഷണം മുഹമ്മദ്(സ) വഞ്ചിക്കപ്പെടുന്നവനാണെങ്കിലും ഒരിക്കലും ആരെയും വഞ്ചിക്കുന്നവനല്ലെന്നതിന് ഏറ്റവും നല്ല തെളിവാണ്. താൻ ദൈവദൂതനാണെന്ന് അദ്ദേഹം ആത്മാർത്ഥമായും വിശ്വസിച്ച് പോന്നു. സ്പ്രിംഗറിന്റെ ഈ വാദത്തോട് വില്യം മൂയിറും യോജിക്കുന്നു.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)



# റബ്ബി അഅ്നി നഫ്സി തഖ്വാഹ

നിങ്ങൾ അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹം ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ഹൃദയങ്ങളെ തഖ്വ കൊണ്ട് നിറക്കുക. ജനങ്ങളുടെ ദൃഷ്ടിയിൽ നിങ്ങൾ തഖ്വ ഉള്ളവരാണോ അല്ലയോ എന്ന കാര്യം വിട്ട് കളയുക. എന്നാൽ അല്ലാഹുവിന്റെ സന്നിധിയിൽ തീർച്ചയായും നിങ്ങൾ തഖ്വയുള്ളവരായിരിക്കുമെന്ന് ഈ ഹദീസിന്റെ വെളിച്ചത്തിൽ ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) യുടെ ദൃഷ്ടിയിൽ നിങ്ങൾ തഖ്വയുള്ളവരായിരിക്കും. നാം തഖ്വയുള്ളവരായി മാറുകയാണെങ്കിൽ ഹദ്റത് മുഹമ്മദ് റസൂൽ (സ) യുടെ കാലത്തുണ്ടായിരുന്ന മുത്തഖ്വിങ്ങളിൽ പതിഞ്ഞ സ്നേഹദൃഷ്ടികൾ നമ്മിലും പതിയുന്നതാണ്. ഈ അർത്ഥത്തിൽ റസൂൽ (സ) തിരുമേനി ജീവനുള്ള പ്രവാചകനാണ്. ഹദ്റത് മസീഹ് മൗഊദ് (അ) പല സ്ഥലങ്ങളിലും ഇതിനെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സന്നിധിയിൽ അദ്ദേഹത്തിന്റെ ദൃഷ്ടികൾ അനുഗ്രഹം കരസ്ഥമാക്കിയിട്ടുള്ളവരാണ്. ആ അനുഗ്രഹം ഇന്നും ഉമ്മത്തിനുമേൽ പതിഞ്ഞുകൊണ്ടിരിക്കുന്നു എന്നത് തന്നെ അദ്ദേഹം ജീവിച്ചിരിക്കുന്നു എന്നതിനുള്ള തെളിവാണ്. ഉമ്മത്തിന്റെ അവസ്ഥ ഈ രീതിയിലാണ് എന്ന് പരലോകത്തും അല്ലാഹു അദ്ദേഹത്തെ അറിയിച്ച് കൊണ്ടിരിക്കുന്നു. ഹദ്റത് മുഹമ്മദ് (സ) യുടെ ആത്മാവിന് സമാധാനം ലഭിക്കുന്നതിന് വേണ്ടി ഈ ലോകത്തെ കാര്യങ്ങൾ പരലോകത്തു അല്ലാഹു അറിയിച്ചു കൊടുക്കുന്നു എന്ന കാര്യം എല്ലാ ഉലമാക്കൾക്കും അറിയാവുന്നതാണ്. ഇതിന്റെ വിശദീകരണത്തിലേക്ക് പോകേണ്ട ആവശ്യമില്ല. ഈ അർത്ഥത്തിൽ അല്ലാഹുവിന്റെ ദൃഷ്ടികൾ നമ്മിൽ പതിഞ്ഞ് കൊണ്ടിരിക്കുന്നു............

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. ഹദ്റത് റസൂൽ തിരുമേനി(സ) ഒരിക്കൽ അദ്ദേഹത്തെ സംബോധന ചെയ്ത് കൊണ്ട് പറഞ്ഞു. അബൂ ഹുറയ്റ ! ദോഷങ്ങളിൽ നിന്ന് വിട്ടു നിൽക്കുകയും തഖ്വ കൈ കൊള്ളുകയും ചെയ്താൽ നീ ഏറ്റവും വലിയ ആരാധകനായി മാറുന്നതാണ്. ഉള്ളതിൽ തൃപ്തിപ്പെടുക. നീ ഏറ്റവും അധികം നന്ദിയുള്ളവനായി തീരുന്നതാണ്. നിനക്കായ് ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്ക് വേണ്ടിയും ഇഷ്ടപ്പെടുക. നീ യഥാർത്ഥ വിശ്വാസിയായി മാറുന്നതാണ്. അയൽക്കാരനോട് നല്ല രീതിയിൽ പെരുമാറുക. നീ സത്യസന്ധനായ യഥാർത്ഥ മുസ്ലിമെന്ന് പറയപ്പെടുന്നതാണ്. കുറച്ച് മാത്രം ചിരിക്കുക അധികമായി പൊട്ടിച്ചിരിക്കാതിരിക്കുക. അതു മുഖേന ഹൃദയം കഠിനമാകുന്നതാണ്. (സുനൻ ഇബ്നുമാജ്ജ കിതാബുസ്സുഹദ്)

................ ഈ ഉപദേശങ്ങൾ നിങ്ങളുടെ രക്തത്തിൽ അലിഞ്ഞുചേരുകയാണെങ്കിൽ നമ്മുടെ സമൂഹം എല്ലാ വിധ തിന്മകളിൽ നിന്നും സുരക്ഷിതമാവുന്നതാണ്. ഓരോ വീടും സമാധാനത്തിന്റെ തൊട്ടിലുകളായി മാറുന്നതാണ്, ഓരോ അയൽവാസിക്കും അഹ്മദി അയൽവാസിയിൽ നിന്ന് സമാധാനം ലഭിക്കുന്നതാണ് ഓരോ അമുസ്ലിമിനും അഹ്മദി അയൽവാസിയിൽ നിന്ന് സമാധാനം ലഭിക്കുന്നതാണ്.

മുസ്നദ് അഹ്മദ് ബിൻ ഹമ്പിലിൽ മറ്റൊരു ഹദീസുണ്ട്. ഹദ്റത് അബൂദർ ഗഫാരി (റ) നിവേദനം ചെയ്യുന്നു. റസൂൽ തിരുമേനി (സ) എന്നോട് ഇപ്രകാരം പറയുകയുണ്ടായി......... അല്ലയോ അബൂദർ, അല്ലാഹുവിന്റെ തഖ്വ കരസ്ഥമാക്കാൻ ഞാൻ നിന്നോട് വസിയ്യത്ത് ചെയ്യുകയാണ്. മറഞ്ഞിരിക്കുന്നതും വെളിപ്പെടുന്നതുമായ കാര്യങ്ങളിൽ അല്ലാഹുവിനെ ഭയപ്പെടുക. ഓരോ വ്യക്തിയും തന്റെ മറഞ്ഞിരിക്കുന്ന കാര്യങ്ങളെ കുറിച്ച് ഒരു പരിധി വരെ അറിവുള്ളവരായിരിക്കും. (മുസ്നദ് അഹ്മദ്ബിൻ ഹമ്പൽ)

ഇത് ഗഹനമേറിയ ഒരു ഉപദേശമാണ്. ഇതിലേക്ക് ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. എല്ലാ അനക്കമടക്കങ്ങളിലും തങ്ങളുടെ അന്തരംഗങ്ങളിൽ മറഞ്ഞിരിക്കുന്നത് എന്താണെന്ന് ചിന്തിക്കുക. അഥവാ അന്തരംഗങ്ങളിൽ തഖ്വ മാത്രമാണെങ്കിൽ അങ്ങിനെയുള്ളവൻ വിജയിച്ചു. അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹദൃഷ്ടികൾ അവനിൽ പതിയുന്നതാണ്. അത് കൊണ്ട് മറഞ്ഞിരിക്കുന്നതും വെളിപ്പെടുന്നതുമായ കാര്യങ്ങളിൽ തഖ്വ കൈകൊള്ളുക.

മറ്റൊരു നിവേദനത്തിൽ ഹദ്റത് ആയിശാ (റ) നിവേദനം ചെയ്യുന്നു. ഒരു ദിവസം രാത്രി ഞാൻ കൈകൊണ്ട് വിരിപ്പിൽ പരതിയപ്പോൾ റസൂൽ തിരുമേനി(സ)യെ കാണാൻ സാധിച്ചില്ല. എഴുന്നേറ്റ് എവിടെയെങ്കിലും പോയതായിരിക്കും എന്ന് അവർ കരുതി. റസൂൽ(സ)ക്ക് തന്നേക്കാൾ പ്രിയം അല്ലാഹുവിനോടാണെന്ന് ആയിശാ(റ)ക്ക് അറിയാമായിരുന്നു. പലപ്പോഴും രാത്രിയിൽ റസൂൽ തിരുമേനി വിരി ഉപേക്ഷിച്ച് അല്ലാഹുവിന്റെ സന്നിധിയിൽ വിലപിക്കുന്നതായി അവർ കാണാറുണ്ടായിരുന്നു. കട്ടിലിന്റെ ഓരത്ത് താഴ്ഭാഗത്ത് തപ്പി നോക്കിയപ്പോൾ റസൂൽ(സ) കരഞ്ഞ് വിലപിച്ച് കൊണ്ട് അല്ലാഹുവിനോട് തഖ്വ ചോദി ക്കുന്നതായി കാണാൻ സാധിച്ചു.................

തഖ്വയുടെ ഉറവിടമായ പ്രവാചകൻ, മുഴുലോകത്തിനും എന്നെന്നേക്കുമായി തഖ്വയുടെ അദ്ധ്യാപനങ്ങൾ നൽകിയ, തഖ്വ കരസ്ഥമാക്കേണ്ട രീതി പഠിപ്പിച്ച പ്രവാചകൻ തഖ്വക്കായി കേണപേക്ഷിക്കുകയാണ്. കാരണം അല്ലാഹുവിന്റെ സന്നിധിയിൽ തന്റെ തഖ്വ ഒന്നുമല്ല എന്നദ്ദേഹം മനസ്സിലാക്കിയിരുന്നു. ഏതു വരെ അല്ലാഹുവിന്റെ സന്നിധിയിൽ മുത്തഖി എന്ന് എഴുതപ്പെടുന്നില്ലയോ അത് വരെ താൻ യഥാർത്ഥ മുത്തഖ്വിയാവില്ലെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. താൻ അല്ലാഹുവിന്റെ സന്നിധിയിൽ മുത്തഖിയാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. എന്നാൽ തഖ്വ കരസ്ഥമാക്കാനുള്ള തൃഷ്ണ എത്രത്തോളമെന്നാൽ കരഞ്ഞ് വിലപിച്ച് കൊണ്ട് അല്ലാഹുവിനോട് തഖ്വക്കായി കേണപേക്ഷിക്കുകയായിരുന്നു.

ഈ ഹദീസിൽ ആകർഷണീയമായ മറ്റൊരു കാര്യം കൂടിയുണ്ട്. അർദ്ധരാത്രി കിടക്ക ഉപേക്ഷിച്ച് അല്ലാഹുവിനോട് ദുആ ഇരക്കുകയാണ് എന്നാൽ തന്റെ ഭാര്യയുടെ ഉറക്കം തടസ്സപ്പെടാതിരിക്കാനായി വളരെ പതിഞ്ഞ സ്വരത്തിലാണ് ദുആ ചെയ്ത് കൊണ്ടിരുന്നത്. ശബ്ദമുണ്ടായിരുന്നെങ്കിൽ ഹ: ആയിശ(റ)ക്ക് പരതിനോക്കേണ്ടി വരുമായിരുന്നില്ല. തനിക്ക് വേണ്ടി നന്മ ആവശ്യപ്പെടുമ്പോഴും മറ്റൊരാളുടെ വിശ്രമത്തിന് തടസ്സമാവാതിരിക്കാൻ റസൂൽ തിരുമേനി ശ്രദ്ധിച്ചിരുന്നു. റസൂൽ തിരുമേനി (സ) ഈ രീതിയും വളരെ മനോഹരമായിരുന്നു. ഇതും തഖ്വയുടെ ഭാഗമാണ്. ചുരുക്കത്തിൽ ഇത് വളരെ മഹത്തായ ഹദീസാണ്. റസൂൽ(സ) യുടെ സംസാരവും പ്രവൃത്തിയുമെല്ലാം തന്നെ അല്ലാഹുവേ നീ എന്റെ ഹൃദയത്തിന് തഖ്വ പ്രദാനം ചെയ്യേണമേ എന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് ഈ ഹദീസ് വ്യക്തമാക്കിത്തരുന്നു..............

മറ്റൊരു ഹദീസ് സുനൻ ഇബ്നുമാജ യിൽ നിന്ന് എടുത്തതാണ്. അബ്ദുല്ലാഹിബ്നു അമർ (റ) നിവേദനം ചെയ്യുന്നു. ജനങ്ങളിൽ ഏറ്റവും ഉത്തമനാരാണെന്ന് റസൂൽ തിരുമേനിയോട് ചോദിക്കപ്പെട്ടു. മഹ്മൂമുൽ ഖൽബും സുദ്ദൂഖു ല്ലിസാനും ആയിട്ടുള്ളവർ. സഹാബത്ത് ചോദിച്ചു, അല്ലയോ അല്ലാഹുവിന്റെ റസൂലേ സുദ്ദൂഖുൽ ലിസാൻ അതായത് ഏറ്റവും അധികം സത്യസന്ധമായി സംസാരിക്കുന്നവൻ ആരാണെന്ന് ഞങ്ങൾക്കറിയാം അതായത് റസൂൽ (സ) തിരുമേനി ! സുദ്ദൂഖുൽ ലിസാൻ ആരാണെന്ന് ഞങ്ങൾക്ക് മനസ്സിലായി എന്നാൽ മഹ്മൂമുൽ ഖൽബ് എന്നത് കൊണ്ട് അർത്ഥമാകുന്നത് എന്താണ് ? പറഞ്ഞു. തിന്മയും, അഹങ്കാരവും, അസൂയയും, പകയും ഇല്ലാത്ത പരിശുദ്ധനായ മുത്തഖിയെയാണ് മഹ്മൂമുൽ ഖൽബ് എന്ന് പറയുന്നത്. യാതൊരു വിധത്തിലുള്ള തിന്മയും, അഹങ്കാരവും, പകയും,അസൂയയും ഇല്ലാത്ത് മുത്തഖി. (സുനൻ ഇബ്നുമാജ)

നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ ഇത്തരത്തിൽ പരിശുദ്ധമായികാണിക്കുകയാണെങ്കിൽ നിങ്ങളുടെ ഹൃദയം എല്ലാവിധ അസൂയയിൽ നിന്നും, അത്യാഗ്രഹത്തിൽ നിന്നും പരിശുദ്ധമാണെങ്കിൽ നിങ്ങളും മഹ്മൂമുൽ ഖൽബാണ്. തഖ്വയെ കുറിച്ചുള്ള റസൂൽ (സ) യുടെ വിശദീകരണത്തെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്.

*(ഖുത്ബാത്തെ താഹിർ പേജ് 299.....302)*

*വിവ : മുബശ്ശിർ അഹ്മദ്, തിരുവിഴാം കുന്ന്.*

# യുവാക്കളുടെ ജമാഅത്ത്

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**



പ്രാരംഭകാലത്ത് റസൂൽ തിരുമേനിയെ വിശ്വസിച്ചത് യുവാക്കളുടെ സംഘമായിരുന്നു. ആദ്യകാലങ്ങളിൽ പ്രവാചകന്മാരെ വിശ്വസിക്കുന്നവരിൽ അധികവും യുവാക്കളായിരിക്കും. കാരണം വൃദ്ധരായ ആളുകൾ ജമാഅത്തിൽ പ്രവേശിക്കുകയും കുറച്ച് കാലം സേവനം ചെയ്ത് വഫാത്താവുകയും അങ്ങനെ ജമാഅത്തിന്റെ അദ്ധ്യാപനങ്ങൾ വരും തലമുറകളിലേക്ക് എത്തിക്കാൻ ആളില്ലാത്ത അവസ്ഥ സംജാതമാവുക ചെയ്യുന്നത് അല്ലാഹു ആഗ്രഹിക്കുന്നില്ല. അത്കൊണ്ട് തന്നെ അവൻ വൃദ്ധരേക്കാൾ കൂടുതലായി യുവാക്കളെ തന്റെ ജമാഅത്തിൽ പ്രവേശിപ്പിക്കുന്നു. യുവാക്കളുടെ ജമാഅത്തിന് നബിയുടെ തർബിയത്തിന് കീഴിൽ ശിക്ഷണം നൽകുന്നു. അങ്ങനെ അവർ മുഖേന നബിമാരുടെ വഫാത്തിന് ശേഷം ഒരു ദീർഘകാലം നബിമാർ കൊണ്ട് വന്ന പ്രകാശത്തെ ലോകത്ത് വ്യാപിപ്പിക്കുകയും അവരുടെ അദ്ധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുകയും ചെയ്യുന്നു. റസൂൽ തിരുമേനി (സ) ആഗതനായപ്പോൾ അദ്ദേഹത്തിന്റെ ആത്മാർത്ഥ സഹാബാക്കളിൽ ഏകദേശം എല്ലാവരും തിരുനബിയേക്കാൾ പ്രായം കുറഞ്ഞവരായിരുന്നു. ഹദ്റത് അബൂബക്കർ (റ) ന് റസൂൽ തിരുമേനിയേക്കാൾ രണ്ടര വയസ്സ് കുറവായിരുന്നു. ഹദ്റത് ഉമർ(റ) ന് എട്ടര വയസ്സും, ഹദ്റത് അലി(റ) ന് 29 വയസ്സും കുറവായിരുന്നു. ഹദ്റത് ഉസ്മാൻ(റ), ഹദ്റത് തൽഹ (റ), ഹദ്റത് സുബൈർ (റ) എന്നിവർക്ക് 20 മുതൽ 25 വയസ്സ് വരെ കുറവായിരുന്നു. ഈ യുവാക്കളാണ് ആദ്യകാലത്ത് റസൂൽ തിരുമേനിയിൽ വിശ്വസിച്ചത്. യുവത്വത്തിൽ ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ ഒരു ദീർഘകാലം റസൂൽ തിരുമേനി (സ) യുടെ ശിക്ഷണത്തിൽ കഴിയാനും പ്രായം കുറവായിരുന്ന കാരണത്താൽ റസൂൽ തിരുമേനിയുടെ വഫാത്തിന് ശേഷവും ദീർഘകാലം മുസ്‌ലീംകൾക്ക് സേവനം ചെയ്യാനും അവർക്ക് സാധിച്ചു. റസൂൽ തിരുമേനി (സ) നുബുവത്ത് വാദത്തിന് ശേഷം 23 വർഷത്തോളം ജീവിച്ചു. 60 വയസ്സുള്ള വൃദ്ധന്മാർ മാത്രമാണ് റസൂൽ തിരുമേനി(സ) യെ വിശ്വസിച്ചിരുന്നതെങ്കിൽ അവരിൽ അധികപേരും മക്കയിൽ തന്നെ വഫാത്താകുമായിരുന്നു. മദീനക്കാർക്കായി പുതിയ ട്രൈനിങ്ങ് തുടങ്ങേണ്ടി വരുമായിരുന്നു. എന്തുകൊണ്ടെന്നാൽ റസൂൽ തിരുമേനി(സ) മദീനയിൽ എത്തിയപ്പോഴേക്കും ആദ്യം കൂടെ ഉണ്ടായിരുന്നവരിൽ ആരും തന്നെ ഇല്ലാത്ത കാരണത്താൽ ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ മനസ്സിലാക്കുകയും തന്റെ മാതൃക പിൻപറ്റാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന പുതിയൊരു ജമാഅത്തിനെ റസൂൽ തിരുമേനി(സ)ക്ക് വാർത്തെടുക്കേണ്ടി വരുകയും അങ്ങനെ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ അങ്ങനെ സംഭവിക്കാൻ അല്ലാഹു അനുവദിച്ചില്ല. റസൂൽ തിരുമേനി(സ) മക്കയിൽ നിന്ന് മദീനയിൽ എത്തിയപ്പോൾ പുതിയൊരു ജമാഅത്തിന് ട്രൈനിങ്ങ് നൽകേണ്ട ആവശ്യം വന്നില്ല. കാരണം മക്കയിൽ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്ന യുവാക്കൾ എല്ലാം തന്നെ സൈന്യങ്ങളെ നയിക്കാൻ കഴിവുള്ള പടനായകന്മാരായി മാറിക്കഴിഞ്ഞിരുന്നു..........മദീനയിൽ എത്തിയതിന് ശേഷം പ്രവർത്തനമൈതാനം വിശാലമായപ്പോൾ റസൂൽ തിരുമേനി (സ) ക്ക് പുതിയൊരു ജമാഅത്ത് തയ്യാറാക്കേണ്ട ആവശ്യം വന്നില്ല. കാരണം മക്കയിൽ നിന്ന് ശിക്ഷണം കരസ്ഥമാക്കിയ യുവാക്കളിൽ നിന്ന് ഒരുപാട് ഉസ്താദുമാരെ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. പിന്നീട് അവർക്ക് 10 വർഷം മദീനയിലും റസൂൽ തിരുമേനിയുടെ ശിക്ഷണത്തിൽ കഴിയാൻ അവസരം ലഭിച്ചു. പ്രാരംഭകാലത്ത് ഇസ്‌ലാമിനെ ശക്തിപ്പെടുത്തിയതും യുവാക്കളായിരുന്നു ..... ........ യുവാക്കളുടെ ഈ ജമാഅത്തിന് 23 വർഷകാലം റസൂൽ തിരുമേനി (സ) യോടൊപ്പം പ്രവർത്തിക്കാനും, അദ്ദേഹത്തിന്റെ വഫാത്തിന് ശേഷവും 20,23 വർഷത്തോളം ഇസ്‌ലാമിന് സേവനം ചെയ്യാനുള്ള അവസരവും ലഭിച്ചു. ........... .................. റസൂൽ തിരുമേനിയുടെ വഫാത്തിന് ശേഷം 50 വർഷം വരെ ജീവിച്ചിരുന്ന സഹാബാക്കളും ഉണ്ടായിരുന്നു. അംഗസംഖ്യ വളരെ കുറവാണെങ്കിലും റസൂൽ (സ) ക്ക് ശേഷം 70,80 വർഷത്തോളം ജീവിച്ചിരുന്ന സഹാബാക്കളും ഉണ്ടായിരുന്നു. അല്ലാഹു യുവാക്കളുടെ ഹൃദയങ്ങൾക്ക് ഹിദായത്ത് നൽകിയതിന്റെ ഫല മായി അവർ റസൂൽ തിരുമേനിയിൽ നിന്ന് ശിക്ഷണം കരസ്ഥമാക്കികൊണ്ട് റസൂൽ (സ) തിരുമേനിക്ക് ശേഷവും ദീർഘകാലം ഇസ്‌ലാമിന് വേണ്ടി സേവനം ചെയ്ത് കൊണ്ടിരുന്നു. .......... ചുരുക്കത്തിൽ യുവാക്കൾ മുഖേന തന്നെയാണ് ഈ ജമാഅത്തിന് കാലദൈർഘ്യം ഉണ്ടായത്. 70,80 വയസ്സുള്ള വൃദ്ധരാണ് റസൂൽ തിരുമേനിയെ വിശ്വസിച്ചിരുന്നെങ്കിൽ അവർക്ക് എങ്ങനെ പ്രവർത്തിക്കാൻ സാധിക്കുമായിരുന്നു ? അവർക്ക് അവരുടെ അവസ്ഥ നന്നാക്കേണ്ടി വരുമായിരുന്നു. ഇനി അഥവാ അവരുടെ അവസ്ഥ മോശമല്ലായിരുന്നെങ്കിൽ തന്നെ അവരിൽ അധികപേരും റസൂൽതിരുമേനി (സ) യുടെ കാലത്ത് തന്നെ വഫാത്താകുമായിരുന്നു. ഇനി അഥവാ ആരെങ്കിലും ജീവി ച്ചിരുന്നാൽ തന്നെ 6,7 വർഷം കൊണ്ട് അവർക്കും വഫാത്ത് സംഭവിക്കുമായിരുന്നു. അപ്പോൾ ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ കുറിച്ച് ശരിയായ ജ്ഞാനമുള്ള ആരും തന്നെ അവശേഷിക്കുമായിരുന്നില്ല. ചുരുക്കത്തിൽ ആദ്യകാലത്ത് യുവാക്കളെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചത് തന്നെ അല്ലാഹുവിന്റെ വലിയ റഹ്മത്തായിരുന്നു. ഈ തന്ത്രം മുഖേന തന്നെയാണ് അല്ലാഹു ശത്രുക്കളെ നേരിട്ടത്. റസൂൽ തിരുമേനി(സ) യുടെ ശിക്ഷണ ത്തിൽ നിന്ന് അറിവ് കരസ്ഥമാക്കിയ യുവാക്കളെ അല്ലാഹു തയ്യാറാക്കി. എത്രത്തോള മെന്നാൽ ഹദ്റത് അലി (റ) വിനെ പോലെയുള്ളവർ തങ്ങളുടെ കുട്ടിക്കാലം റസൂൽ തിരുമേനിയുടെ സംരക്ഷണത്തിലാണ് കഴിച്ച് കൂട്ടിയത്. അദ്ദേഹം 11 ാ മത്തെ വയ സ്സിൽ റസൂൽ തിരുമേനിയോടൊപ്പം ചേർന്നു. ഇപ്രകാരം റസൂൽ തിരുമേനി (സ) യുടെ വഫാത്തിന് ശേഷവും അദ്ദേഹത്തിൽ നിന്ന് ശിക്ഷണം കരസ്ഥമാക്കിയ ഒരു ജമാഅത്ത് (സംഘം) ലോകത്ത് നിലനിന്നു. അവർ തങ്ങളുടെ ജ്ഞാനവും തർബിയത്തും മുഖേന മറ്റൊരു ജമാഅത്തിനെ തയ്യാറാക്കി. അങ്ങനെ ആ സഹാബത്തിന് ശേഷം അവരാൽ തയ്യാറാക്കപ്പെട്ട ജമാഅത്ത് ഇസ്‌ലാമിന്റെ പതാകയെ തങ്ങളുടെ കൈകളാൽ സംരക്ഷിച്ച് കൊണ്ടിരുന്നു.

(മശ്അലെ രാഹ്)

വിവ: സി. മുബശ്ശിർ അഹ്മദ്, പെരിന്തൽമണ്ണ

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് വാർഷിക ഇജ്തിമയിലേക്ക് ഹുസൂർ തിരുമനസ്സ് നൽകിയ സന്ദേശം**

بسم الله الرحمن الرحيم

نَحْمَدُهٗ وَنُصَلِّي عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

خدا کے فضل اور رحم کے ساتھ

ھو النّاصر

6-10-12

ഭാരതത്തിലെ എന്റെ ഖുദ്ദാം അത്ഫാൽ സഹോദരന്മാരെ,

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്

ഭാരതത്തിലെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ വാർഷിക ഇജ്തിമ നടക്കുകയാണെന്ന് എനിക്ക് അറിയാൻ കഴിഞ്ഞിരിക്കുന്നു. അല്ലാഹു ഇതിനെ നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹങ്ങൾക്കും നന്മകൾക്കും ഹേതുവാക്കി തീർക്കുമാറാകട്ടെ. ആമീൻ

ഈ അവസരത്തിൽ നിങ്ങൾക്കുള്ള എന്റെ സന്ദേശം ഇതാണ്, ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതാണെന്നും, അതിന് വേണ്ടി തങ്ങളുടെ ജീവനും സ്വത്തും സമയവും അഭിമാനവും ത്യജിക്കുന്നതാണെന്നും, അഹ്മദിയ്യാ ഖിലാഫത്തിന്റെ ഭദ്രതയ്ക്കും അതിനെ നിലനിർത്തുന്നതിനു വേണ്ടിയുള്ള സർവവിധ ത്യാഗങ്ങൾക്കും സന്നദ്ധരായിരിക്കുമെന്നും, നന്മയിലേക്ക് അഹമഹമികയാ മുന്നേറുന്നതിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന കാലത്തിന്റെ ഖലീഫയുടെ എല്ലാ അവസരോചിത കൽപനകളേയും പ്രാവർത്തികമാക്കാൻ സർവവിധ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്തിട്ടുള്ള ജമാഅത്തിലെ ഒരു വിഭാഗമാണ് ഖുദ്ദാമുൽ അഹ്മദിയ്യ. ഈ പ്രതിജ്ഞയെ നിങ്ങൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. മാർഗദർശനം നൽകികൊണ്ട് നമ്മെ ദൈവപ്രീതി കരസ്ഥമാകുന്ന മാർഗത്തിൽ ചരിപ്പിച്ചിരിക്കുന്നു എന്നത് അല്ലാഹു നമ്മോട് ചെയ്ത വലിയൊരു ഔദാര്യമാണ്. ആ മാർഗം നന്മയിൽ പരസ്പരം മുന്നേറുക എന്നതാണ്. ഇതിലൂടെ ചലിക്കുന്നതു കൊണ്ട് നമ്മുടെ ജമാഅത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിയുടെ വേഗത ആയിരം മടങ്ങ് വർദ്ധിക്കുന്നതായിരിക്കും. ഇന്നേക്ക് 1400 വർഷങ്ങൾക്കു മുമ്പ് സാമൂഹികവും മതപരവുമായ മുന്നേറ്റത്തിന്റെ യുക്തിയെ അമ്പരപ്പിക്കും വിധമുള്ള ഒരു വിപ്ലവം സംജാതമാകുകയുണ്ടായി. തൽഫലമായി ലോകത്തിന്റെ പകുതിയോളം ഏകത്വത്തിന്റെയും ഇസ്ലാമിന്റെയും പതാക പാറിപ്പറക്കുകയുണ്ടായി. ആ വിപ്ലവത്തിൽ പരസ്പരം മുന്നേറുക എന്ന വിദ്യ അനുസരിച്ച് പ്ര വർത്തിച്ച യുവാക്കളും ഭാഗഭാക്കുകളായിരുന്നു. പുരോഗതിയിലേക്കുള്ള കുതിപ്പ് മുതിർന്നവരുടെയും പ്രായം ചെന്നവരുടെയും പ്രവർത്തനമായി മാത്രം അവർ കണ്ടില്ല. മറിച്ച് ആ യുവാക്കൾ ഇസ്ലാമിന്റെ മനോഹര അദ്ധ്യാപനങ്ങളെ സ്വജീവിതത്തിൽ പകർത്തിക്കാണിച്ച് കൊണ്ട് അതിന്റെ ഉന്നതപദവികൾ കരസ്ഥമാക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. അവർ നന്മയിൽ മുന്നേറിക്കൊണ്ട് സുദൃഢമായ ഉരുക്കു മതിലുകൾ പോലെ നിലയുറപ്പിച്ചു.

അതിനാൽ മുഹമ്മദീ മസീഹിന്റെ യവാക്കളെ! ഇന്ന് ഇസ്ലാമിന്റെ വിജയം അഹ്മദിയ്യാ ജമാഅത്തിന്റെ കരങ്ങൾ മുഖേനയായിരിക്കുമെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. ഈ വിജയത്തെ സമീപസ്ഥമാക്കുന്നതിന്നായി യുവതലമുറക്ക് ആദ്യകാല യുവസഹാബാക്കളുടെതു പോലുള്ള പ്രവർത്തനങ്ങൾ കാഴ്ച വെക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ പവിത്രമായ ഒരു വിപ്ലവം സംജാതമാക്കേണ്ടതായി വരും. നിങ്ങളുടെ അന്തരംഗത്ത് സംശുദ്ധമായ ഒരു മാറ്റം വരുത്തേണ്ടതായി വരും. അമാനത്ത്, വിശ്വസ്ഥത, പ്രതിജ്ഞാപാലനം, സൽസ്വഭാവം, സത്യസന്ധത, ധീരത, അദ്ധ്വാനശീലം, സൽപെരുമാറ്റം പോലുള്ള നന്മകളെ സ്വജീവിതത്തിൽ സ്വായത്തമാക്കേണ്ടിയിരിക്കുന്നു. ആരാധനാനുഷ്ഠാനങ്ങൾ ജീവിതശൈലിയാക്കി മാറ്റേണ്ടിയിരിക്കുന്നു. കാരണം നമ്മുടെ പ്രാർത്ഥനയും ഉന്നത ധാർമിക ഗുണവുമാണ് ഇന്ന് നമ്മുടെ തെളിവുകളും ആയുധവും.

ഖാദിയാൻ എന്ന പവിത്ര മണ്ണിലാണ് ഇക്കാലത്തിന്റെ ഇമാമിനെ അല്ലാഹു നിയോഗിച്ചയച്ചത്. ഈ പരിശുദ്ധ മണ്ണിലെ, ഈ പരിശുദ്ധ ദേശത്തെ നിവാസികളാണ് നിങ്ങളെന്നുള്ളത് നിങ്ങളുടെ സൗഭാഗ്യമാണ്. എന്നാൽ ഈ സൗഭാഗ്യം നിങ്ങളുടെ ഉത്തരവാദിത്വങ്ങളെയും വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഇസ്ലാമിന്റെ പുനർജനനത്തിനായും, മുഴുലോകത്തും ശാന്തിയുടെയും സമാധാനത്തിന്റെയും മനോഹരമായ ഇസ്ലാമികസന്ദേശത്തെ പരത്തുന്നതിനുമായും വാളുകൊണ്ടുള്ള ജിഹാദിലേക്കല്ല കാലത്തിന്റെ ഇമാം നമ്മെ ക്ഷണിച്ചത്, മറിച്ച് നമ്മിൽ സംശുദ്ധമായ മാറ്റം വരുത്തുന്നതും നമ്മുടെ ജീവിതത്തിൽ പവിത്രമായ വിപ്ലവം സംജാതമാക്കുന്നതുമായ ജിഹാദിലേക്കാണ് ക്ഷണിച്ചത്. അതിനാൽ സ്വന്തം അവസ്ഥയിൽ പവിത്രമായ മാറ്റം വരുത്തിക്കൊണ്ട് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ ദീനിന്റെ സംരക്ഷകരായി മാറുക. തിരുനബി(സ) യുടെ പവിത്രവും പരിശുദ്ധവുമായ ജീവിതം പഠിക്കുക. എന്നിട്ട് തങ്ങളുടെ ജീവിതത്തെ എപ്പോഴും അതനുസരിച്ച് ക്രമപ്പെടുത്താൻ പരിശ്രമിച്ചു കൊണ്ടിരിക്കുക. അങ്ങിനെ നിങ്ങൾ ഇസ്ലാം അഹ്മദിയ്യത്തിന്റെ ജീവസ്സുറ്റ മാതൃകകളായി മാറട്ടെ. ലോകത്ത് ഇപ്പോൾ ഇസ്ലാമിനെതിരിൽ ഒരു ഭാഗത്ത് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിൽ മറുഭാഗത്ത് ലോകത്തിലെ ഒരു വിഭാഗം ആളുകൾ ഇസ്ലാം എന്താണെന്ന് മനസ്സിലാക്കാൻ ആഗ്രഹിക്കുന്നുമുണ്ട്. ലോകത്ത് സമാധാനം നിലനിൽക്കാനായി ഇന്ന് ഇസ്ലാമിനെ ലോകം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ലോകത്തിന്റെ വിധിനിർണ്ണയം ഇന്ന് അഹ്മദിയ്യാ ഖിലാഫത്തും അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുകയാണെന്നോർക്കണം. തൽഫലമായി നിങ്ങൾ ലോകത്തിന്റെ പ്രതീക്ഷാകേന്ദ്രമായി മാറുന്നതാണ്. അതിനാൽ നിങ്ങളുടെ ഈ മഹത്തായ സ്ഥാനം തിരിച്ചറിയുക. വിനയത്തോടും, താഴ്മയോടും, നന്മയിൽ പരസ്പരം മൽസരിച്ച് മുന്നേറിക്കൊണ്ടും, മതപരവും ഭൗതീകവുമായ വിജ്ഞാനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ കരസ്ഥമാക്കി കൊണ്ടും ഈ സൗഭാഗ്യത്തിൽ അഭിമാനിക്കുക. അല്ലാഹു നിങ്ങൾക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ

അതിനാൽ നിങ്ങളുടെ അറിവിലും വിജ്ഞാനത്തിലും വർദ്ധനവ് വരുത്തി ക്കൊണ്ട്, നിങ്ങളിൽ പവിത്രമായ വിപ്ലവം വരുത്തി, ഒരു നവ പ്രതിജ്ഞ എടുത്തുകൊണ്ട് ഇവിടെ നിന്നും മടങ്ങുക. യുവാക്കളായ നിങ്ങളിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുമെന്ന ദൃഢനിശ്ചയത്തോടെ ഇവിടെ നിന്നും പുറപ്പെടുക. ഖാദിയാൻ പവിത്രവും അനുഗ്രഹീതവുമായ ഒരു പ്രദേശമാണ്. ഇവിടെ നിങ്ങൾ താമസിക്കുന്നിടത്തോളം കാലം ഹദ്റത്ത് മസീഹ്(അ)ന്റെ പാദസ്പർശമേറ്റ പവിത്ര വും അനുഗ്രഹീതവുമായ ആ സ്ഥലങ്ങളിൽ കൂടുതൽ സമയവും പ്രാർത്ഥനാനിരതരായി കഴിച്ചു കൂട്ടുക. കാലത്തിന്റെ ഖലീഫയുടെ ഖുത്വുബകളും പ്രഭാഷണങ്ങളും സശ്രദ്ധം കേൾക്കുകയും അവയെ തങ്ങളുടെ ജീവിതത്തിന്റെ മാർഗദീപമാക്കി മാറ്റുകയും ചെയ്യുക. അദ്ദേഹം വിവരിച്ച് തന്നിരിക്കുന്ന പദ്ധതികളും കാഴ്ചപ്പാടുകളുമനുസരിച്ച് തങ്ങളുടെ പ്രവർത്തന രൂപരേഖയുണ്ടാക്കുക. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്തിരിക്കുന്ന പുരോഗതിയുടെ യും വിജയത്തിന്റെയും വാഗ്ദാനം പൂർത്തിയാകുക തന്നെ ചെയ്യുമെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുക. ഇൻശാ അല്ലാഹ്.

അല്ലാഹുവിന്റെ ഇങ്ങിനെയുള്ള വാഗ്ദാനങ്ങളുടെ സുവാർത്ത നൽകിക്കൊണ്ട് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സ്ഥാപകരായ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഒരിടത്ത് പറയുന്നു, നിങ്ങളെ വർദ്ധിപ്പിക്കുമെന്നും നിങ്ങൾക്ക് പുരോഗതി നൽകുമെന്നും നിങ്ങൾ മുഖേന ഇസ്ലാമിന്റെയും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി (സ) യുടെയും നാമം ഉദ്ഘോഷിക്കപ്പെടുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനം ഒരിക്കലും കള്ളമായിരിക്കില്ലെന്നതോർക്കുക. ലോകം ഒന്നായി എതിർത്താലും അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകുക തന്നെ ചെയ്യുന്നതാണ്. അതിനാൽ അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ദൃഢമായി വിശ്വസിക്കുക. ലോകം മുഴുവനും ഇസ്ലാമിന്റെയും തിരുനബി (സ) യുടെയും പതാകയ്ക്കു കീഴിൽ ഒരുമിച്ച് കൂടുന്ന ആ സുദിനം വിദൂരമായി കാണരുത്. എന്നാൽ അതിന് വേണ്ടത് ആത്മാർത്ഥതയാണ്, തഖ്വയാണ്. നിങ്ങളുടെ ഓരോ ചലനവും ഓരോ അനക്കമടക്കവുമെല്ലാം അല്ലാഹുവിന് വേണ്ടിയായിത്തീരുന്ന തരത്തിലുള്ള ആത്മാർത്ഥതയും തഖ്വയും. ഇങ്ങനെയുള്ള ആത്മാർത്ഥതയും തഖ്വയും നിങ്ങൾ സ്വായത്തമാക്കുകയാണെങ്കിൽ നിങ്ങളുടെ നാവ് നിങ്ങളുടേതായിരിക്കില്ല. മറിച്ച് അല്ലാഹുവിന്റെ നാവ് ആയിത്തീരുന്നതാണ്. നിങ്ങളുടെ കൈ അല്ലാഹുവിന്റെ കയ്യായി തീരുന്നതാണ്. നിങ്ങളെ ആരെങ്കിലും അക്രമിക്കുകയാണെങ്കിൽ അല്ലാഹു അതിന് പകരം ചോദിക്കുന്നതാണ്. നിങ്ങൾ ആരിലേക്ക് നോക്കുന്നുവോ നിങ്ങൾക്കു മുമ്പേ അല്ലാഹുവിന്റെ ദൃഷ്ടി അവരിലേക്കെത്തുന്നതാണ്. ചുരുക്കത്തിൽ ഇവിടെ യഥാർത്ഥത്തിൽ വേണ്ടത് നിങ്ങളിൽ ഒരു പവിത്രമായ മാറ്റം വരുത്തുകയാണ്. അതു മുഖേന നിങ്ങളുടെ ഓരോ ചലനവും അല്ലാഹുവിന്റെ ഇംഗിതത്തിലും അനുസരണത്തിലുമായിരിക്കണം. അപ്പോഴാണ് നിങ്ങളുടെ ഓരോ പ്രവർത്തനവും അല്ലാഹുവിന്റെതായിത്തീരുന്നത്. ആ സമയത്ത് താൻ അല്ലാഹുവിന്റെ മടിത്തട്ടിലാണെന്നും അവൻ എപ്പോഴും നിങ്ങളെ സംരക്ഷിച്ച് കൊണ്ടിരിക്കുകയാണെന്നുമുള്ള തോന്നൽ നിങ്ങൾക്കുണ്ടായിത്തീരും. (മശ്അലെ രാഹ് വാള്യം 1, പേജ് 812,813)

അല്ലാഹു നിങ്ങളുടെ സംരക്ഷകനും സഹായിയുമായിത്തീരട്ടെ. ഈ ലോകത്തും നിങ്ങൾ നിങ്ങളുടെ നാമം പ്രഭാപൂരിതമാക്കുന്നവരായിത്തീരട്ടെ. മതരംഗത്തും നിങ്ങൾ നക്ഷത്രങ്ങളായി മാറട്ടെ. കാലത്തിന്റെ ഖലീഫക്ക് കൺകുളിർമ നൽകുന്നവരായി നിങ്ങൾ മാറട്ടെ. ദൈവസവിധത്തിൽ സ്വീകരിക്കപ്പെട്ടവരുടെ ഗണത്തിൽ നിങ്ങൾ ഉൾപ്പെടുകയും ചെയ്യുമാറാകട്ടെ. ആമീൻ

വസ്സലാം

വിനീതൻ

മിർസാ മസ്റൂർ അഹ്മദ്,

ഖലീഫത്തുൽ മസീഹ് അൽഖാമിസ്.

അൽഹഖ്
വാർത്താപത്രിക
2012 നവമ്പർ
പുസ്തകം 20 ലക്കം 11

## യുഗനാദം

ഹദ്റത് അഹ്മദ്(അ)



# ഉത്തമ മാതൃക

കഴിഞ്ഞ മാസം ഏറെ കോളിളക്കം സൃഷ്ടിച്ച ഒന്നായിരുന്നു തിരുനബി (സ)ന്നെതിരിൽ അമേരിക്കയിലെ ഒരു മതഭ്രാന്തൻ ഇറക്കിയ സിനിമ. സാം ബാസൈൽ എന്ന അമേരിക്കയിലെ കോപ്റ്റിക് ക്രൃസ്ത്യാനി വിഭാഗത്തിൽ പ്പെട്ട നകൗള ബാസ്റ്റിലി നക്കൗളയാണ് സിനിമ നിർമിച്ചത്.

1990 ൽ മീഥേൻ ഫെറ്റമൻ എന്ന ഉത്തേജക മരുന്ന് നിർമ്മിച്ചതിനും, 2010 സാമ്പത്തിക ക്രമക്കേടുകൾക്കും ഇയാൾക്ക് ജയിൽ ശിക്ഷ ലഭിച്ചിരുന്നു. നബി(സ)യെ അപകീർത്തി പെടുത്തുന്ന ആ സിനിമ നിർമിക്കാൻ 2011 ൽ മീഡിയ ഫോർ ക്രൈസ്റ്റ് എന്ന സംഘടന അനുവാദം വാങ്ങുകയും, അതിന് വേണ്ടി നക്കൗളയുടെ വീട് വിട്ടു കൊടുത്തിരുന്നതായും പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

(ലോസ് ആഞ്ചലസ് ടൈംസ് 13.09.2012)

ഇതാണ് സിനിമ നിർമിതിയുടെ ഇതിവൃത്തം. കോടാനു കോടി ജനങ്ങൾ, ജീവനേക്കാളും സനേഹിക്കുന്ന തിരുനബിയെ അപകീർത്തിപ്പെടുത്താനും അവഹേളിക്കാനുമുള്ള ശ്രമങ്ങൾ തിരുനബിയുടെ ജീവിത കാലത്ത് തന്നെ എതിരാളികൾ ചെയ്ത് വന്നിരുന്നു. ഇന്ന് അതിന്റെ ആധുനിക വക്താക്കൾ, ആധുനിക സാഹചര്യങ്ങളെ അതിന് വേണ്ടി ഉപയോഗപ്പെടുത്തുകയാണ്. തന്റെ ജീവിതകാലത്ത് തന്നെ ഇത്തരം പ്രവർത്തനങ്ങളെ എങ്ങിനെ പ്രതിരോധിക്കണമെന്ന് നബി(സ) നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. തിരുനബി(സ) കൊലവിളിയും തെറിവിളിയും ഉയർത്തിയായിരുന്നില്ല പ്രതികരിച്ചത്. മറിച്ച്, തന്റെ ശ്രേഷ്ഠമായ, ഉത്തമ സ്വഭാവം കൊണ്ടാണ് പ്രതികരിച്ചതും പ്രതിരോധിച്ചതും. ഒരുവേള തിരുനബിയോടുള്ള അന്ധമായ സ്നേഹത്തിൽ രോക്ഷാകുലരായി പ്രതികരിക്കുന്ന വികാരം നാം മാനിച്ചേ മതിയാവൂ. പക്ഷേ അതല്ല പ്രതികരണമെന്ന് നിർദ്ദേശിക്കാൻ നേതൃത്വങ്ങൾക്ക് കഴിയണം.

നാഥനില്ലാ കളരിയായ വർത്തമാനകാല സമുദായത്തിന് ദിശാബോധം നഷ്ടമായിരിക്കുന്നു. എതിരാളികളുടെ താളത്തിനൊത്ത് തുള്ളുന്ന അവസ്ഥയിലേക്ക് കൂപ്പു കുത്തുകയും അരോപണങ്ങൾക്ക് ശക്തി പകരുകയുമല്ലേ, സമുദായം ചെയ്യുന്നത്. അവിടെയാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോള ഖലീഫ, അമീറുൽ മുഅ്മിനീൻ, ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് അയ്യദുല്ലാഹ്, അധികമധികമായി തിരുനബിക്ക് സ്വലാത്തും, സലാമും ചൊല്ലാനും എല്ലാ സ്ഥലങ്ങളിലും നബികീർത്തന യോഗങ്ങൾ സംഘടിപ്പിക്കാനും, തിരുനബിയുടേ പരിശുദ്ധജീവിത സന്ദേശവും ചരിത്രവുമടങ്ങുന്ന ഗ്രന്ഥങ്ങൾ വിപുലമായി അമുസ്ലിം സഹോദരങ്ങൾക്ക് എത്തിച്ച് കൊടുക്കുവാനും നിർദേശിച്ചിരിക്കുന്നത്.

അതിന്റെ ഭാഗമായി ആഗോളതലത്തിൽ തന്നെ തിരുനബിയുടെ ജീവിതഭാഗങ്ങൾ പരിചയപ്പെടുത്തി കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് കർമനിരകമായിരിക്കുന്നു. സമാധാനത്തിന്റെ സമ്രാട്ടായ തിരുനബിയുടെ നേർക്ക് ഉതിർന്ന ഓരോ ആക്ഷേപത്തിനും സമുചിതമായി മറുപടി നൽകികൊണ്ട് ഞങ്ങൾ ലോകത്തെ തിരുനബിയുടെ സമാധാന സന്ദേശത്തിലേക്ക് സ്വാഗതം ചെയ്യുകയാണ്.

തിരുനബിയുടെ മാതൃകയെ വിവരിച്ച് കൊണ്ട് വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു.

" ഹദ്റത് ഖാത്തമുൽ അമ്പിയാഅ് (സ) തിരുമേനിയുടെ ജീവിതം പരിശോധിച്ചാൽ മനസിലാകുന്നത് തിരുനബി ഉദാത്തവും അത്യുന്നനുമായ സ്വഭാവ വൈശിഷ്ട്യവും സത്യസന്ധവും കുലീനവുമായ മനസിനുടമയും ആയിരുന്നുവെന്നാണ്. സ്വജീവിതം ദൈവത്തിന് വേണ്ടി സദാ സമർപ്പിതമായിരുന്നു. മനുഷ്യരെ ആശ്രയിക്കുകയോ ഭയപ്പെടുകയോ ചെയ്തിരുന്നില്ല. ദൈവേച്ഛക്ക് കീഴൊതുങ്ങിയ ആ മഹാനുഭാവൻ, തനിക്ക് നേരിടേണ്ടി വരുന്ന പ്രയാസങ്ങളെ കുറിച്ച് ചിന്തിച്ചതേയില്ല. തൗഹീദിന്റെ ശബ്ദമാണെങ്കിൽ ഏതു തരം കഷ്ടപ്പാടുകൾ നേരിടേണ്ടി വരുന്നതും തിരുനബി ഗൗനിച്ചതേയില്ല."

(ബറാഹീനെ അഹ്മദിയ്യാ പേജ് : 119)

### എന്താണ് ധാർമിക ഗുണം?

സംസാരത്തിലും വാക്കിലും സൗമ്യത കാണിക്കുക എന്നതു മാത്രമല്ല ധാർമിക ഗുണം. ഒരിക്കലുമല്ല. പ്രത്യുത, ധൈര്യം, സൽസ്വഭാവം, പവിത്രത തുടങ്ങി എന്തെല്ലാം കഴിവുകൾ മനുഷ്യന് നൽകപ്പെട്ടിട്ടുണ്ടോ -യഥാർത്ഥത്തിൽ അതെല്ലാം ധാർമിക ഗുണങ്ങളാണ്- അവയെ യഥാർത്ഥ അവസരങ്ങളിൽ ഉപയോഗിക്കുക എന്നതു തന്നെയാണ് അവയെ ധാർമിക നിലവാരത്തിലേക്ക് എത്തിക്കുന്നത്... അല്ലാഹു നൽകിയിരിക്കുന്ന എല്ലാ കഴിവുകളെയും ഉചിതമായ അവസരങ്ങളിൽ ഉപയോഗപ്പെടുത്തുന്നതാണ് ധാർമികത. (മൽഫൂസാത്ത്: വാല്യം ഒന്ന്, പേജ് 289)

### മറ്റുള്ളവരെ നിന്ദ്യതയോടെ വീക്ഷിക്കരുത്


ധാർമിക ഗുണം ഏത് നിലവാരത്തിലായിരിക്കണമെന്നാൽ ആർക്കെങ്കിലും നല്ല നിയ്യത്തോടെ മനസ്സിലാക്കികൊടുക്കുന്നതോ അല്ലെങ്കിൽ അവരുടെ തെറ്റിനെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുന്നതോ അവർക്ക് അനിഷ്ടകരമായി തോന്നാത്ത സമയത്തായിരിക്കണം. ആരെയും നിന്ദ്യദൃഷ്ടിയോടെ വീക്ഷിക്കരുത്. ആരെയും ദുഖിപ്പിക്കരുത്. ജമാഅത്തിൽ പരസ്പര കലഹങ്ങളും വഴക്കുകളും ഉണ്ടാകരുത്. ദരിദ്ര ദീനീസഹോദരന്മാരെ ഒരിക്കലും പരിഹാസ ദൃഷ്ടിയോടെ നോക്കരുത്. സമ്പത്തിലും ധനത്തിലും അല്ലെങ്കിൽ കുടുംബ മഹിമയിലും അനാവശ്യമായി അഹങ്കരിച്ചു കൊണ്ട് മറ്റുള്ളവരെ നിന്ദ്യരും തുച്ഛരുമായി മനസ്സിലാക്കരുത്. അല്ലാഹുവിന്റടുക്കൽ ഭയഭക്തി കൈക്കൊള്ളുന്നവർക്കാണ് മഹിത സ്ഥാനമുള്ളത്. (മൽഫൂസാത്ത്: വാല്യം ഒന്ന്, പേജ് 135)

### നന്മകളുടെ താക്കോൽ

ധാർമികത മറ്റ് നന്മകളുടെ താക്കോലാകുന്നു. സ്വന്തം ധാർമികതയെ ശരിപ്പെടുത്താത്തവർ പതുക്കെ പതുക്കെ നന്മയില്ലാത്തവരായി മാറുന്നു. എന്റെ അഭിപ്രായത്തിൽ ലോകത്തുള്ള എല്ലാ വസ്തുക്കളും ഗുണകാരിയാണ്. വിഷവും മാലിന്യവും ഗുണകാരിയാണ്.... എന്നാൽ ഉന്നത ധാർമികഗുണത്തെ കരസ്ഥമാക്കി ഗുണകാരിയായി തീരാത്ത ഒരു മനുഷ്യൻ ഒന്നിനും ഉപകരിക്കില്ല. മൃതരായ മൃഗങ്ങളേക്കാൾ മോശമാകുന്നു...... മനുഷ്യന് കഴിവുകൾ കരസ്ഥമാക്കാനുള്ള നന്മയുടെ ഒന്നാമത്തെ പടി ധാർമികതയാകുന്നു. (മൽഫൂസാത്ത്: വാല്യം ഒന്ന്, പേജ് 354)

### എളിമ അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കുന്നു

അല്ലാഹുവിന്റെ മഹത്വത്തിനായി സ്വയം ചെറുതാകുന്നവരെ അല്ലാഹു വലുതാക്കുന്നു എന്നത് സത്യമാണ്. ഏത് വരെ സ്വയം ചെറുതാകുന്നില്ലയോ അതുവരെ ആരും തന്നെ വലുതാകുന്നതല്ല എന്ന് ഓർത്തു കൊള്ളുക. ഇതൊരു മാധ്യമമാകുന്നു. ഇതിലൂടെ ഹൃദയത്തിൽ ഒരു പ്രകാശം ഇറങ്ങുന്നു. അവൻ അല്ലാഹുവിലേക്ക് ആകർഷിക്കപ്പെടുന്നു. ഇന്ന് ലക്ഷക്കണക്കിന് ജനങ്ങൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ലോകത്തുള്ള എല്ലാ ഔലിയാക്കന്മാരും സ്വയം തങ്ങളെ ഒരു ഉറുമ്പിനേക്കാളും നിസ്സാരരായിട്ടാണ് കണ്ടിരുന്നത്. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹം അവരിൽ വർഷിച്ചു. അങ്ങിനെ അവർ അർഹരായ പദവി അവർക്ക് ലഭിച്ചു. അഹങ്കാരം, ലുബ്ധ്, ഗർവ് തുടങ്ങിയ ദുസ്വഭാവങ്ങളിലും ശിർക്കിന്റെ ഒരംശം അടങ്ങിയിരിക്കുന്നു. അതിനാൽ അത്തരത്തിലുള്ള ദുസ്വഭാവക്കാർക്ക് അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് പങ്ക് ലഭിക്കുന്നതല്ല. മറിച്ച് അവർ പിന്തള്ളപ്പെടുന്നു. നേരേമറിച്ച് എളിമയും വിനയവും കാണിക്കുന്നവർ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അവകാശികളായി മാറുന്നു. (മൽഫൂസാത്ത്: വാല്യം മൂന്ന്, പേജ് 613)



# ദൈവികപരിലാളന ലഭിക്കാൻ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)

**ലോകത്തിന്റെ നന്മ നമ്മുടെ ലക്ഷ്യം**

. മനുഷ്യകുലത്തെ നിഷ്കളങ്കമായി സേവിക്കുക എന്നതിനു ചുറ്റുമാണ് നിങ്ങളുടെ എല്ലാ ആയുധശ്ശും ഭ്രമണം ചെയ്യുന്നത്. നിങ്ങൾ ആരേയും വിഷമി പ്പിക്കരുത്,എല്ലാവരുടേയും സന്തോഷിനുള്ള സംവി ധാനം ഒരുക്കാൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമ്മുടെ ഈ പരിശ്രമത്തെ സ്വീകരിക്കു മാറാകട്ടെ. ലോകത്തിന്റെ ദുഖം അകലട്ടെ. അവർക്കായി സന്തോഷത്തിന്റെ സംവിധാനം സംജാതമാകട്ടെ. സമാധാനത്തിന്റെ വ്യവസ്ഥിതി സംജാതമാകട്ടെ. നമ്മുടെ പരിശ്രമങ്ങൾ ഈ കേന്ദ്രബിന്ദുവിന് ചുറ്റുമാണ് കറങ്ങിക്കൊണ്ടി രിക്കുന്നത്.ലോകത്തിന്റെ നന്മയ്ക്കു വേണ്ടിയാണ് നാമുള്ളത്. ജനങ്ങൾക്ക് സേവനം ചെയ്യുന്ന സ്ഥാനമാണ് നമുക്ക് അഭികാമ്യം. കാരണം ഈ സ്ഥാനത്താണ് മനുഷ്യൻ ദൈവത്തെ പ്രാപിക്കുന്നത്. ഹദ് റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് എത്ര വാസ്ത വമാണ്, അല്ലാഹുവേ! നിന്റേതായി ത്തീരുന്നവരുടെ മടിത്തട്ടിൽ നീ മുഴുലോകത്തേയും കൊണ്ടിടുന്നു. എന്നാൽ നിന്റേതായിക്കഴിഞ്ഞവർക്ക് ആ മുഴുവൻ ലോകത്തേയും കൊണ്ട് എന്തു ചെയ്യാനാണ്? അതിനാൽ നമുക്ക് ഈ ലോകത്തിന്റെ സമ്പത്തും അധികാരവുമായി എന്ത് ബന്ധം? നമുക്കായി അല്ലാഹുവിന്റെ സ്നേഹവും ലാളനയും മതിയായതാണ്.

(മശ്അലെ രാഹ്, വാള്യം 2)

**വായനാശീലം ഉണ്ടാക്കിയെടുക്കുക**

സിമന്റിന്റെ പുതിയ മതിലിൽ നഖം കൊണ്ട് അടയാളം ഇടാൻ സാധിക്കുന്നതു പോലെ നിങ്ങളുടെ തല മുറകളിൽ വിള്ളലുണ്ടാക്കാൻ ശയ്ത്വാൻ ശ്രമിക്കുന്നതാണ്. അതിനുള്ള പ്രതിവിധി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ കൂടുതൽ കൂടുതൽ പാരായണം ചെയ്യുക എന്നതാണ്. പ്രസ്തുത ജോലി കൂടുതൽ സമയം നൽകാതെ തന്നെ നിങ്ങൾക്ക് നിർവഹിക്കാൻ സാധിക്കും. നിയ്യത്താണ് വേണ്ടത്. ...........നിങ്ങൾ നിത്യേന ഒന്നോ രണ്ടോ മണിക്കൂറിനിടയിൽ സമയം പാഴാക്കുന്നുണ്ട്. സമയം പാഴാ ക്കരുത് എന്ന ചിന്തയുണ്ടെങ്കിൽ ഈ സമയത്തിന്റെ ഒരു ഭാഗം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥ പാരായ ണത്തിനായി ചെലവഴിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു പറഞ്ഞത്, സമയം പാഴാ ക്കപ്പെടാത്ത ഉന്നതനായ മസീഹാണ് താങ്കൾ എന്നാണ്.

നമ്മുടെ ജീവിത ത്തിന്റെ ഓരോ നിമിഷവും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റേതാണ്. നിങ്ങളതിനെ പാഴാക്കുകയാണ്. അങ്ങനെ നിങ്ങൾ അല്ലാഹുവി നോട് നന്ദികേട് കാണിക്കുന്നവരായി മാറുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്ന് സ്വയം നിങ്ങളെ തന്നെ പിന്തള്ളുന്നു. നിങ്ങൾ പാഴാക്കിക്കളയുന്ന സമയത്തിന്റെ നാലിൽ ഒന്നെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥപാരായണത്തിനായി ചെലവഴിക്കുകയാണെങ്കിൽ നിങ്ങൾക്ക് നിത്യേന പത്തിരുപത് പേജ് വായിക്കാൻ സാധിക്കും. അഥവാ നിങ്ങൾ നിത്യേന 5 പേജെങ്കിലും വായിക്കുകയാണെങ്കിൽ ഒരു മാസത്തിൽ നിങ്ങൾക്ക് 150 ഉം വർഷത്തിൽ 1800 ഉം പേജുകൾ വായിക്കാൻ സാധിക്കുന്നതാണ്. പറയാൻ നിത്യേന 5 പേജേ ഉള്ളു. ഇവിടെ നിന്ന് നിങ്ങൾ നിത്യേന 5 പേജുകൾ വായിക്കുന്നതാണെന്ന പ്രതിജ്ഞയെടുത്ത് മടങ്ങുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുന്നു, അല്പകാലത്തിനുള്ളിൽ തന്നെ നിങ്ങളിൽ ഒരു അതിമഹത്തായ പരിവർത്തനം സംജാതമാകുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ ഇറങ്ങുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്നും കാരുണ്യങ്ങളിൽ നിന്നും നിങ്ങൾക്ക് എത്രത്തോളം ഭാഗം ലഭിക്കുമെന്നാൽ, നിങ്ങൾ ലോകത്തെ അൽഭുതപരതന്ത്രരാക്കി മാറ്റുന്നതാണ്. അല്പം ശ്രദ്ധയുടെ ആവശ്യമാണുള്ളത്. അതിനു ശേഷം നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവന്റെ ഇഷ്ടദാസരിൽ പെട്ടവരായി മാറുന്നതാണ്. നി ങ്ങൾ ലോകത്തിന്റെ മാർഗദർശകരും നേതാക്കളും ആയിത്തീരുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ കരസ്ഥമാക്കുന്നതാണ്. എന്നാൽ ഈ നേതൃത്വവും മാർഗദർശനവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും കരസ്ഥമാക്കലും ഹദ്റത്ത് മസീഹ് മൗഊദ് (അ) വ്യാഖ്യാനിച്ച വിശുദ്ധ ഖുർആൻ കൂടാതെ സാധ്യമല്ല. അതിനാൽ ഞാൻ വീണ്ടും വീണ്ടും താക്കീത് ചെയ്തു കൊണ്ട് പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്ന ശീലം ഉണ്ടാക്കി തീർ ക്കുക. നിത്യേന 3 പേജുകൾ വായിക്കാൻ തുട ങ്ങുകയാണെങ്കിൽ നിങ്ങൾക്കത് ശീലമായി ത്തീരുന്നതാണ്.തൽഫലമായി നിങ്ങളുടെ പഠനത്തിലോ, അല്ലെങ്കിൽ നിങ്ങൾ ജോലിക്കാരാണെങ്കിൽ ജോലിയിലോ യാതൊരു തടസ്സവും ഉണ്ടാകുന്നതല്ല. പ്രത്യുത ഈ ഗ്രന്ഥപാരായണം അവരിൽ നല്ല സ്വാധീനം ചെലുത്തുന്നതാണ്. നിങ്ങളിൽ പഠിക്കുന്നവരുണ്ടെങ്കിൽ ഈ ഗ്രന്ഥപാരായണത്തിന്റെ ഫലമായി അവരുടെ ബുദ്ധിയിൽ ഉണർവുണ്ടാകുന്നു. അതിൽ ഒരു പ്രകാശം ജനിക്കുന്നു. പിന്നീട് കെമിസ്ട്രയും ഇംഗ്ലീഷും പോലുള്ള വിഷയ ങ്ങൾ എളുപ്പത്തിൽ മനസ്സിലാകാൻ തുടങ്ങുന്നു. പരീക്ഷകളിൽ നല്ല മാർക്ക് ലഭിക്കുന്നു. അഥവാ നിങ്ങൾ ജോലിക്കാരാണെങ്കിൽ ആ ജോലിയിൽ efficiency ഉണ്ടാകും. (പ്രഭാഷണം : 13.05.67)

**സൃഷ്ടിസേവനത്തിന്റെ ഒരു മാതൃക.**

നന്മയുടെ പ്രവർത്തനങ്ങൾ ഏങ്ങിനെയൊക്കെയാണ് ചെയ്യുന്നത് എന്നതിന് ഒരുദാഹരണമിതാ. 1950 ൽ ലാഹോറിൽ പ്രളയം ഉണ്ടായപ്പോൾ ജില്ലയുടെ അധിക പ്രദേശങ്ങളും ചെറിയ ചെറിയ ദ്വീപായി മാറുകയുണ്ടായി.അവരിൽ ഭക്ഷണ പാനീയങ്ങളുടെ കുറവ് ഉണ്ടായപ്പോൾ അന്നത്തെ ഭരണകൂടം അവർക്കായി പുഴുങ്ങിയ കടലയും ചുട്ടെടുത്ത റൊട്ടിയും സ്വരുക്കൂട്ടുന്നതിനായി നമ്മോട് പറഞ്ഞു. അത് വിമാനമാർഗം അവിടെ എത്തിക്കുന്നതാണ്. അങ്ങനെ നമ്മുടെ കോളേജിലെ കുറച്ച് വിദ്യാർത്ഥികൾ ലാഹോർ പട്ടണത്തിനകത്ത് എത്തി. അപ്പോൾ കുറച്ചാളുകൾ പറഞ്ഞു, നിങ്ങൾ മിർസായികൾ എവിടുന്നാണ് വന്നത്. നാളെ വീണ്ടും വന്നാൽ നിങ്ങളെ അടിച്ചോടിക്കുന്നതാണ്. അവർ തിരിച്ചു വന്ന് ഇന്നതെല്ലാം സംഭവിച്ചു എന്ന് പറഞ്ഞു. ഞാനവരോട് പറഞ്ഞു, നിങ്ങൾ നാളെ വീണ്ടും അവിടെ പോകുക. തല്ലുകൊള്ളാനുള്ള നിയ്യത്തിൽ തന്നെ പോകുക. നിങ്ങൾ അവിടെ ചെന്ന് അവരോട് പറയുക, ഞങ്ങളുടെ കുറച്ച് സഹോദരന്മാർ പ്രളയബാധിതരാണ്. അവർ പട്ടിണി കിടന്ന് മരിക്കുകയാണ്. വിമാനമാർഗം അവർക്ക് റൊട്ടി എത്തിച്ചു കൊണ്ടിരിക്കുകയാണ്. ഞങ്ങൾ സന്നദ്ധസേവകരായി ക്കൊണ്ട് അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ട് സൃഷ്ടിസേവനത്തിനായി പുറപ്പെട്ടിരിക്കുകയാണ്. നിങ്ങൾ വേണമെങ്കിൽ ഞങ്ങളെ തല്ലിക്കൊള്ളുക. ഞങ്ങൾ തല്ലുകൊള്ളുന്നതിന് തയ്യാറായി തന്നെയാണ് വന്നിട്ടുള്ളത്. എന്നാൽ ഒരു നിബന്ധനയുണ്ട്, നിങ്ങൾ എത്രവേണമെങ്കിലും അടിച്ചുകൊള്ളുക പക്ഷേ ഓരോ അടിക്കും പകരമായി ഓരോ റൊട്ടി ഞങ്ങൾക്കു തന്നു കൊണ്ടിരിക്കണം. മനുഷ്യൻ പ്രകൃതപരമായി മാന്യനാണ്, കാരണം അവൻ ഉത്തമസൃഷ്ടികളിലെ ഒരംഗമാണ്. അക്കാരണത്താൽ അവരിത് കേട്ടപ്പോൾ തല്ലിയില്ല എന്ന് മാത്രമല്ല, വീടുകളിൽ നിന്ന് റൊട്ടികൾ കൊണ്ടു വന്ന് നൽകു കയും ചെയ്തു.

ചുരുക്കത്തിൽ നാം മനുഷ്യകുലത്തെ നിഷ്കളങ്കമായി സേവിക്കുന്നവരാണ്, മറ്റാരുമില്ല. പ്രത്യക്ഷത്തിൽ അമേരിക്കയും സേവനം ചെയ്യുന്നുണ്ട്, യൂറോപ്പും സേവനം ചെയ്യുന്നുണ്ട്, എന്നാൽ അവർക്ക് പിന്നിൽ വലിയൊരു ചതിയുണ്ട്. (മശ്അലെ രാഹ്, വാള്യം 2)

*സമ്പാ: എ.നസീം അഹ്മദ്, ചേലക്കര*

# ഹദ്റത്ത് അബ്ദുല്ലാഹ് (റ) ഇബ്നു മസ്ഊദ്

**വംശം: ബനൂ ഹുദൈൽ. വിളിപ്പേര്: അബൂഅബ്ദുർറഹ്മാൻ. മാതാവ്: ഉമ്മെ അബ്ദുല്ലാഹ്, അവർക്ക് ഇസ്ലാം മതം സ്വീകരിക്കുന്നതിനും തിരുനബി(സ)യുടെ സ്വഹീബിയത്തിൽ ഉൾപ്പെടുന്നതിനുള്ള തൗഫീഖും ലഭിച്ചു. പിതാവ്: മസ്ഊദുബ്നുൽ ഹാരിസ്. രൂപം:** മെലിഞ്ഞ ശരീരപ്രകൃതം, ഇരുണ്ട നിറം, കുറഞ്ഞ ഉയരം. ഉഖ്ബയുടെ ആടുകളെ മേയ്ക്കുകയായിരുന്നു ജോലി.

## ഇസ്ലാം മതം സ്വീകരിക്കുന്നു

ഇബ്നു മസ്ഊദ് (റ)ന് ആരംഭഘട്ടത്തിൽ തന്നെ ആറാമനായി ഇസ്ലാം മതം സ്വീകരിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. നബിതിരുമേനി (സ) യുടെ സ്വഭാവമഹിമയിൽ ആകൃഷ്ടനായാണ് അദ്ദേഹം ഇസ്ലാം മതത്തിലേക്ക് വന്നത്.

## അറിവ് കരസ്ഥമാക്കുന്നതിനുള്ള അതിയായ ആഗ്രഹം

അറിവ് കരസ്ഥമാക്കുന്നതിൽ അതീവ തൽപരനായിരുന്ന അദ്ദേഹം തനിക്കും അറിവ് പകർന്നു നൽകണമെന്ന് നബി (സ) തിരുമേനിയോട് പറഞ്ഞു. അപ്പോൾ തിരുമേനി (സ) മറുപടി പറഞ്ഞു, നിന്നിൽ അറിവ് കരസ്ഥമാക്കുന്നതിനുള്ള കഴിവ് ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം നബി(സ)യിൽ നിന്ന് സമയാസമയങ്ങളിൽ അറിവ് കരസ്ഥമാക്കിക്കൊണ്ടിരുന്നു. ഒരു വേളയിൽ അദ്ദേഹം സ്വയം പറയുന്നു, ഞാൻ തിരുമേനി(സ)യിൽ നിന്ന് 70 സൂറത്തുകൾ പഠിക്കുകയുണ്ടായി. ആ കാലയളവിൽ അത്രയും സൂറത്തുകൾ മനപ്പാഠമാക്കിയ ആരും സഹാബാക്കളിൽ ഉണ്ടായിരുന്നില്ല. ഹദ്റത്ത് അലി (റ) അദ്ദേഹത്തെ കുറിച്ച് പറയുന്നു, അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഏറ്റവും ആദ്യം മനപ്പാഠമാക്കുന്നത് ഇബ്നു മസ്ഊദ്(റ) ആയിരുന്നു. വളരെ മനോഹരമായ ഈണത്തിൽ അദ്ദേഹം ഖുർആൻ പാരായണം ചെയ്യുമായിരുന്നു.

## ശത്രുക്കളെ ആദ്യമായി ഖുർആൻ കേൾപ്പിക്കുന്നു

ശത്രുക്കളായ ഖുറൈശികൾക്ക് ഖുർആൻ കേൾപ്പിക്കണമെന്ന ചർച്ച സഹാബാക്കൾക്കിടയിൽ ഉയർന്നപ്പോൾ ഇബ്നു മസ്ഊദ്(റ) വരും വരായ്കകളെ കുറിച്ച് ചിന്തിക്കാതെ ആ ദൗത്യം സ്വയം ഏറ്റെടുത്തു. അങ്ങിനെ അദ്ദേഹം കഅ്ബ മന്ദിരത്തിലെത്തി മഖാമെ ഇബ്റാഹീമിൽ നിന്ന് ഖുറൈശികളുടെ സദസ്സിനെ അഭിമുഖീകരിച്ച് സൂറ റഹ്മാൻ പാരായണം ചെയ്യാൻ തുടങ്ങി. ആരംഭത്തിൽ താൽപര്യത്തോടു കൂടി ശ്രവിച്ച അവർ ഇത് ദൈവികവചനമാണെന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തെ തടയാൻ ശ്രമിച്ചു. എന്നാൽ അത് വകവെക്കാതെ അദ്ദേഹം സൂറത്ത് മുഴുവനായും കേൾപ്പിച്ചു. മുഖത്തും ശരീരത്തും പരിക്കുകളുമായിട്ടാണ് അദ്ദേഹം മടങ്ങിയെത്തിയത്. വേണ്ടിവന്നാൽ ഇനിയും താനതിന് സന്നദ്ധനാണെന്ന് അദ്ദേഹം പറയുകയും ചെയ്തു.

## ഹിജ്റത്ത്

പീഢനങ്ങൾ അതിരുകടന്നപ്പോൾ അദ്ദേഹം ആദ്യം ഹബ്ശയിലേക്കും പിന്നീട് മദീനയിലേക്കും ഹിജ്റത്ത് ചെയ്തു. മദീനയിൽ മുആസ്(റ) ഇബ്നു ജബലുമായി അദ്ദേഹത്തിന്റെ സാഹോദര്യ ബന്ധം നബി (സ) സ്ഥാപിച്ചു. തുടക്കത്തിൽ സാമ്പത്തിക സ്ഥിതി മോശമായിരുന്ന അദ്ദേഹത്തിന് നബി(സ) പള്ളിക്കടുത്തു തന്നെ താമസത്തിനുള്ള സൗകര്യം ഏർപ്പെടുത്തി കൊടുക്കുകയുണ്ടായി.

## ജീവിതം വഖ്ഫ് ചെയ്യുന്നു

ആരംഭം മുതൽക്കു തന്നെ നബി (സ)യുടെ സേവനത്തിൽ അതീവ താൽപര്യം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം തന്റെ ജീവിതം നബി(സ)യുടെ സേവനത്തിനായി വഖ്ഫ് ചെയ്തിരുന്നു. യാത്രയിലും മറ്റും എപ്പോഴും നബി(സ)യോടൊപ്പം അദ്ദേഹം ഉണ്ടാകുമായിരുന്നു. തിരുമേനി (സ)യ്ക്ക് വേണ്ടി മിസ്വാക്ക് തയ്യാറാക്കുക, വുളുവിന് വെള്ളം എത്തിക്കുക, കുളിക്കാൻ വെള്ളം എത്തിക്കുക, ചെരിപ്പ് സംരക്ഷിക്കുക, ഇരിക്കാനും കിടക്കാനും വിരിപ്പ് തയ്യാറാക്കുക തുടങ്ങിയ എല്ലാ കാര്യങ്ങളും അദ്ദേഹമാണ് ചെയ്തിരുന്നത്. നബി(സ) യുടെ വീട്ടിൽ എപ്പോഴും അദ്ദേഹത്തിന് നിർബാധം വന്നുപോകുന്നതിനുള്ള അനുവാദവും ഉണ്ടായിരുന്നു. ഇബ്നു മസ്ഊദ്(റ) നബി (സ) യുടെ വീട്ടിലെ ഒരംഗമാണെന്നാണ് തനിക്കു തോന്നിയതെന്ന് അബൂ മൂസാ അശ്അരി(റ) പറയുകയുണ്ടായി. ഈ സഹവാസം അദ്ദേഹത്തെ അറിവിലും വിജ്ഞാനത്തിലും ആരാധനയിലും ഉന്നതമായ പദവിയിലേക്കെത്തിച്ചു.

## യുദ്ധങ്ങളിൽ

മദനീ കാലഘട്ടത്തിലെ എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ബദ്ർ യുദ്ധത്തിൽ ഇസ്ലാമിന്റെ ശത്രുവായ അബൂജഹലിനെ തന്റെ ദുർപര്യവസാനത്തിലേക്കെത്തിക്കുന്നതിൽ അദ്ദേഹത്തിനും പങ്ക് വഹിക്കുവാൻ കഴിഞ്ഞു. മുറിവേറ്റ് മൃതപ്രായനായി കിടന്ന അബൂജഹലിനെ അവസാനത്തെ ആഗ്രഹവും പൂർത്തിയാക്കാൻ സമ്മതിക്കാതെ ഗളഛേദനം ചെയ്തത് ഇബ്നു മസ്ഊദായിരുന്നു. ഉഹദ് യുദ്ധത്തിലും അദ്ദേഹം ആത്മാർത്ഥത പ്രടി പ്പിക്കുകയുണ്ടായി.

## കൂഫയുടെ അമീറാകുന്നു

നബി(സ)യോടൊപ്പം എല്ലാ ചരിത്ര സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച അദ്ദേഹം നബി (സ)യുടെ കാലശേഷവും തിരുമേനി (സ) യുടെ പിൻഗാമികളോടൊപ്പം ചേർന്ന് ഇസ്ലാമിന്റെ യശസ്സ് ഉയർത്തുന്നതിൽ വിലപ്പെട്ട സേവനങ്ങൾ അർപ്പിച്ചു. സിറിയയുടെ വിജയത്തിൽ നിർണ്ണായക പങ്കുവഹിച്ച അദ്ദേഹം പിന്നീട് ഹമസിൽ താമസമാക്കി. ഹദ്റത്ത് ഉമർ (റ) അദ്ദേഹത്തെ അവിടെ നിന്നും വിളിപ്പിച്ച് കൂഫയിലേക്ക് അവരുടെ ശിക്ഷണകാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി അയച്ചു. പിന്നീട് ഹദ്റത്ത് ഉസ്മാൻ (റ) അദ്ദേഹത്തെ കൂഫയുടെ അമീറായി നിയമിച്ചു.

## അനുസരണം

പിന്നീട് ചില പ്രത്യേക കാരണത്താൽ അദ്ദേഹത്തെ അമീർ പദവിയിൽ നിന്ന് മാറ്റി മദിനയിലേക്ക് ഉസ്മാൻ (റ) തിരിച്ചു വിളിച്ചപ്പോൾ കൂഫക്കാർ അദ്ദേഹത്തെ പോകാൻ അനുവദിച്ചില്ല. എന്തുവന്നാലും താങ്കളെ സംരക്ഷിച്ചു കൊള്ളാം എന്ന് കൂഫക്കാർ ഉറപ്പു നൽകിയെങ്കിലും അദ്ദേഹം ഖലീഫയെ അനുസരിക്കുന്നതാണ് തന്റെ ധർമം എന്ന് പറഞ്ഞ് അവിടെ നിന്ന് മദീനയിലേക്ക് മടങ്ങി.

## ഐശ്വര്യതയിലും എളിമ

സാമ്പത്തികമായി വളരെ മെച്ചപ്പെട്ട അവസ്ഥയിലേക്കെത്തിയിരുന്നെങ്കിലും എളിയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മരണശേഷം സാധാരണ വിലക്കുറഞ്ഞ കഫനിലായിരിക്കണം തന്നെ പൊതിയേണ്ടതെന്ന് അദ്ദേഹം

9

വനിതാരംഗം

# ഒരു നവ അഹ്മദീ യുവതിയുടെ മാതൃക

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഹാമിസ് (അയ്യദഹുല്ലാഹു അല.......)**

കിർഗിസ്ഥാനിലെ മുബല്ലിഗ് അർശദ് മഹ്മൂദ് സാഹിബ് എഴുതുന്നു, കിർഗിസ്ഥാൻ ജമാഅത്തിന്റെ നാഷണൽ സദ്ർ സലാമത്ത് സാഹിബ് മുഖേന, ജിൽദിബിസ് അബ്ദുല്ലാഹ് മിയ എന്ന് പേരുള്ള ഒരു പെൺകുട്ടി ബയ്അത്ത് ചെയ്തിരുന്നു. അവൾ അമേരിക്കൻ ബെയ്സിലാണ് ജോലി ചെയ്തിരുന്നത്. അവളുടെ കൂടെ ജോലി ചെയ്തിരുന്ന ഒരു ക്രിസ്ത്യൻ യുവാവ്, അവളുടെ സൽസ്വഭാവവും ശാലീനതയും കണ്ടപ്പോൾ അവളെ വിവാഹം കഴിക്കാൻ താൽപര്യം പ്രകടിപ്പിച്ചു. അവൾ പറഞ്ഞു, ഞാൻ അഹ്മദീ മുസ്‌ലിമാണ്. എന്റെ ജമാഅത്തിൽ ചോദിച്ചതിനു ശേഷം മറുപടി നൽകാം. അങ്ങിനെ മിഷൻ ഹൗസിൽ എത്തിയ അവളോട് പറഞ്ഞു, ഒരു മുസ്‌ലിം പെൺകുട്ടി ഒരു അമുസ്‌ലിം യുവാവുമായി വിവാഹം കഴിക്കാൻ പാടില്ല. ഇസ്‌ലാം ഇത് അനുവദിക്കുന്നില്ല.

ആത്മാഭിമാനിയും സൽപ്രകൃതക്കാരിയുമായ ഈ നവ അഹ്മദീ പെൺകുട്ടി, അമുസ്‌ലിമായ അമേരിക്കക്കാരന്റെ വിവാഹാഭ്യർഥന നിരസിച്ചു. ആ കൃസ്തീയ യുവാവാകട്ടെ അവളിൽ ഏറെ ആകൃഷ്ടനുമായിരുന്നു. അയാൾ പറഞ്ഞു, ഞാൻ ഇസ്‌ലാം സ്വീകരിച്ചാൽ വിവാഹം കഴിക്കുമോ? അവൾ പറഞ്ഞു, ഇസ്‌ലാം സ്വീകരിക്കണമെങ്കിൽ അത് സത്യമാണെന്ന് ബോധ്യപ്പെടുന്നുവെങ്കിൽ സ്വീകരിക്കുക. വിവാഹത്തിന് വേണ്ടിയാണെങ്കിൽ സ്വീകാര്യമല്ല. ഞാൻ വിവാഹത്തിന് സന്നദ്ധയല്ല.

ദരിദ്രന്മാരായ കിർഗിസ്ഥാനിലെ പെൺകുട്ടികൾ അന്യരാജ്യക്കാരുമായി വിവാഹത്തിന് മുൻഗണന നൽകാറുണ്ട്. എന്നാൽ ഈ പെൺകുട്ടി, അഹ്മദിയായതുകൊണ്ട് വിവാഹാഭ്യർത്ഥന നിരസിക്കുകയാണുണ്ടായത്. ഈ കാത്തലിക്ക് കൃസ്ത്യൻ യുവാവ്, തുടർച്ചയായി 6 മാസത്തെ പഠനങ്ങളും ജമാഅത്തീ സാഹിത്യങ്ങളുടെ പാരായണത്തിനും ശേഷം 2011 ജൂലൈ 11 ന് ബയ്അത്ത് ചെയ്ത് മുസ്‌ലിമായി. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിൽ ഭാഗഭാക്കായി പഠനസമയത്ത് എതിരാളികളുടെ വെബ്സൈറ്റും അദ്ദേഹം ശ്രദ്ധിക്കുകയും വായിക്കുകയും ചെയ്തിരുന്നു. നവഅഹ്മദിയായ ഈ പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം ഭൗതീകമായ നല്ല ബന്ധമാണ് വന്ന് ചേർന്നിരുന്നത്. പക്ഷെ ദീനിനു വേണ്ടി അവളത് തിരസ്കരിക്കാൻ സന്നദ്ധയായി. അന്യമതസ്ഥരെ വിവാഹം കഴിക്കാൻ താൽപര്യം കാണിക്കുന്ന പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം ഈ സംഭവം ചിന്തനീയമാണ്.

(ഖുത്വുബ ജുമുഅ 2011 സെപ്റ്റംബർ 2)

---

വസിയ്യത്ത് ചെയ്തിരുന്നു. അന്നേരം അദ്ദേഹത്തിന്റെ സ്വത്ത് 90000 ദിർഹമായിരുന്നു.

### വഫാത്ത്

അദ്ദേഹത്തിന്റെ വഫാത്തിന് കുറച്ചു നാൾ മുമ്പ് ഒരു വ്യക്തി മദീനയിലെത്തുകയും അദ്ദേഹത്തിന് തന്റെ ഒരു സ്വപ്നം കേൾപ്പിക്കുകയും ചെയ്തു. അതിപ്രകാരമായിരുന്നു, നബി(സ) മിമ്പറിൽ നിൽക്കുന്നു. ഇബ്നു മസ്ഊദ്(റ) താഴെ ഇരിക്കുന്നു. തിരുമേനി(സ) പറയുന്നു, അല്ലയോ ഇബ്നു മസ്ഊദ്! ഇത്ര ദയയില്ലാത്തതെന്താണ്. ഇനി എന്റെ അടുത്തേക്ക് വരിക. അപ്പോൾ അദ്ദേഹം ആ വ്യക്തിയോട് പറഞ്ഞു, ഇനി എന്റെ ജനാസ നമസ്കരിച്ചിട്ട് ഇവിടെ നിന്ന് മടങ്ങിയാൽ മതി. അതിന് അല്പദിനങ്ങൾക്കു ശേഷം അദ്ദേഹം വഫാത്തായി. ഹിജ്റി 30ൽ 60നോടടുത്ത പ്രായത്തിലാണ് അദ്ദേഹം വഫാത്തായത്. ഹദ്റത്ത് ഉസ്മാൻ (റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. ജന്നത്തുൽ ബഖീഇൽ മറവടക്കപ്പെട്ടു.

### ബഹുമതി

നാല് സ്വഹാബാക്കളിൽ നിന്ന് ഖുർആൻ പഠിക്കുന്നതിന് നബി (സ) നിർദേശം നൽകിയിരുന്നു. അതിൽ ഒന്നാം സ്ഥാനം ഇബ്നു മസ്ഊദ് (റ) ന്റേതാണ്.

ഹദ്റത്ത് ഉമർ (റ) അദ്ദേഹത്തെ അറിവിന്റെ നിറകുടം എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. സന്മാർഗനിഷ്ഠയിലും സൽസ്വഭാവത്തിലും നബി(സ)യോട് ഏറ്റവും സദൃശ്യനായ വ്യക്തി ഇബ്നു മസ്ഊദ് (റ) ആണെന്ന് സ്വഹാബാക്കൾ അഭിപ്രായപ്പെട്ടിരുന്നു. അക്കാരണം കൊണ്ടു തന്നെയാവാം നബി (സ) പറയാറുണ്ടായിരുന്നത്, അബ്ദുല്ലാഹിബ്നു മസ്ഊദിന് ഇഷ്ടപ്പെട്ട കാര്യങ്ങളാണ് എന്റെ സമുദായത്തിന് വേണ്ടി ഞാൻ ആഗ്രഹിക്കുന്നത്. മറ്റൊരിക്കൽ പറഞ്ഞു. മുസ്‌ലിംകളോട് കൂടിയാലോചിക്കാതെ ആരെയെങ്കിലും ഞാൻ നേതൃത്വസ്ഥാനത്ത് നിയമിക്കുകയാണെങ്കിൽ അബ്ദുല്ലാഹിബ്നു മസ്ഊദിനെ നിയമിക്കുന്നതാണ്.

---

# കർമശാസ്ത്രം

## ജനാസ ഗാഇബ് നമസ്കാരം

ഏതെങ്കിലും ആരാധനയുടെ ന്യായീകരണത്തിനായി ശർഇയായിട്ടുള്ള സനദുകളുടെ വൈപുല്യം അനിവാര്യമല്ല. ദീനുമായും ആരാധനയുമായും ബന്ധപ്പെട്ട ഏതെങ്കിലും കാര്യം ഒരു പ്രാവശ്യമെങ്കിലും നബി (സ) തിരുമേനി അനുഷ്ഠിക്കുകയും പിന്നീട് കാലത്തിന്റെ ഇമാം ആ സനദിന്റെ അടിസ്ഥാനത്തിൽ ആ ദീനീപ്രവർത്തനത്തെ നിലനിർത്തുകയും അതിൽ ഒരു തുടർച്ചയും കൃത്യനിഷ്ഠയും ഉണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ ആ പ്രവർത്തനം അടിസ്ഥാന ശർഇനും കർമശാസ്ത്രനിയമത്തിനും അനുഗുണമായതായിരിക്കും. ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് അഹ്മദിയ്യാ ജമാഅത്ത് ജനാസ ഗാഇബ് നമസ്കാരത്തെ അനുകൂലിക്കുന്നത്. നബി(സ) തിരുമേനി ഹബ്ശയുടെ രാജാവായ നജാശിയുടെ (അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു) ജനാസ നമസ്കാരം അദ്ദേഹത്തിന്റെ മൃതശരീരം മുന്നിൽ ഇല്ലാത്ത നിലയിൽ അനുഷ്ഠിക്കുകയുണ്ടായി എന്നത് വാസ്തവമാണ്. മുസ്നദ് അഹ്മദിലുള്ള ഒരു രിവായത്ത് ഇപ്രകാരമാണ്, നബിതിരുമേനി (സ) സഹാബാക്കളെ നജാശിയുടെ വഫാത്തിനെ കുറിച്ച് അറിയിപ്പ് നൽകി. പിന്നീട് സഹാബാക്കളോട് പറഞ്ഞു, അദ്ദേഹത്തിനായി ദുആ ചെയ്യുക. തുടർന്ന് സഹാബാക്കളോടൊപ്പം ജനാസാ ഗാഹിൽ എത്തുകയും മുന്നിൽ ജനാസയുള്ളപ്പോൾ നമസ്കരിക്കുന്ന തരത്തിൽ നമസ്കരിക്കുകയുണ്ടായി. തിർമിദിയിലും ഇതിന്റെ പരാമർശമുണ്ട്. നൈലുൽ അവ്താറിൽ എഴുതിയിരിക്കുന്നു, ഫിഖ്ഹിന്റെ പ്രസിദ്ധ പണ്ഡിതരായ ഹദ്റത്ത് ഇമാം ശാഫി (റഹ്)യും ഹദ്റത്ത് ഇമാം അഹ്മദ് ഇബ്നു ഹമ്പൽ (റഹ്)യും അധിക പൂർവ്വമഹാന്മാരും ജനാസ ഗാഇബിന്റെ അഭിപ്രായക്കാരാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, ജനാസയിൽ പങ്കെടുക്കാൻ സാധിക്കാത്തവർ സ്വന്തം ദുആ ചെയ്യുക. അല്ലെങ്കിൽ ജനാസ ഗാഇബ് നമസ്കരിക്കുക. ഇതു സംബന്ധമായി അഹ്മദിയ്യാ ജമാഅത്ത് പൊതുവിൽ താഴെ കൊടുത്തിരിക്കുന്ന അവസ്ഥയിൽ ജനാസ ഗാഇബ് നമസ്കാരം ഉത്തമമാണെന്ന് കരുതുന്നു:-

1. പ്രധാനപ്പെട്ട ഏതെങ്കിലും വ്യക്തി വഫാത്താവുകയും കേന്ദ്രത്തിൽ നിന്ന് ജനാസ ഗാഇബിനുള്ള നിർദേശം ഉണ്ടായിരിക്കുകയും ചെയ്യുക.
2. സംഭവ സമയത്ത് നമസ്കരിക്കാൻ ആരും ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും കാരണത്താൽ വളരെ കുറച്ച് പേർക്ക് മാത്രമേ ജനാസയിൽ പങ്കെടുക്കാൻ സാധിച്ചുള്ളു എന്ന കാരണത്താൽ പ്രാദേശിക ജമാഅത്ത് ഐക്യകണ്ഠേന ജനാസ ഗാഇബിനുള്ള തീരുമാനം എടുക്കുകയും ചെയ്യുക.
3. കാലത്തിന്റെ ഇമാം എന്തെങ്കിലും പ്രത്യേക കാരണത്താൽ മർഹൂമിന്റെ ജനാസ ഗാഇബ് നമസ്കരിക്കുന്നത് അനുചിതമായി കരുതുകയോ അല്ലെങ്കിൽ അതിന് നിർദേശിക്കുകയോ ചെയ്യുക.

(ഫിഖ്ഹ് അഹ്മദിയ്യ: പേജ് 253)

പുണ്യാത്മാക്കൾ

# ഹദ്റത്ത് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

**ജനനം:** 1893 ഫെബ്രുവരി 2 ന് ജില്ല സിയാൽക്കോട്ടിലെ ഡസ്കയിൽ.
പിതാവ്: ഹദ്റത്ത് ചൗധരി നസ്റുല്ലാ ഖാൻ സാഹിബ്(റ), മാതാവ്: ഹദ്റത്ത് ഹുസൈൻ ബീബി സാഹിബ(റ).

**പ്രാരംഭ വിദ്യാഭ്യാസം**

സിയാൽക്കോട്ട് നിന്ന് മെട്രിക് പാസ്സായതിനു ശേഷം ലാഹോറിലെ ഗവർമെന്റ് കോളേജിൽ നിന്ന് ഇന്റർ മീഡിയേറ്റും പിന്നീട് ഗ്രാജ്വേഷനും കരസ്ഥമാക്കി. അതിനിടയിൽ 1904 സെ



പ്റ്റംബർ 4 ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)മായി കൂടിക്കാഴ്ചക്കുള്ള സൗഭാഗ്യം ലഭിച്ചു. അന്നു മുതൽ തന്നെ ആ മഹാത്മാവിൽ പരിപൂർണ്ണ വിശ്വാസം കൈവന്നിരുന്നു.

**ബൈഅത്ത്**

മാതാപിതാക്കൾ ബൈഅത്ത് ചെയ്ത സമയത്ത് അദ്ദേഹവും അവരോടൊത്ത് സന്നിഹിതനായിരുന്നെങ്കിലും പിന്നീട് ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ പ്രേരണയാൽ 1907 സെപ്റ്റംബർ 16 ന് ഖാദിയാനിൽ എത്തി ളുഹർ നമസ്കാരാനന്തരം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കയ്യിൽ നേരിട്ട് ബൈഅത്തു ചെയ്തു.

**വിദേശത്തേക്ക്**

ഗ്രാജ്വേഷന് ശേഷം ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കുന്നതിന്നായി അദ്ദേഹത്തെ ഇംഗ്ലണ്ടിലേക്ക് അയച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ(റ) ദുആയോടു കൂടിയാണ് അദ്ദേഹം പുറപ്പെട്ടത്. ഇംഗ്ലണ്ട് വാസത്തിനിടയിൽ അദ്ദേഹം നിയമത്തിൽ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി. അതോടൊപ്പം തന്നെ ആ കാലയളവിൽ നിരവധി പേർക്ക് സത്യസന്ദേശം എത്തിക്കുന്നതിനുള്ള തൗഫീഖും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.

**മടക്കം**

വിദ്യാഭ്യാസ പൂർത്തീകരണത്തിന് ശേഷം 1914 നവംബറിൽ അദ്ദേഹം സ്വദേശത്തേക്ക് മടങ്ങി വന്നു. തുടർന്ന് സിയാൽക്കോട്ടിൽ നിയമപരിശീലനത്തിൽ മുഴുകി. ഈ കാലയളവിൽ ചില സുപ്രധാന കേസുകളിൽ ജമാഅത്തിന് സേവനം ചെയ്യുന്നതിനുള്ള അവസരവും ലഭിച്ചിരുന്നു. പിന്നീട് അദ്ദേഹം ലാഹോറിലെത്തി പരിശീലനം ആരംഭിച്ചു.

**ഉത്തരവാദിത്വങ്ങൾ**

ആ സമയത്ത് അദ്ദേഹത്തിന് ഒരു നീണ്ട കാലം ലാഹോർ ജമാഅത്തിന്റെ സദറായി സേവനമനുഷ്ടിക്കുന്നതിനുള്ള തൗഫീഖും ലഭിച്ചു. ചൗധരി സാഹിബ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ നിർദേശമനുസരിച്ച് പാക്കിസ്ഥാൻ രൂപീകരണത്തിന് വേണ്ടി നിരന്തരമായി പരിശ്രമിച്ചു കൊണ്ടേയിരുന്നു. തൽസംബന്ധമായി പല സുപ്രധാന വകുപ്പുകളുടേയും ഭാരവാഹിത്വം അദ്ദേഹം വഹിച്ചിരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു ഭാരവാഹിത്വം All India Muslim Leage ന്റെ പ്രസിഡന്റ് പദവിയായിരുന്നു.

**വിദേശകാര്യ മന്ത്രി പദവിലേക്ക്**

മുഹമ്മദ് അലി ജിന്ന അദ്ദേഹത്തിൽ പരിപൂർണ്ണമായും വിശ്വാസമർപ്പിച്ചിരുന്നു. അതു കൊണ്ടു തന്നെയാണ് ചൗധരി സാഹിബിനെ തന്റെ സുപ്രധാന സഹപ്രവർത്തകനായി അദ്ദേഹം അംഗീകരിച്ചിരുന്നത്. അതിന്റെ സാക്ഷ്യപത്രമെന്നോണമാണ് പാക്കിസ്ഥാൻ രൂപീകരണത്തിന് ശേഷം പാക്കിസ്ഥാൻ ഭരണകൂടത്തിന്റെ രണ്ട് ഉന്നത പദവികളിൽ ഒന്ന് സ്വീകരിക്കുന്നതിനായി ചൗധരി സാഹിബിനോട് അഭ്യർത്ഥിച്ചത്. അതിൽ ഒന്ന് പാക്കിസ്ഥാൻ ചീഫ് ജസ്റ്റീസ് പദവിയും, രണ്ടാമത്തേത് വിദേശകാര്യമന്ത്രിയുടെ പദവിയുമായിരുന്നു. അദ്ദേഹം വിദേശകാര്യമന്ത്രിയുടെ പദവിയാണ് സ്വീകരിച്ചത്. തുടർന്ന് 1954 വരെ അദ്ദേ



ഹം തുടർച്ചയായി 7 വർഷം പ്രസ്തുത പദവിയിൽ അവരോധിതനായി.



**ലോകത്തിലെ ഉന്നത പദവിയിലേക്ക്**

അതിനു ശേഷം 1954 മുതൽ 1961 വരെ അദ്ദേഹം അന്തർദേശീയ നീതിന്യായ കോടതിയിൽ ജഡ്ജിയും വൈസ് പ്രസിഡന്റുമായി നിയമിതനായി. തുടർന്ന് 1961 മുതൽ 1964 വരെ ന്യൂയോർക്കിലെ പാക്കിസ്ഥാൻ അംബാസിഡറായി നിയമിതനായി. 1962ലും 63ലും ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി സമ്മേളനത്തിൽ അദ്ധ്യക്ഷപദവി അലങ്കരിച്ചു.



**ജമാഅത്തിനു നൽകിയ സേവനങ്ങൾ**

1919മുതൽ 1935 വരെ ലാഹോർ ജമാഅത്ത് അമീർ. 1922 ൽ വേൽസ് രാജകുമാരൻ ലാഹോർ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന് ഉപഹാരമായി സമർപ്പിക്കുന്നതിന് ഹദ്റത്ത് ഖലീ ഫത്തുൽ മസീഹ് സാനി (റ) രചിച്ച തുഹ്ഫ ശഹ്സാദയെ വേൽസ് എന്ന ഗ്രന്ഥം രാജകുമാരന് സമർപ്പിക്കുന്നതിനായി നിയോഗി പ്പെട്ട സംഘത്തിൽ അദ്ദേഹവും അംഗമായിരുന്നു. 18 വർഷം അദ്ദേഹത്തിന് മജ്ലിസ് മുശാവറത്തിന്റെ അവസരത്തിൽ സെക്രട്ടറിയായി സേവനമനുഷ്ടിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. ഖലീഫത്തുൽ മസീഹ് സാനി (റ) 1924 ൽ ലണ്ടനിലെ വേംബ്ലയിൽ നടന്ന ലോകമത സമ്മേളനത്തിനായി തയ്യാറാക്കിയ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം എന്ന ഉപന്യാസം അവിടെ അവതരിപ്പിക്കുന്നതിനുള്ള തൗഫീഖും അദ്ദേഹത്തിനാണ് ലഭിച്ചത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ ആദ്യ യൂറോപ്പ് പര്യടനവേളയിൽ ഹുസൂറിന്റെ സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ടിച്ചിരുന്നു.



# ഇമാമുസമാന്റെ ഫത്‌വകൾ

## വിവാഹാവസരത്തിലെ പെൺകുട്ടികളുടെ ഗാനാലാപനം

ചോദ്യം: പെൺകുട്ടിയുടേയും, ആൺകുട്ടിയുടേയും വീടുകളിലെ മുതിർന്ന പെൺകുട്ടികൾ ചേർന്ന് വീട്ടിൽ ഗാനമാലപിക്കുന്നത് ശരിയാണോ?

ഉത്തരം: പാട്ട് അശ്ലീലമല്ലാത്തതും പരിശുദ്ധവുമാണെങ്കിൽ ഒരു കുഴപ്പവുമില്ല. നബി(സ) മദീനയിൽ ചെന്നപ്പോൾ അവിടത്തെ പെൺകുട്ടികൾ ഒരുമിച്ച് ചേർന്നുക്കൊണ്ട് നബി(സ) വരവിനെ ആശംസിച്ചു ഗാനമാലപിച്ചിരുന്നു. ആ സന്ദർഭത്തിൽ പെൺകുട്ടികൾ പാടിയ ആദ്യപാട്ടിന്റെ വരി ഇപ്രകരമായിരുന്നു. **ത്വല ഉൽ ബദറു അലൈനാ, മിൻ സിൻയാത്തിൽ വിദാഈ**, അതായത്, ചന്ദ്രൻ ഞങ്ങളിൽ സിൻയാത്തിൻ വിദാഇൽ ഉദിച്ചുയർന്നു കഴിഞ്ഞിരിക്കുന്നു. സിൻയാത്തിൽ വിദാഈ എന്നു പറയുന്നത് ഒരു താഴ്‌വരയുടെ പേരാണ്. നബി(സ) മക്കയിൽ നിന്നു വന്നപ്പോൾ ഈ താഴ്‌വരയിലൂടെ കടന്നുക്കൊണ്ടാണ് മദീനയിൽ പ്രവേശിച്ചത്.

മസ്ജിദുന്നബവിയിൽ ഒരു സ്വഹാബി നല്ല ഈണത്തിമേൽ പദ്യം ആലപിച്ചപ്പോൾ ഹദ്റത്ത് ഉമർ(റ)അതിനെ വിലക്കുകയുണ്ടായി. ആ സ്വഹാബി പറഞ്ഞു. ഞാൻ നബി(സ)യുടെ സദസ്സിൽ പാടിയിട്ടുണ്ട്. അ പ്പോൾ അതിനെ നബി(സ) തടഞ്ഞില്ല, മറിച്ച് ഒരു പ്രാവശ്യം കൂടി അദ്ദേഹത്തിന്റെ കവിത കേൾക്കുകയാണ് ചെയ്തത്. അതിനു ശേഷം അദ്ദേഹത്തിനു വേണ്ടി റഹ്മത്തുള്ളാഹ് (അല്ലാഹുവിന്റെ കരുണയുണ്ടാകട്ടെ) എന്നു പറയുകയുമുണ്ടായി. ആരെയെങ്കിലും കുറിച്ച് നബി(സ) അങ്ങനെ പറഞ്ഞാൽ അയാൾ ശഹീദാക്കപ്പെടുകയാണ് പതിവ്.

ചുരുക്കത്തിൽ അശ്ലീലവും, അസഭ്യവുമായ പാട്ടുകളല്ലെങ്കിൽ അത് അനുവദനീയമാണ്. എന്നാൽ പുരുഷൻമാർ സ്ത്രീകളുടെ സദസ്സിൽ ഇരിക്കാൻ പാടുള്ളതല്ല. ചെറിയ രീതിയിലെങ്കിലും അശ്ലീലമുണ്ടെങ്കിൽ അത് അനുവദനീയവുമല്ല.

മനുഷ്യന് സ്വയം തീരുമാനമെടുക്കാൻ കഴിയുന്ന കാര്യങ്ങളാണ് ഇവ. ഒരു കാര്യം തഖ്‌വക്ക് നിരക്കാത്തതും, അല്ലാഹുവിന്റെ തൃപ്തിക്ക് വിരുദ്ധവും, ജനങ്ങൾക്ക് അതു കൊണ്ട് ഒരു പ്രയോജനവും ഇല്ലെങ്കിൽ അത് അനുവദനീയമല്ല. പിന്നെ അമിതവ്യയം ചെയ്യുകയാണെങ്കിൽ അതും കഠിനമായ പാപമാണ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാണ് ചെയ്യുന്നതെങ്കിൽ അതും പാപമാണ്. ചുരുക്കത്തിൽ, ഏതെങ്കിലും ഒരു കാര്യത്തിൽ അമിതവ്യയവും, അശ്ലീലവും, ഉണ്ടെങ്കിൽ അത് വിലക്കപ്പെട്ടതാണ്. ഇവിടെ പരിശുദ്ധമായ കാര്യങ്ങൾ വിലക്കപ്പെട്ടതല്ല. പാപമല്ല.

(ഫത്താവാ അഹ്മദിയ്യ
ഭാഗം -2 പേജ് 17-18)

*വിവ: മുഹമ്മദ് നജീബ് ഖാൻ*

---

**സമർപ്പണത്തിന്റെ ഉന്നത മാതൃക**

1944 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ജമാഅത്തംഗങ്ങളോട് തങ്ങളുടെ സ്വത്ത് വഖ്ഫ് ചെയ്യുന്നതിനുള്ള ആഹ്വാനം നടത്തിയപ്പോൾ അദ്ദേഹം തന്റെ സകല സ്വത്തുക്കളും തന്റെ യജമാനന്റെ കാൽകീഴിൽ സമർപ്പിച്ചു കൊണ്ട് വഖഫിന് സന്നദ്ധനായി.

**ഒരു സ്വപ്നവും അതിന്റെ പുലർച്ചയും**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ചൗധരി സാഹിബിന് എന്തോ അപകടം സംഭവിക്കുന്നതായി സ്വപ്നം കാണുകയുണ്ടായി. തുടർന്ന് അദ്ദേഹം വളരെയധികം ദുആ ചെയ്യുകയും സദഖ നൽകുകയും ചെയ്തു. ആ സമയത്ത് ചൗധരി സാഹിബ് ന്യൂയോർക്കിലായിരുന്നു. അവിടെ നിന്ന് മടങ്ങിയ അദ്ദേഹം സുരക്ഷിതനായി പാക്കിസ്ഥാനിൽ എത്തി. പിന്നീട് കറാച്ചിയിലേക്കുള്ള യാത്രാ മദ്ധ്യേ അദ്ദേഹത്തിന് ഭയാനകമായ അപകടം ഉണ്ടായി. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താലും ഹുസൂറിന്റെ ദുആയുടെ ഫലമായും അദ്ദേഹം അൽഭുതകരമായി രക്ഷപ്പെട്ടു.



**മക്കയിൽ**

1958 ൽ അദ്ദേഹം ഉംറ നിർവഹിക്കുന്നതിന്നായി മക്കയിലേക്ക് പുറപ്പെട്ടു. ആ യാത്രയിൽ അദ്ദേഹം അബ്ദുൽ അസീസ് ഇബ്നു സഊദുമായി കൂടിക്കാഴ്ച നടത്തുകയും അദ്ദേഹത്തിന്റെ അതിഥിയായി കഴിയുകയും ചെയ്തു. പിന്നീട് 1967 ൽ അദ്ദേഹം ഹജ്ജ് കർമം നിർവഹിക്കുകയും ചെയ്തു.



**ദീനീസേവനത്തിനായി വഖ്ഫ് ചെയ്യുന്നു**

1977 ൽ ലോക കോടതിയിൽ നിന്നും വിരമിച്ച് ചൗധരി സാഹിബ് ദീനീസേവനത്തിനായി സ്വയം സമർപ്പിതനായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ (റഹ്) നിർദേശാനുസരണം അദ്ദേഹം 1983 വരെ ലണ്ടനിലെ മസ്ജിദ് ഫള്ലിനോട് ചേർന്ന കെട്ടിടത്തിൽ താമസിച്ചു.



**ഖലീഫ റാബിഇന്റെ കയ്യിൽ ആദ്യ ബൈഅത്ത്**

1982 ൽ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബിനെ (റഹ്) നാലാം ഖലീഫയായി തിരഞ്ഞെടുത്തപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സഹവാസത്തിൽ കഴിഞ്ഞ വ്യക്തിയായിരിക്കണം തന്റെ കയ്യിൽ ആദ്യം ബയ്അത്ത് ചെയ്യേണ്ടത് എന്ന ഹുസൂറിന്റെ ആഗ്രഹപ്രകാരം ചൗധരി സാഹിബിന് ആദ്യ ബയ്അത്ത് ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു. 1983 നവംബർ 6 ന് അദ്ദേഹം ഇംഗ്ലണ്ടിൽ നിന്നും പാക്കിസ്ഥാനിലേക്ക് മടങ്ങി.

**ഗ്രന്ഥങ്ങൾ**

എന്റെ ഉമ്മ, ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ), തഫ്സീർ സഗീറിന്റെ മാതൃകയിൽ ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷ.

**വഫാത്ത്.**


1985 സെപ്റ്റംബർ ഒന്നിന് 92 -ാം വയസ്സിൽ അദ്ദേഹം വഫാത്തായി.




**നമസ്കാര പാഠങ്ങൾ**

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

# അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ



സൂറഫാതിഹ ആരംഭിക്കുന്നത് بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ ലൂടെയാണ്. അതു കൂടാതെ യുള്ള ആദ്യത്തെ ആയത്ത് اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നാണ്.

اَلْحَمْدُഎന്നതിന്റെ അർത്ഥം എല്ലാ സ്തുതികളും എന്നാണ്. اَلْحَمْدُവിൽ പല അർത്ഥങ്ങളുമുണ്ട്. അൽ എന്നത് അറബിയിലെ ഒരു പദമാകുന്നു. അതിനെ ഇംഗ്ലീഷിൽ The എന്നും പറയുന്നു. ഇത് ഇംഗ്ലീഷിലെ Difinite Article ആകുന്നു. ഈ The യിൽ പല അർത്ഥങ്ങളും ഉണ്ടാകുന്നു. اَلْحَمْدُഎന്നതിന്റെ അർത്ഥം Perfect Praise എന്നാകുന്നു.The ചില സമയത്ത് Perfectionനു വേണ്ടിയും ഉപയോഗിക്കുന്നു. അൽഹംദു എന്നതിന്റെ അർത്ഥം All Praises എന്നായി.

اَلْحَمْدُ എന്നതിന്റെ അർത്ഥം The യിലൂടെയല്ലാതെ നിങ്ങൾക്ക് മനസിലാക്കിത്തരാം. اَلْحَمْدُ എന്നതിന്റെ അർത്ഥം യഥാർത്ഥ സ്തുതി. സ്തുതി എന്ന് പറയാൻ കഴിയുന്ന സ്തുതി. He is the man എന്നു പറയുന്നതു പോലെ. അതായത് മനുഷ്യഗുണങ്ങളുള്ള The എന്ന് പറയാൻ കഴിയുന്ന വ്യക്തി. He is the man. അപ്പോൾ The എന്ന പദത്തിനും പല അർത്ഥങ്ങളുണ്ട്. اَلْحَمْدُവിലെ അൽ എന്നത് The യുമായി സദൃശ്യമുള്ളതാണ്.

സ്തുതി എന്ന് പറയാൻ പറ്റുന്ന സ്തുതിയാണ് اَلْحَمْدُ لِلّٰهِ അതായത് അല്ലാഹുവിന് മാത്രമാണ്. മറ്റെല്ലാ സ്തുതികളും വ്യാജം. അല്ലാഹുവിന് മാത്രമുള്ളതാണ് സ്തുതി. മറ്റെല്ലാ സ്തുതികളും ഈ സ്തുതിയിൽ ഉൾക്കൊള്ളുന്നു. സ്തുത്യർഹമായ വസ്തുക്കൾ, ഗുണങ്ങളുള്ളവ, നിങ്ങൾക്ക് വസ്തുക്കൾ നല്ലതായി തോന്നിയാൽ പറയുന്നു, اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എല്ലാ നല്ല കാര്യങ്ങളും അല്ലാഹുവിൽ നിന്ന് പുറപ്പെടുകയും നമുക്ക് ദൃശ്യമാകുകയും നമുക്ക് ഗുണപ്രദമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ ആദ്യപദമായ اَلْحَمْدُവിൽ നിങ്ങൾ എത്ര എത്രത്തോളം ചിന്തിക്കുന്നുവോ, മുഴുവൻ ഖുർആന്റേയും സംക്ഷിപ്തം اَلْحَمْدُവിൽ വന്നിരിക്കുന്നു എന്നോർത്ത് കൊണ്ട് നിങ്ങൾക്ക് കൂടുതൽ ആനന്ദം ലഭിക്കുന്നതാണ്.

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِശേഷം വരുന്ന ആദ്യപദമാണ് اَلْحَمْدُ. അതിൽ നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ മുഴുവൻ ഖുർആനും അതിൽ ഉൾക്കൊള്ളുന്നു. ലോകത്തുള്ള സ്തുത്യർഹമായ എല്ലാ വസ്തുക്കളും അല്ലാഹുമായി ബന്ധപ്പെട്ടതാണെങ്കിൽ സ്തുതിക്കർഹമാണ്. അല്ലാഹുവിനെ വിട്ടുകൊണ്ട് ഒന്നിന്റേയും സ്തുതിയില്ല. ഇതാണ് اَلْحَمْدُ എന്നതിന്റെ ഒരർത്ഥം. നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്ന എല്ലാ നല്ല വസ്തുക്കളും എല്ലാ സ്തുതികളും നല്ലതാകുന്നത് അല്ലാഹുവാണ് അവയെ സൃഷ്ടിച്ചത് എന്ന കാരണത്താലാണ്. ഒരു മനുഷ്യൻ നല്ലവനാണെങ്കിൽ അവനെ നല്ലവൻ എന്ന് പറയുന്നത് എന്തുകൊണ്ടാണ്? കാരണം അവ നിൽ അല്ലാഹുവിന്റെ ഗുണങ്ങൾ കാണേണ്ടതാണ്. اَلْحَمْدُ എന്നു പറയുന്നത് അതിൽ അല്ലാഹുവി ന്റെ ഗുണങ്ങൾ ഉൾക്കൊള്ളിട്ടുണ്ടെങ്കിലാണ്. അപ്പോൾ അത് നല്ലതാകുന്നു. റസൂൽ തിരുമേനി (സ) ലാണ് അല്ലാഹുവിന്റെ ഗുണങ്ങൾ ഏറ്റവും കൂടുതലായി ഉണ്ടായിരുന്നത്. അപ്പോൾ اَلْحَمْدُവിൽ റസൂൽ തിരുമേനി (സ)യുടെ നാമവും ഉൾപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാര്യം വളരെ മനോഹരമായ നിലയിൽ പരാമർശിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു, اَلْحَمْدُവിൽ മുഹമ്മദ് (സ) യും ഉൾപ്പെടുന്നു. കാരണം اَلْحَمْدُപറയു ന്നതിന് രണ്ടു മാർഗങ്ങളാണ് ഉള്ളത്. ഒന്ന് اَلْحَمْدُ لِلّٰهِ എല്ലാ സ്തുതികളും അല്ലാഹുവിനാകുന്നു. രണ്ടാമത്തെ അർത്ഥം അല്ലാഹുവിന്റേതാണ് യഥാർത്ഥസ്തുതി.

നാം ചെയ്യുന്ന എല്ലാ നല്ല സ്തുതിയും അല്ലാഹുവിലേക്കാണ് പോകുന്നത് എന്നതാണ് ഒന്നാമത്തെ അർത്ഥം. അല്ലാഹു ചെയ്യുന്നതാണ് യഥാർത്ഥ സ്തുതി എന്നതാണ് രണ്ടാമത്തെ അർത്ഥം. അല്ലാഹു ആരെയാണോ സ്തുതിക്കുന്നത് അത് സത്യവും ബാക്കിയുള്ളതെല്ലാം കള്ളവുമാകുന്നു.

റസൂൽ തിരുമേനി(സ) യാണ് അല്ലാഹുവിനെ ഏറ്റവും കൂടുതൽ സ്തുതിച്ചത് എന്ന നിലയിൽ തിരുമേനിയുടെ നാമം അഹ്മദ്(സ) എന്നാകുന്നു. മറ്റൊരാളെ ധാരാളമായി സ്തുതിക്കുന്നവനെയാണ് അഹ്മദ് എന്നു പറയുന്ന ത്. കൂടുതൽ സ്തുതിച്ചതിന്റെ ഫലമായി അല്ലാഹു തിരുമേനിയുടെ നാമം അഹ്മദ് (സ) എന്ന് വെച്ചു. മുഹമ്മദ് (സ) സ്തുതിച്ച അല്ലാഹുവിന്റെ സ്തുതി പരിപൂർണ്ണ സ്തുതിയാകുന്നു. അത് മനുഷ്യന് അനിവാര്യമാകുന്നു. മറ്റെല്ലാ നബിമാരുടേയും സ്തുതികളിൽ നിങ്ങൾക്ക് എന്തെങ്കിലും ന്യൂനത കാണാൻ സാധിക്കുന്നതാണ്. അതിനുള്ള തെളിവ് അല്ലാഹു തിരുമേനി (സ)യുടെ നാമം അഹ്മദ് എന്നതു കൂടാതെ മുഹമ്മദ് എന്നും വെച്ചിട്ടുണ്ട് എന്നതാണ്. അല്ലാഹു പിന്നീട് തിരുമേനി (സ)യെ ധാരാളം സ്തുതിച്ചു. അത്യധികം സ്തുതിക്കപ്പെടുന്നവനെയാണ് മുഹമ്മദ് എന്നു പറയുന്നത്. അല്ലാഹു കൂടുതൽ മറുപടി പറയുന്നവനാണ് എന്നതിനാൽ മുഹമ്മദ് എന്ന പദത്തിൽ കൂടുതൽ പ്രബലത കൈവരുന്നു. കാരണം അല്ലാഹു അർക്കും നന്ദി പറയാറില്ല. അല്ലാഹു സ്തുതിക്കുന്നത് മനുഷ്യന്റെ സ്തുതിക്ക് മറുപടിയായായിട്ടാണ്. പിന്നീട് അവൻ വളരെയധികം സ്തുതിക്കുന്നു. ചുരുക്കത്തിൽ റസൂൽ തിരുമേനി (സ)യുടെ അഹ്മദും മുഹമ്മദും എന്ന നാമം اَلْحَمْدُവിൽ ഉൾക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് اَلْحَمْدُന്ന പദം മുഴുവൻ ഖുർആന്റെയും സംക്ഷിപ്തമാണെന്ന് ഞാൻ പറഞ്ഞത്. എല്ലാ സ്തുതികളും. പ്രപഞ്ചത്തിലുള്ള എല്ലാ നല്ല വസ്തുക്കളും അല്ലാഹുവിന് വേണ്ടിയുള്ളതാണ്. പരിപൂർണ്ണ സ്തുതി അവന്റേതാകുന്നു. അതല്ലാതെയുള്ള ഒരു സ്തുതിയും സ്തുതിയല്ല. ഏറ്റവും കൂടുതൽ സ്തുതിക്കുന്നവൻ അഹ്മദ് (സ) ആയിരുന്നു. അല്ലാഹുവിനാൽ ഏറ്റവും കൂടുതൽ സ്തുതിക്കപ്പെട്ട വ്യക്തി മുഹമ്മദ് (സ) ആകുന്നു. اَلْحَمْدُഎന്നതിൽ ഈ എല്ലാ കാര്യങ്ങളും ഉൾപ്പെ ടുന്നു.

പിന്നീട് മനുഷ്യൻ പറയുന്നു, اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ റസൂൽ തിരുമേനി (സ)യെ സൃഷ്ടിക്കുക മാത്രമല്ല, തിരുമേനി(സ)യിൽ ഇത് അവസാനിക്കു ന്നുമില്ല, അവൻ മുഴുലോകത്തേയും പരിപാലിക്കുന്നു. അഥവാ മുഹമ്മദ് (സ) യു ടെ പരിപാലനം ഇത്ര നല്ലതാകാമെങ്കിൽ എല്ലാവരും എന്തിന് പിന്നിലായി? നാഥൻ അവൻ തന്നെയാണ്. റസൂൽ(സ)യ്ക്ക് വ്യക്തിഗത സവിശേഷത ഒന്നും ഉണ്ടായിരു ന്നില്ല. അല്ലാഹുവിന്റെ കാരണത്താലാണ് അത് സംജാതമായത്. മുഹമ്മദ് (സ) യെ പരിപാലിച്ച അതേ അസ്തിത്വം തന്നെയാണ് മുഴുലോകത്തേയും, എല്ലാ കാലഘട്ടത്തേയും, എല്ലാ വസ്തുക്കളേയും പരിപാലിച്ചത്. ആ മഹാത്മാവിന് ഇത്ര ഉന്നതി പ്രാപിക്കാൻ സാധിക്കുമെങ്കിൽ മറ്റുള്ളർ എന്തുകൊണ്ട് തിരുമേനി (സ)യെ പിന്തുടരുന്നില്ല. അവർക്കും ഇത്തരത്തിൽ ഉന്നതി പ്രാപിക്കാൻ കഴിയുന്നതാണ്. തൗഫീഖില്ലായെങ്കിൽ അത് വേറെ കാര്യം. എന്നാൽ മാർഗം തുറന്ന് കിടക്കുന്നുണ്ട്. ഇതാണ് اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നതിന്റെ അർത്ഥം.

ഇനി ഈ അർത്ഥം ചിന്തിക്കുന്നതിനായി നിങ്ങൾക്ക് ഒരു കാലഘട്ടം തന്നെ വേണം. എല്ലാ നമസ്കാരത്തിലും اَلْحَمْدُഎന്നു പറയുമ്പോൾ എല്ലാ കാര്യങ്ങളും ചിന്തയിൽ വരിക അസാധ്യമാണ്. അതിനുള്ള പരിഹാരം ഓരോ പ്രാവശ്യവും اَلْحَمْدُ എന്നു പറയുമ്പോൾ ഏതെങ്കിലും നല്ല കാര്യം തീർച്ചയായും ഓർക്കുക. അത് നിങ്ങളുടെ അവസ്ഥയുമായി ബന്ധമുള്ളതുമാകാം.

(ഉർദു ക്ലാസ്: നമ്പർ 310, 11.10.97)

**(സമ്പാ: അബൂ അബ്ദുൽ ബാരി)**

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: ഇബ്നു.എസ്.ഹമീദ്

# ഈസാനബിയുടെ ആകാശവാസം ഖുർആൻ കൊണ്ട് സ്ഥാപിക്കു !

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മുക്റമി ഹദ്റത് മൗലവി സാഹിബ് സല്ലമഹു

السلام علیکم ورحمة الله وبرکاته

ജനാബ്, താങ്കൾക്കറിയാം, ഈ തർക്കത്തിൽ യഥാർഥ വിഷയം ഹ: ഈസാനബിയുടെ മരണം അല്ലെങ്കിൽ ജീവിതമാണ്. എന്റെ ഇൽഹാമിലും ഇതു തന്നെയാണ് യഥാർഥത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഇൽഹാം ഇങ്ങനെയാണ്: **"മസീഹ്ബ്നു മർയം റസൂലുല്ലാഹ് മരണപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വർണത്തിൽ, വാഗ്ദാനപ്രകാരം നീ വന്നിരിക്കുന്നു."** ഇൽഹാമിലും ആദ്യത്തേതും, പ്രധാനമായതുമായ സംഗതി മസീഹ് ഈസബ്നു മർയം മരണപ്പെട്ടിരിക്കുന്നു എന്നതാണ്. ഇതിനെ പ്രസപഷ്ട്മാക്കുന്നതും, ബുദ്ധിയുള്ളവർ മനസിലാക്കുന്നതും, ഇൽഹാമിന്റെ ആദ്യഭാഗം തെറ്റാണെങ്കിൽ രണ്ടാം ഭാഗവും തെറ്റായിരിക്കാമെന്നാണ്. കാരണം അല്ലാഹു എന്റെ പ്രഖ്യാപനത്തിനുള്ള ശരിയായ നിബന്ധന, മസീഹിന്റെ മരണമാണെന്ന് പറയുന്നു. നിബന്ധന തെറ്റിയാൽ നിബന്ധനയുടെ ഫലവും തെറ്റാവും, എന്നു പറയും പോലെ, ഈസാനബി ജീവിച്ചിരിക്കുന്നെങ്കിൽ എന്റെ വാദവും സ്വയം പൊളിയുന്നതാണ്. അല്ലാതെ, എന്റെ മസീഹ് വാദത്തെ, അകാരണമായി നിർബന്ധപൂർവ്വം അംഗീകരിക്കണമെന്നേയില്ല. മസീഹ് ഇബ്നു മർയം മരണപ്പെട്ടെന്ന് വ്യക്തമായാൽ, അല്ലാഹുവിനെ ഭയന്നുകൊണ്ട്, എന്റെ കൂടെ താമസിച്ച്, എന്റെ വാദഗതികളെ അറിയാൻ ശ്രമിക്കണമെന്നെ പറയുന്നുള്ളു.

അത് കൊണ്ട് തന്നെ (ഈസാനബിയുടെ) ജീവിതമരണവിഷയത്തിലാണ് നമുക്ക് വില നൽകുന്നത്. ചുരുക്കത്തിൽ ഈ വിഷയം തന്നെ യഥാർഥത്തിലും, സ്വഭാവികമായും ചർച്ചകൾക്കും അഭിപ്രായവ്യത്യാസത്തിനും നിദാനമാകുന്നത്. കാരണം ഞാൻ പ്രഖ്യാപിക്കുകയും സത്യം ചെയ്തു കൊണ്ട് പറയുകയും ചെയ്യുന്നു, താങ്കൾ ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന്, വിശുദ്ധഖുർആൻ കൊണ്ട് തെളിയിച്ചാൽ ഞാൻ എന്റെ വാദങ്ങളിൽ നിന്ന് പിന്മാറുകയും, ഇൽഹാമുകളെ സാത്താനികബോധനമാണെന്ന് മനസിലാക്കുകയും തൗബ ചെയ്യുന്നതുമാണ്.

ഹദറത് ! ഇതിലപ്പുറം ഇനി ഞാനെന്താണ് പറയേണ്ടത് ? അല്ലാഹു തന്നെ നിങ്ങൾക്ക് മനസിലാക്കിതരട്ടെ. വീണ്ടും ആവർത്തിക്കട്ടെ, ആദ്യം ഹ: ഈസബ്നു മർയം ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കാൻ, താങ്കൾ ഏതൊക്കെ ഖുർആനിക ആയത്തുകൾ സമർപ്പിച്ചാലും, അതൊക്കെ യാതൊരു ആക്ഷേപവുമില്ലാതെ, താങ്കളുടെ ഭാഗത്തു നിന്നുള്ള ഉറച്ച തെളിവുകളായിരിക്കണം. എന്നിരിക്കെ ആർക്കാണ് അതിനെ തകർക്കാൻ ധൈര്യം വരുക ? എന്നാൽ, താങ്കൾ വിശുദ്ധഖുർആൻ കൊണ്ട് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ, വിശുദ്ധഖുർആൻ കൊണ്ട് സ്ഥാപിക്കാൻ കഴിയുന്നില്ലെന്ന് താങ്കൾ ലിഖിത രൂപണം പ്രഖ്യാപിച്ച്, ആക്ഷേപത്തിന് കുറിമാനമായിട്ടില്ലാത്ത, സ്വഹീഹ് ഹദീസുകൾ തെളിവായി സമർപ്പിക്കാവുന്നതാണ്. അങ്ങിനെ താങ്കൾ ചെയതു കഴിഞ്ഞാൽ ആരുടെ ഭാഗത്താണ് തെളിവുകൾ ഉള്ളതെന്ന് നീതിബോധമുള്ളവർ നീതിയുക്തം മനസിലാക്കുന്നതാണ്.

വസ്സലാമു അലാ മനിത്തബഹുൽ ഹുദാ

മിർസാ ഗുലാം അഹ്മദ്

9.5.1891

*(ഹദ്റത് മസീഹ് മൗഊദ് (അ), തന്റെ സതീർഥ്യനും, പിന്നീട് എതിരാളിയുമായി തീർന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിക്ക് എഴുതിയ കത്ത്)*



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

# വഖ്ഫെ നൗ കുട്ടികളും സമ്പാദ്യവും

**വഖ്ഫെ നൗ മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്കായി കുറച്ച് ധനം കരുതിവെക്കാമോ? ജമാഅത്തിനെ സേവിക്കുന്നതിന് പ്രതിഫലമായി അവർക്ക് ലഭിക്കുന്ന വേതനത്തിനും അനുഗ്രഹത്തിനും പുറമേ ഇങ്ങനെ ചെയ്യാമോ?**

എല്ലാ വഖ്ഫെ സിന്ദഗികളുടെ കാര്യത്തിലും ഈ മാതാപിതാക്കളുടെ നിലപാട് ഇത്തരത്തിലായിരിക്കണം. ഞാൻ അതിന് പ്രോത്സാഹനം നൽകി വരുന്നു. ദാരിദ്രത്തിന്റെ ദുരിതത്തിൽ അകപ്പെടാത്ത വിധത്തിൽ ഒരു വഖ്ഫെ നൗ കുട്ടിയെയോ വഖ്ഫെ സിന്ദഗിയെയോ പ്രത്യേകിച്ച് ശ്രദ്ധിക്കാൻ മാതാപിതാക്കൾക്ക് സാധിച്ചാൽ അവൻ സ്വമേധയാ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സേവനം ഏറ്റെടുക്കുന്നതാണ്. അവന്റെ വഖ്ഫിൽ സ്വയം പങ്കാളിയായിത്തീരുവാനും മാതാപിതാക്കൾക്കും സാധിക്കും.

സാമ്പത്തികമായി വിഷമം അനുഭവിക്കുന്നില്ലെങ്കിൽ ജോലിയിലും മികവ് കാണിക്കാൻ സാധിക്കും. ഏത് അവസ്ഥയിലും നന്നായി സേവനം ചെയ്യുന്നവരുണ്ട്. എന്നാൽ എല്ലാവരും ഒരു പോലെയല്ല. അതിനാൽ അല്പം ദൗർബല്യം അനുഭവിക്കുന്നവർക്ക് ഈ പ്രത്യേക ശ്രദ്ധ സഹായകമാവും. ഇൻശാ അല്ലാഹ് ഇതാണ് ഏറ്റവും നല്ല രീതി. (ഫ്രഞ്ച് മുലാഖാത്ത് 10/05/1999)

*സമ്പാ: ഡോ.സി.സലാഹുദ്ദീൻ, കോഴിക്കോട്*

ചരിത്രം

ഇഷ്

# ചായ വന്ന വഴി

ചങ്കേസ് ഖാന്റേയോ അയാളുടെ മക്കളുടെയോ ലക്ഷക്കണക്കിന് പടയാളികളടങ്ങിയ ഒരു സൈന്യം ഒരു പ്രദേശത്തെ ആക്രമിക്കുന്നതിനായി പുറപ്പെട്ടു. വഴിയിൽ അവർ താവളമടിച്ച സ്ഥലത്ത് കോളറ പടർന്നു പിടിച്ചു. സൈന്യാധിപൻ വൈദ്യരെ വിളിപ്പിച്ചു. ഈ വിപത്തിൽ നിന്നും രക്ഷ നേടുന്നതിനുള്ള മാർഗം ആരാഞ്ഞു. വൈദ്യർ സൈന്യാധിപനും മറ്റ് ഉന്നത ഉദ്യോഗസ്ഥൻമാർക്കും വെള്ളം തിളപ്പിച്ചു കുടിക്കുന്നതിനുള്ള നിർദേശം നൽകി.... അങ്ങനെ അവർ വെള്ളം തിളപ്പിച്ച് കുടിക്കാൻ തുടങ്ങി. പക്ഷേ തിളപ്പിച്ച വെള്ളത്തിന്റെ രുചി അവർക്ക് അരോചകമായി തോന്നി. യാദൃശ്ചികമായി വനത്തിലൂടെ കടന്നുപോയ അവരുടെ ഏതാനും ആൾക്കാർ നല്ല സുഗന്ധമുള്ള ഇല കണ്ടു. അവർ ആ ഇല പറിച്ചു കൊണ്ടു വന്നു. പരീക്ഷണം നടത്താൻ തീരുമാനിച്ചു. തിളച്ച വെള്ളത്തിൽ ആ ഇല ഇട്ട പ്പോൾ അതിന്റെ രുചി അവർക്ക് നല്ലതായി തോന്നി. പിന്നീട് അതിനെ കുറിച്ച് നിരീക്ഷണം നട ത്തിയപ്പോൾ അത് വെള്ളത്തിന്റെ രുചി ആസ്വാദ്യമാക്കി മാറ്റുക മാത്രമല്ല മറിച്ച് ആമാശയത്തിലുണ്ടാകുന്ന നീറ്റലും വേദനയും ദൂരീകരിക്കുകയും ചെയ്യുന്നു എന്ന് കണ്ടെത്തി. അങ്ങനെ വൈദ്യരുടെ അഭിപ്രായം മാനിച്ചു കൊണ്ട് സൈന്യാധിപൻ മുഴുവൻ പടയാളികൾക്കും ആ പുതിയ പാനീയം കുടിക്കുന്നതിന് കല്പന നൽകി. അതോടൊപ്പം തന്നെ അതിന് കൂടുതൽ പ്രചാരം നൽകുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്): മശ്അലെ രാഹ്, വാല്യം 2

നമുക്ക് താരതമ്യം ചെയ്യാം

ആഫ്താബ്

حَتّٰۤى اِذَاۤ اَتَوۡا عَلٰى وَادِ النَّمۡلِ ۙ قَالَتۡ نَمۡلَةٌ يّٰۤاَيُّهَا النَّمۡلُ ادۡخُلُوۡا مَسٰكِنَكُمۡ ۚ

لَا يَحۡطِمَنَّكُمۡ سُلَيۡمٰنُ وَجُنُوۡدُهٗ ۙ وَهُمۡ لَا يَشۡعُرُوۡنَ ﴿۱۹﴾ 27:19

# സുലൈമാൻ നബിയുടെ സൈന്യം ഉറുമ്പുകൾക്കിടയിൽ

### കേരള നജ്‌വത്തുൽ മുജാഹിദീൻ:

**അർത്ഥം** : അങ്ങനെ, അവർ ഉറുമ്പിൻ താഴ്‌വരയിൽ കൂടി ചെന്നപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു, ഹേ ഉറുമ്പുകളെ, നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചു കൊള്ളുവിൻ. സുലൈമാനും തന്റെ സൈന്യങ്ങളും നിങ്ങളെ (ചവിട്ടി) ചതച്ചു കളയാതിരിക്കട്ടെ. അവരാകട്ടെ (അത്) അറിയുന്നതുമില്ല.

**വ്യാഖ്യാനം** : സുലൈമാൻ നബി തന്റെ സൈന്യസമേതം ഒരു യാത്രയിലാണ്..... .......... അതിനിടക്ക് ഒരു ഉറുമ്പിൻ നഗരത്തിന്റെ അടുക്കൽ സൈന്യം എത്തിച്ചേർന്നു. അപ്പോഴാണ് ഒരു ഉറുമ്പ് തന്റെ കൂട്ടുകാരെ - അല്ലാഹു പ്രസ്താവിച്ചത് പോലെ - താക്കീത് ചെയ്യുന്നത്. ആ പട്ടാള സംഘം അന്യായമായി തങ്ങളെ ഉപദ്രവിക്കുമെന്ന് ഉറുമ്പിന് അഭിപ്രായമില്ല .......... സുലൈമാൻ നബി ഒരു സാധാരണ രാജാവല്ല ................ ഉറുമ്പിന്റെ സംസാരവും താക്കീതും കേട്ടതോടെ ഉറുമ്പിൻ കൂട്ടത്തെ രക്ഷിക്കുവാൻ വേണ്ടുന്ന നടപടികൾ സുലൈമാൻ നബി സ്വീകരിച്ചിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ല.

*(വിശുദ്ധ ഖുർആൻ വിവരണം  അമാനി മൗലവി ഭാഗം.3, പ്രസാ:കെ.എൻ.എം)*

### ജമാഅത്തെ ഇസ്‌ലാമി:

**അർത്ഥം** : അവരെല്ലാവരും ഉറുമ്പുകളുടെ താഴ്‌വരയിലെത്തിച്ചേർന്നു. അപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു, അല്ലയോ ഉറുമ്പുകളേ, സ്വന്തം മാളങ്ങളിൽ പോയി ഒളിച്ചുകൊള്ളുവിൻ. സുലൈമാനും സൈന്യവും നിങ്ങളെ അറിയാതെ ചവിട്ടി ഞെരിക്കാനിടവരാതിരിക്കട്ടെ.

**വ്യാഖ്യാനം** : ഒരു ഉറുമ്പ് ആസന്നമായ വിപത്തിനെ കുറിച്ച് സഹജീവികൾക്ക് മുന്നറിയിപ്പ് നൽകുകയും അവ തങ്ങളുടെ മാളങ്ങളിൽ ഒളിച്ചുകൊള്ളണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുകയെന്നതിൽ ബുദ്ധിപരമായ യാതൊരു സംഗത്യവുമില്ല.
ഉറുമ്പുകളുടെ വർത്തമാനം സുലൈമാൻ (അ) കേട്ടതെങ്ങനെ എന്നതാണ് പിന്നെയുള്ളത്. ദൈവീക വെളിപാടു പോലുള്ള സംഗതികൾ ഗോജരീഭവിക്കുന്ന ഇന്ദ്രിയങ്ങളുള്ള ഒരാൾക്ക് ഉറുമ്പുകളുടെ വർത്തമാനം പോലുള്ള സ്തൂല (Crude) സംഗതികൾ ഗോചരമാവുക ഒട്ടും പ്രയാസമുള്ള കാര്യമല്ല.

*(തഫ്ഹീമുൽ ഖുർആൻ ഭാ: 3.. മൗ മൗദൂദി ഐ.പി.എച്ച്,കോഴിക്കോട്)*

### അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്:

**അർഥം**: അങ്ങനെ അവർ 'വാദിന്നംലി'ൽ എത്തിയപ്പോൾ 'നംല്' സമുദായത്തിലെ ഒരു സ്ത്രീ പറഞ്ഞു. 'ഏ, 'നംല്' സമുദായമേ, നിങ്ങൾ നിങ്ങളുടെ വീടുകളിൽ പ്രവേശിക്കുക. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും അറിയാത്ത നിലയിൽ നിങ്ങളെ തകർക്കാതിരിക്കട്ടെ.'

*അടിക്കുറിപ്പ്: 'വാദിന്നംല്' ഒരു താഴ്‌വരയാണ്. ഡമാസ്കസിൽ നിന്ന് ഹിജാസിലേക്ക് പോകുന്ന വഴിയിൽ സമുദ്രതീരത്ത് അത് സ്ഥിതി ചെയ്യുന്നു.*

## സ്വഭാവം നന്മയുടെ താക്കോൽ

സ്വഭാവ മഹിമയാണ് യഥാർത്ഥ സൗന്ദര്യം. കുറച്ചുളുകൾ മാത്രമേ അത് മനസ്സിലാക്കുന്നുള്ളു. സ്വഭാവം നന്മയുടെ താക്കോലാകുന്നു. ഗെയ്റ്റിൽ താഴിട്ട് പൂട്ടിയിരിക്കുന്ന ഒരു ഉദ്യാനത്തിലെ ഫലങ്ങളേയും പുഷ്പങ്ങളേയും ദൂരെ നിന്ന് വീക്ഷിക്കുവാൻ മാത്രമേ കഴിയുള്ളു. അകത്തു പ്രവേശിക്കാൻ കഴിയില്ല. താഴ് തുറക്കുകയാണെങ്കിൽ അകത്തു കടന്ന് മുഴുവൻ വസ്തുതയും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതോടൊപ്പം മനസ്സിന് ഒരു ഉണർവ്വും പ്രസന്നതയും ലഭിക്കുന്നു. ധാർമിക ഗുണങ്ങളെ കരസ്ഥമാക്കുക എന്നത് യഥാർത്ഥത്തിൽ ഈ താഴ് തുറന്ന് അകത്തുക എന്നതാകുന്നു.

(ഹദ്റത്ത് മസീഹ് മൗഊദ് (അ): മൽഫൂസാത്ത്, ഭാഗം 1, പേജ് 355)

## ശതാബ്ദം
### 1912 – നവംബർ

എസ്.

- ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) സാഹിബ് ഹജ്ജിനായി മക്കയിലെത്തി.
- ടർക്കിയിലെ ജനങ്ങൾക്കായി ഹുസൂർ അപ്പീൽ പുറപ്പെടുവിച്ചു.

## ആദ്യകാലമുസ്‌ലിംകൾ

ഹ:ഖദീജ(റ), ഹ:അബൂബക്കർ(റ), ഹ: അലി(റ), ഹ:സൈദ്ബിനു ഹരിസ്(റ) തുടങ്ങിയവരെ കൂടാതെ ഹ:അബൂബക്കർ(റ)ന്റെ പ്രബോധനത്തിൽ ഇസ്‌ലാം മതമാശ്ലേഷിച്ച അഞ്ച് പേർ കൂടിയുണ്ട്. ഇസ്‌ലാമിൽ മഹോന്നത സ്ഥാനം അലങ്കരിക്കുന്ന സഹാബാക്കളുടെ ഇടയിൽ തന്നെ സമാദരണിയരാണവർ അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. ഹദ്റത്ത് ഉസ്മാനിബ്നു അഫ്വാൻ : ബനൂ ഉമച്ചാ ഗോത്രക്കാരനാണ്. ഇസ്‌ലാം മതമാശ്ലേഷിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം ഏതാണ്ട് 30 വയസ്സായിരുന്നു. ഹ:ഉമർ(റ) നു ശേഷം മൂന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. വളരെ ലജ്ജാശീലനും ആർദ്രതയുള്ളവനും ഉദാരനും സമ്പന്നനുമായിരുന്ന ഇദ്ദേഹം പല സന്ദർഭങ്ങളിലും ഇസ്‌ലാമിന് വേണ്ടി സാമ്പത്തിക ത്യാഗങ്ങൾ അനുഷ്ടിച്ചു. നബി(സ) തന്റെ 2 പെൺമക്കളെയും ഒന്നിനു പുറകെ ഒന്നായി വിവാഹം ചെയ്തു കൊടുത്തതിൽ നിന്നും തിരുനബിക്ക് അദ്ദേഹത്തോടുള്ള സ്നേഹം എത്രയായിരുന്നെന്ന് ഊഹിക്കാവുന്നതെയുള്ളു. അതിനാലാണ് അദ്ദേഹം ദുന്നു റൈൻ എന്നറിയപ്പെടുന്നത്.

2. അബ്ദുറഹ്മാനിബ്നു ഔഫ്: ബനു സുറ്റ ഗോത്രക്കാരനാണ്. തിരുനബി(സ)യുടെ മാതാവും ഇതേ കുടുംബത്തിൽപ്പെട്ടവരായിരുന്നു. നല്ല വിവേകവും ബുദ്ധി കൂർമ്മതയും ഉള്ള വ്യക്തിയായിരുന്നു അദ്ദേഹം. ഹ: ഉസ് മാന്റെ ഖിലാഫത്ത് പ്രശ്നം പരിഹരിച്ചത് ഇദ്ദേഹമാണ്. ഇസ്‌ലാം മതം സ്വീകരിക്കുമ്പോൾ അദ്ദേഹത്തിന് 30 വയസ്സായിരുന്നു. ഇസ്‌ലാമിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

# ഹുസൂറിന്റെ തിരുസവിധത്തിൽ

ടി.കെ. ശൗക്കത്ത് അലി, കൽക്കുളം

ഈ വർഷം യു. കെ. ജൽസയിൽ പങ്കെടുക്കാൻ ഹുസൂർ തിരുമനസ് ക്ഷണിച്ച ഇന്ത്യൻ പ്രതിനിധികളിൽ ഉൾപ്പെടാൻ എനിക്കും സൗഭാഗ്യം ലഭിക്കുകയുണ്ടായി. അൽഹംദുലില്ലാഹ് അലാ ദാലിക്.

തുടക്കത്തിൽ വിസ സംബന്ധമായ ഒരുപാട് വൈതരണികൾ ഉണ്ടായിരുന്നു. ഒരുവേള, വിസ കിട്ടുമോ എന്ന് പോലും ശങ്കിച്ചുപോയി. അങ്ങിനെ ജൽസക്ക് ഏതാനും ദിവസം മുമ്പാണ് വിസ ശരിയായത്. ഈ ഒരു ആവശ്യത്തിന് വേണ്ടി മാത്രം 3 തവണ ഖാദിയാനിൽ പോകേണ്ടി വന്നിരുന്നു. അങ്ങിനെ ആഗസ്റ്റ് 23ന്, ലണ്ടനിലേക്ക് പോകാൻ നാട്ടിൽ നിന്നും ഖാദിയാനിലേക്ക് തിരിച്ചു. എന്റെ കൂടെ മുറിയക്കണ്ണിയിലെ മൗലവി മുഹമ്മദ് യൂസുഫ് സാഹിബും ഉണ്ടായിരുന്നു.

ആഗസ്റ്റ് 27 ന് ഖാദിയാനിൽ എത്തി സെപ്റ്റംബർ1 ാം തിയ്യതി ഖാദിയാനിൽ നിന്നും ഡൽഹിക്ക് പുറപ്പെട്ടു. നാസിർ അഅ്‌ലാ ഭാരത് മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരിയായിരുന്നു പ്രതിനിധിസംഘത്തിന്റെ അമീർ. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ആദ്യ സംഘം 2 ാം തിയ്യതിയും ഞങ്ങൾ ഉൾപ്പെടുന്ന രണ്ടാമത്തെ ഖാഫില 3 ാംതിയ്യതിയും പുറപ്പെട്ടു. ഞങ്ങളുടെ ഖാഫില അമീർ ജാമിഅത്തുൽ മുബശ്ശിരീൻ സൂപ്രണ്ട് മൗലവി റഫീഖ് അഹ്മദ് ബേഗ് സാഹിബായിരുന്നു. ഡൽഹി ഇന്ദിരാഗാന്ധി ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് ഖത്തർ എയർവേയ്സിൽ ഞങ്ങൾ യാത്ര തിരിച്ചു. 11 മണിക്കൂർ യാത്രക്കൊടുവിൽ ലണ്ടൻ സമയം കാലത്ത് 10 മണിക്ക് ഞങ്ങൾ ലണ്ടൻ ഹീത്രൂ എയർപോർട്ടിൽ ഇറങ്ങി. അവിടെ ഞങ്ങളെ സ്വീകരിക്കാൻ ഇന്ത്യാ ഡസ്ക് പ്രതിനിധി ബർക്കത്തുല്ലാഹ് സാഹിബും സംഘവും ഉണ്ടായിരുന്നു. ലണ്ടനിൽ $13^0C$ ആയിരുന്നു അപ്പോൾ താപനില. ഞങ്ങൾ മുബല്ലിഗ് മുഅല്ലിംമാർക്ക് ബൈത്തുൽ ഫുതൂഹിലെ 8 റൂമുകളാണ് അനുവദിച്ചിരുന്നത്. ഞങ്ങൾ മലയാളികൾ രണ്ട് പേരും ഒരു റൂമിലായിരുന്നു. മറ്റുള്ളവർക്ക് ഹാളിലായിരുന്നു താമസസൗകര്യം. ഞങ്ങളുടെ റൂമിൽ എല്ലാ വിധ സൗകര്യങ്ങളും ഉണ്ടായിരു ന്നു. ബൈത്തുൽ ഫുത്തൂഹിൽ മൗലാന റഫീഖ് അഹ്മദ് സാഹിബ് ആണ് ഇമാം. ഏകദേശം 500 ൽ അധികം വീടുകളുള്ള പ്രദേശമാണിത്. സുബ്ഹ്, ഇശാ നമസ്കാരങ്ങൾക്ക് ശേഷം ഹ്രസ്വമായ ദർസ്.

ബൈത്തുൽ ഫുത്തൂഹും, മസ്ജിദ് ഫസ്‌ലും തമ്മിൽ ഏകദേശം 25 മൈൽ ദൂരമുണ്ട്. ഹുസൂർ തിരുമനസ് താമസിക്കുന്നത് ഫസ്ൽ മോസ്കിനടുത്താണ്. ഞങ്ങൾക്ക് പലപ്രാവശ്യം മസ്ജിദ് ഫസ്‌ലിൽ ഹുസൂറിനോടൊപ്പം നമസ്കാരത്തിന് സൗഭാഗ്യം ലഭിക്കുകയുണ്ടായി. ഞങ്ങൾ ആവശ്യപ്പെടുമ്പോയൊക്കെ മസ്ജിദ് ഫസ്‌ലിൽ പോകാൻ വണ്ടിയും തയ്യാറായി നിന്നിരുന്നു. ഏകദേശം 40 മിനിറ്റ് നേരത്തെ യാത്രയാണ് ബൈത്തുൽ ഫുത്തൂഹിൽ നിന്ന് മസ്ജിദ് ഫസ്‌ലിലേക്ക്. 3 നമസ്കാരങ്ങൾ ഹുസൂറിനോടൊപ്പം അനുഷ്ഠിക്കാൻ സൗഭാഗ്യം ലഭിച്ചതും അമൂല്യമായ ജീവിതാനുഭവമായി മാറി.



ഹുസൂറുമായുള്ള മുലാഖാത്തിന് സെപ്റ്റംബർ 14,25,30 തിയ്യതികളിൽ സൗഭാഗ്യം ലഭിച്ചു. ആദ്യത്തെ കൂടിക്കാഴ്ച്ച 4 മിനിറ്റ് നേരത്തേക്കായിരുന്നു. ഹുസൂർ എന്നോട് എന്റെ വീട്ടുവിശേഷങ്ങൾ ചോദിച്ചതിന് ശേഷം ലണ്ടനിൽ താമസത്തിലും ഭക്ഷണത്തിലും എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്ന് അന്വേഷിക്കുകയുണ്ടായി. എന്നെ ഏറെ ആശ്ചര്യപ്പെടുത്തുകയും മനസിനെ മഥിക്കുകയും ചെയ്തതായിരുന്നു ഹുസൂറിന്റെ കുശലാന്വേഷണം.

ഹുസൂറിന്റെ തന്നെ ഔദാര്യം കൊണ്ടാണ് ലണ്ടനിൽ എത്തിയത്. എന്നിട്ടും ഹുസൂർ ഞങ്ങളുടെ സുഖസൗകര്യങ്ങളാണ് അന്വേഷിക്കുന്നത്. ഹുസൂർ മുലാഖാത്തിൽ ഒരു മോതിരവും പേനയും സ്പ്രേയും തന്നനുഗ്രഹിക്കുകയുണ്ടായി. മോതിരം ആദ്യം ഹുസൂർ തന്റെ വിരലിൽ അണിഞ്ഞതിന് ശേഷം അത് എന്റെ വിരലിൽ ഇട്ട് തരുകയുണ്ടായി. ജീവിതത്തെ ധന്യമാക്കിയ, ആ മുഹൂർത്തങ്ങളുടെ മധുരസ്മരണകൾ ഇന്നും കുളിർ തെന്നൽ പോലെ സന്തോഷദായകമാണ്. ഹുസൂറിന്റെ മുലാഖാത്തിന് പോയപ്പോൾ ഹുസൂർ സ്വയം എഴുന്നേറ്റ് വന്ന് ഞങ്ങളെ സ്വീകരിച്ചതും ബുദ്ധിമുട്ടുകളുണ്ടോ എന്ന് അന്വേഷണവും, മഹാനായ ആ മഹാപ്രതിഭയുടെ അസാമാന്യ വലുപ്പമാണ് ഹൃദയത്തിൽ പ്രതിഷ്ഠിച്ചത്. ബൈത്തുൽ ഫുത്തൂഹിന് ഒരു വശത്ത് റയിൽവേ സ്റ്റേഷനും മറ്റൊരു ഭാഗത്ത് മെയിൻ റോഡുമാണ്. ഹീത്രൂ വിമാനത്താവളത്തിൽ നിന്ന് 40 മിനിറ്റു കൊണ്ടാണ് മസ്ജിദിൽ എത്തിച്ചത്.

17 മുതൽ 20 വരെ വക്കാലത്തു തബ്ശീർ ഞങ്ങൾക്ക് ലണ്ടൻ നഗരം ചുറ്റിക്കാണാനുള്ള അവസരവും ഒരുക്കിയിരുന്നു. ലണ്ടൻ മുതൽ സ്കോട്ട്ലാന്റ് വരെയുള്ള യാത്രയിൽ ആഫ്രിക്ക, ഇന്ത്യ, പാക്കിസ്ഥാൻ എന്നീ രാഷ്ട്രങ്ങളുടെ പ്രതിനിധികളാണ് ഉണ്ടായിരുന്നത്. ഡബിൾ ഡക്കർ ബസ്സിലായിരുന്നു യാത്ര.

ഒട്ടനവധി മസ്ജിദുകളും കാണാൻ അവസരമുണ്ടായി. യുകെയിൽ 37 ജമാഅത്തും 34 മസ്ജിദുകളുമുണ്ട്. മിക്കവാറും എല്ലാ സ്ഥലത്തും ബൈത്തുൽ ഫുത്തൂഹ് മോഡലിലാണ് മസ്ജിദുകൾ. മാത്രമല്ല എല്ലാ സ്ഥലങ്ങളും പ്രകൃതിരമണീയവും ഏറെ ഹൃദ്യവുമാണ്. ഓരോ സ്ഥലത്തെ മസ്ജിദിൽ എത്തുമ്പോഴും അവിടെയുള്ള അഹ്മദികൾക്ക് ഞങ്ങൾ സ്വയം പരിചയപ്പെടുത്തുകയാണ് ചെയ്തിരുന്നത്. ലണ്ടനിലുള്ള ഒരു ഫ്രഞ്ച് ഫൈവ് സ്റ്റാർ ഹോട്ടൽ ജമാഅത്ത് വിലക്ക് വാങ്ങിയിരുന്നു. അവിടെയാണ് ഇപ്പോൾ ജാമിഅ പ്രവർത്തിക്കുന്നത്. 33 ഏക്കറോളം സ്ഥലമുണ്ട്. എല്ലാ തരം സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള ജാമിഅ സ്ഥിതിചെയ്യുന്ന ഈ പ്രദേശവും കാണാൻ ഏറെ ഹൃദയഹാരിയാണ്. ഒളിംപിക്സ് നടന്ന ഗ്രൗണ്ട്, ലണ്ടൻ പാർലമെന്റ്, രാജ്ഞിയുടെ കൊട്ടാരം, മ്യൂസിയം, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി എന്നിവയും ഞങ്ങൾ കണ്ടു. ഓക്സ്ഫോർഡിൽ ഖലീഫ സാലിസ് (റഹ്) താമസിച്ചിരുന്ന മുറിയും പഠിച്ച ക്ലാസും ഏറെ ഗൃഹാതരത്വത്തോടെയാണ് ഞങ്ങൾ കണ്ടത്. ബ്രിട്ടനിലെ ജനതയുടെ സത്യസന്ധതയും, പെരുമാറ്റമര്യാദയും എടുത്തു പറയത്തക്കതാണ്. വഴി ചോദിക്കുന്നവർക്ക് കൂടെ പോയി കൃത്യമായ വഴി പറഞ്ഞു കൊടുക്കുന്ന ഇംഗ്ലീഷുകാരന്റെ സ്വഭാവം ഏറെ പ്രശംസനീയമാണ്. വഴിയരികിൽ അവിടെ അവിടെയായി മദ്യശാലകൾ കാണാം. മദ്യവും മറ്റ് ലഹരിപദാർത്ഥങ്ങളും വിദ്യാസമ്പന്നരായ ഈ സമൂഹത്തിന്റെ അരക്ഷിതാവസ്ഥയ്ക്കും, താളഭംഗം വന്ന കുടുംബജീവിതത്തിനും കാരണമാണ്. ബൈത്തുൽ ഫുത്തൂഹിനടുത്ത് സൺഡേമാർക്കറ്റുണ്ട്. ഈ ഞായറാഴ്ച്ച ചന്തകളിൽ കുറഞ്ഞ വിലക്ക് സാധനങ്ങൾ കിട്ടുന്നതാണ്.

ഞങ്ങൾക്ക് ഹുസൂറും, വക്കാലത്ത് തബ്ശീറും, യുകെ അമീറും ആഫ്രിക്കൻ ഡസ്കും ഒരുക്കിയ വിരുന്നിൽ ഭാഗഭാക്കാകാൻ അവസരം ലഭിച്ചിരുന്നു. കൂടാതെ നാസിർ ഹാളിൽ നടന്ന ഒരു വിവാഹത്തിലും ഭാഗഭാക്കായി. മറ്റെന്ന് ഈ എല്ലാ പരിപാടികളിലും ഹുസൂർ തിരുമനസിന്റെ ധന്യമായ സാന്നിധ്യവും ഉണ്ടായിരുന്നു. ആഗോളബയ്അത്തിൽ ഒരു വരിയിൽ അഞ്ചാമത്തെ കണ്ണിയായി പങ്കുചേരാനും സൗഭാഗ്യം ലഭിക്കുകയുണ്ടായി.

ഇന്ത്യൻ പ്രതിനിധികളിൽ മലയാളികളായ ഞങ്ങൾക്ക് പലരും നൽകിയ സ്നേഹവായ്പ് പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. പലരും പറഞ്ഞത് ഹുസൂർ ഇഷ്ടപ്പെടുന്ന ആളുകളുടെ നാടെന്നാണ്.

ഒക്റ്റോബർ ഒന്നിന്, ലണ്ടൻ വാസത്തിനും ഹുസൂറിന്റെ സഹവാസത്തിനും വിരാമമായി ഞങ്ങൾ തിരിച്ച് ഇന്ത്യയിലേക്ക് പുറപ്പെട്ടു. 2 ാം തിയ്യതി കാലത്ത് ഖാദിയാനിലെത്തി 3 ന് കേരളത്തിലേക്ക് പുറപ്പെട്ടു.

ഒരുപാട് മരിക്കാത്ത സ്മരണകളും ഹുസൂറിനോടൊപ്പമുള്ള ധന്യമായ നിമിഷങ്ങളും ഇപ്പോഴും കണ്ണിൽ നിന്ന് മറയുന്നതേയില്ല. കേരളത്തിലെ ഏതോ കുഗ്രാമത്തിൽ കഴിഞ്ഞിരുന്ന എന്നെപ്പോലെയുള്ളവർക്ക് ലണ്ടനെന്ന മഹാനഗരത്തിൽ എത്താനും അവിടെ ഒരു മാസം ചിലവഴിക്കാനും എല്ലാത്തിനുപരി അല്ലാഹുവിന്റെ ഖലീഫയുടെ തിരുസവിധത്തിൽ ഹാജരാകാനും കഴിയുക എന്നത്, അചിന്തനീയവും, അപ്രാപ്യവുമാണ്. ഖിലാഫത്തിന്റെ പൂന്തണലിൽ ഈ എളിയവനും അല്ലാഹു അതിന് സൗഭാഗ്യം നൽകിയിരിക്കുന്നു.

# ഏദൻ

തഹ്‌രീക് ജദീദ്: സുവർണമുദ്രകൾ

സമ്പാദക: എസ്. സുൽത്താന

ഏദനിൽ ജമാഅത്ത് സ്ഥാപിതമാവുന്നത് 1936 മുതലാണ്. അഞ്ച് അഹ്മദി ഡോക്ടർമാരെ പ്രതിനിധീകരിച്ച് ഡോ. ഫിറോസുദ്ദീൻ സാഹിബ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ സന്ദർശിക്കുകയും ഒരു മിഷനറിയെ അയക്കണമെന്ന് അറിയിക്കുകയും അതിന്റെ ചെലവുകളെല്ലാം അവർ വഹിക്കുമെന്ന് അറിയിക്കുകയും ചെയ്തപ്പോൾ, ഹുസൂർ മൗലവി ഗുലാം അഹ്മദ് ബഷീർ സാഹിബിനെ ഏദനിലേക്കയച്ചു. അദ്ദേഹം 1946 ഓഗസ്റ്റ് 19ന് അവിടെയെത്തി.
1947 ഒക്ടോബറിൽ സ്ഥിരമായി ഒരു മിഷൻ ഹൗസ് സ്ഥാപിക്കുന്നതിനായി ഒരു കെട്ടിടം വാടകയ്ക്കെടുത്തു.
1947 ഓഗസ്റ്റ് 17ന് അബ്ദുല്ല മുഹമ്മദ് ശബുത്തി അഹ്മദിയ്യത്ത് സ്വീകരിച്ചു. പിന്നീട് 1952 അദ്ദേഹത്തിന്റെ മകൻ മഹ്മൂദ് അബ്ദുല്ല ശബൂത്തി ജാമിഅ അഹ്മദിയ്യയിൽ പഠനത്തിനായി റബ്‌വയിൽ എത്തുകയും 1960ൽ അദ്ദേഹം തന്റെ ജീവിതം ജമാഅത്തിന് സമർപ്പിച്ച് ഒരു അഹ്മദിയ്യാ മിഷനറിയായി ഏദനിലേക്ക് മടങ്ങുകയും ചെയ്തു.







# മസ്‌ക്കറ്റ്

ജമാഅത്ത് സ്ഥാപിക്കുന്നതിനായി 1934ൽ മുഹമ്മദ് അബ്ദുൽ ഹക്ക് സാഹിബ് മസ്ക്കറ്റിൽ എത്തി. അദ്ദേഹം മിയാൻ ഫതെഹ് മുഹമ്മദ് സാഹിബ്, മുഹമ്മദ് അസം സാഹിബ് എന്നീ രണ്ടു യുവാക്കളെ അഹ്മദിയ്യത്തിലേക്ക് നയിച്ചു.
ഹുസൂർ മൗലവി മുഹമ്മദ് റോഷൻ ദിൻ സാഹിബിനെ മസ്ക്കറ്റിലേക്കയച്ചു. അദ്ദേഹം 1949 ഫെബ്രുവരി 2ന് അവിടെയെത്തി. ഹുസൂർ അദ്ദേഹത്തോട് ഒരു ജോലി കണ്ടുപിടിക്കാനും കുടുംബത്തിന്റെ ചെലവുകൾ വഹിക്കാനും ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം മിഷനറിയായി 1961 വരെ അവിടെ സേവനമനുഷ്ഠിച്ചു.

# ജോർദാൻ

1948 മാർച്ച് 3ന് മൗലവി റഷീദ് അഹ്മദ് ചുങ്ങ്തായ് സാഹിബ് ഹൈഫയിൽ നിന്ന് ജോർദാന്റെ തലസ്ഥാനമായ അമ്മാനിലെത്തുകയും ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തു. 1949 ജൂലൈ 7 വരെ അവിടെ സേവനം ചെയ്തു.
1948 മെയ് 11ന് അദ്ദേഹം ജോർദാൻ രാജാവിനെ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ സന്ദർശിക്കുകയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ അറബിയിലുള്ള സന്ദേശം കൈമാറുകയും ചെയ്തു. രാജാവ് മറുപടിയായി ഹുസൂറിന് ഒരു കത്തെഴുതി. ചുങ്ങ്തായ് സാഹിബ് അദ്ദേഹത്തിന് ഹുസൂറിന്റെ ഒരു ഫോട്ടോ കാണിച്ചപ്പോൾ "എത്ര മനോഹരമായ ചിത്രം" എന്ന് അദ്ദേഹം ആശ്ചര്യപ്പെടുകയുണ്ടായി.
സയ്യദ് അബ്ദുല്ല അൽഹാജ് മുഹമ്മദ് അൽ മുഅയെത്ത ആണ് ആദ്യമായി അഹ്മദിയ്യത്ത് സ്വീകരിച്ച വ്യക്തി.



NEWS TIME

# കാനഡ മന്ത്രി ഹുസൂറിനെ സന്ദർശിച്ചു




ഒക്ടോബർ 12, 2012 ലണ്ടൻ : കാനഡയുടെ കുടിയേറ്റ വകുപ്പ് മന്ത്രി ജേസൺ കേന്നി (എം. പി) ഖലീഫ തിരുമനസ്സിനെ ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹ് ഓഫീസിൽ സന്ദർശിക്കുകയുണ്ടായി. ഒരു മണിക്കൂർ നീണ്ട സന്ദർശനം കാനഡയുടെ നിലവിൽ വരാൻ പോകുന്ന 'മതസ്വാതന്ത്ര' വകുപ്പിനെ കുറിച്ചും, മതതീവ്രവാദ പ്രവർത്തനങ്ങളെ നേരിടേണ്ടതിനെ കുറിച്ചും ചർച്ച ചെയ്തു. മീറ്റിംങ്ങിനു ശേഷം മാധ്യമങ്ങളെ അഭിമുഖീകരിച്ചു സംസാരിച്ച അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുകയുണ്ടായി. എല്ലായ്പ്പോഴും സമാധാനകാംക്ഷികളും കാനഡയുടെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുന്നവരുമാണ് അഹ്മദികളെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.




# അഹ്മദിയ്യാ ഭൂപടത്തിൽ പുതിയ രാഷ്ട്രങ്ങൾ




## റിപ്പബ്ലിക്ക് ഓഫ് പനാമ

തലസ്ഥാനം : പനാമ സിറ്റി
നാണയം : ബാൽബോഅ, യു.എസ്.ഡോളർ
സ്ഥാനം : മദ്ധ്യ അമേരിക്കയിൽ
വിസ്തീർണ്ണം : 77,082 ച. കി. മീറ്റർ
ജനസംഖ്യ : 35.95 ലക്ഷം
ഭാഷ : സ്പാനിഷ്, ഇംഗ്ലീഷ്
മതം : ക്രിസ്തുമതം
സാക്ഷരത : 92%
ഭരണം : കൊളംബിയയുടെ നിയന്ത്രണത്തിലായിരുന്നു. 1903ൽ അമേരിക്കയുടെ സഹായത്തോടെ സ്വാതന്ത്ര്യം നേടി.
പ്രസിഡന്റ് : മാർട്ടിൻ ടോറിയോഡ്

## അമേരിക്കൻ സമോവ

തലസ്ഥാനം : പാഗോ പാഗോ
നാണയം : യു.എസ്.ഡോളർ
സ്ഥാനം : സൗത്ത് പസഫിക്കൻ സമുദ്രം
വിസ്തീർണ്ണം : 197.1 ച. കി. മീറ്റർ
ജനസംഖ്യ : 55,519
ഭാഷ : സാമുവൻ, ഇംഗ്ലീഷ്
മതം : ക്രിസ്തുമതം
ഭരണം : അമേരിക്കയുടെ നിയന്ത്രണത്തിലാണ്
പ്രസിഡന്റ് : ബാരക്ക് ഒബാമ

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ ഭാരത് ഇജ്തിമ 2012



**ഖാദിയാൻ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ ദേശീയ ഇജ്തിമ ദാറുൽ അമാൻ ഖാദിയാനിൽ വിജയകരമായി സമാപിച്ചു. നാസിർ ആലാ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് പതാകയുയർത്തി. സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് ഉൽബോധന പ്രഭാഷണം നടത്തി. ഉൽഘാടന പ്രഭാഷണം മുഹമ്മദ് ഇനാം ഗോറി സാഹിബ് നിർവഹിച്ചു. ഹുസൂർ തിരുമനസ്സിന്റെ സന്ദേശവും സദസ്സിനെ കേൾപ്പിക്കുകയുണ്ടായി. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ മുൻ സദർമാരും സദസ്സിൽ സന്നിഹിതരായിരുന്നു.

ഉൽഘാടന സെഷന് ശേഷം നടന്ന വിവിധ വൈജ്ഞാനിക മത്സരങ്ങളിൽ ഖാദിംകൾ ആവേശപൂർവ്വമാണ് പങ്കെടുത്തത്. ചില അജ്ഞാതവ്യക്തികളുടെ ക്ഷുദ്രപ്രവർത്തനം കാരണത്താൽ അല്പം അസ്വസ്ഥത ഉടലെടുക്കുകയും തൽഫലമായി കായിക മൽസരങ്ങൾ ഒഴിവാക്കേണ്ടി വരികയും ചെയ്തു. എന്നിരുന്നാലും ഖാദിംകൾ തികഞ്ഞ അനുസരണയും സഹനവും കാഴ്ച വെക്കുകയുണ്ടായി.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഈ പ്രവർത്തന വർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച മജ്‌ലിസുകളിൽ ഖാദിയാൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ആദ്യ പത്ത് സ്ഥാനങ്ങളിൽ മാത്തോട്ടം മജ്‌ലിസും ഉൾപ്പെടുന്നു. പ്രാദേശിക മജ്‌ലിസുകളോടൊപ്പം സോണൽ മജ്‌ലിസുകളുടെ പ്രവർത്തനങ്ങളും വിലയിരുത്തപ്പെടുകയും ട്രോഫികൾ വിതരണം ചെയ്യപ്പെടുകയും ചെയ്തു. ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് കേരള രണ്ടാം സ്ഥാനം കരസ്ഥമാക്കി

മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ വൈജ്ഞാനിക മത്സരങ്ങൾ ആരംഭിച്ചത് രണ്ടാം ദിവസം മുതലായിരുന്നു. മൂന്ന് ദിവസങ്ങളിലായി നടന്ന ദേശീയ ഇജ്തിമ ഗസ്റ്റ്ഹൗസിന് പിന്നിലുള്ള ഗ്രൗണ്ടിൽ പ്രത്യേകം സജ്ജമാക്കിയ പന്തലിലാണ് നടന്നത്. ഇന്ത്യയിലെ വിവിധ മജ്‌ലിസുകളിൽ നിന്നായി ആയിരത്തിൽ പരം അംഗങ്ങൾ പങ്കെടുത്തു.







# അൻസാറുല്ലാഹ് 44ാം ദേശീയ ഇജ്തിമ

**ഖാദിയാൻ :** മജ്‌ലിസ് അൻസാറുല്ലായുടെ 44ാം ദേശീയ ഇജ്തിമ പരിശുദ്ധ ഖാദിയാനിൽ നടന്നു. ആദ്യദിവസം രാവിലെ നാസിർ സാഹിബ് ആലാ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് പതാക ഉയർത്തുകയും ഇജ്തിമ ഉൽഘാടനം ചെയ്യുകയും ചെയ്തു. മജ്‌ലിസ് അൻസാറുല്ലാ അഖിലേന്ത്യാ സദർ ഖാരി നവാബ് അഹ്മദ് സാഹിബ് സത്യവാചകം ചൊല്ലിക്കൊടുത്തു. ഇജ്തിമയ്ക്കായി ഹുസൂർ തിരുമനസ്സ് നൽകിയ സന്ദേശം വായിച്ച് കേൾപ്പിച്ചു. ശേഷം വിജ്ഞാന ക്ലാസ്സുകളും വൈജ്ഞാനിക മത്സരങ്ങളും നടക്കുകയുണ്ടായി. സമാപന യോഗത്തിൽ ഈ വർഷത്തെ ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ച വെച്ച മജ്‌ലിസുകൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. ഗ്രാമ മജ്‌ലിസുകളിൽ തിരുവിഴാംകുന്ന് ഒന്നാം സ്ഥാനം കരസ്ഥമാക്കി. മേഖലാ അടിസ്ഥാനത്തിൽ എറണാകുളം മേഖലയ്ക്കാണ് രണ്ടാം സ്ഥാനത്തിനുള്ള ട്രോഫി ലഭിച്ചത്.



മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖലാ നാസിം പി.കെ. ശാഹുൽ ഹമീദ് സാഹിബ് ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വെച്ച രണ്ടാമത്തെ സോണിനുള്ള ട്രോഫി നാസിർ അഅ്ലാ സാഹിബിൽ നിന്നും കരസ്ഥമാക്കുന്നു.

# അൻസാറുല്ലാഹ് പാലക്കാട് മേഖലാ ഇജ്ത്തിമ




**പള്ളിപ്പുറം:** സെപ്റ്റംബർ ഒന്ന്, രണ്ട് തിയ്യതികളിൽ പള്ളിപ്പുറത്ത് നടന്നു. അഖിലേന്ത്യ നാഇബ് സദർ പി. പി നാസറുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്തു. അമീർ പ്രൊഫ:എം. കെ.അബ്ദുൽകരീം സാഹിബ് അധ്യക്ഷത വഹിച്ചു. മൗലവി മുഹമ്മദ് സലിം സാഹിബ്, മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി മുഹമ്മദ് മൻസിൽ സാഹിബ്, ഡോ: ശരീഫ് അഹ്മദ് സാഹിബ് എന്നിവർ ക്ലാസെടുത്തു. ആരോഗ്യ ക്ലാസിൽ പി. സെയ്ദുട്ടി മാസ്റ്റർ അധ്യക്ഷനായി.

എങ്ങിനെ ബയ്അത്ത് ഉണ്ടാക്കാം എന്ന പാനൽ ചർച്ചക്ക് മൗലവി എച്ച്.ശംസുദ്ദീൻ സാഹിബ് നേതൃത്വം നൽകി. പി.എം.ബഷീർ അഹ്മദ് സാഹിബ്, എം.അബ്ദുൽ ബഷീർ സാഹിബ്, എച്ച്.സുലൈമാൻ സാഹിബ്, എം.താജുദ്ദീൻ സാഹിബ്, മൗലവി നജീബ് ഖാൻ സാഹിബ്, ടി.കുഞ്ഞീത് മാസ്റ്റർ സാഹിബ്, എന്നിവർ ചർച്ചയിൽ പങ്കെടുത്തു. വിവിധ കലാകായിക മത്സരങ്ങൾ ഉണ്ടായി. സമാപന യോഗത്തിൽ മേഖലാ നാസിം എം. താജുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. സുലൈമാൻ കാവശ്ശേരി ക്യാമ്പ് അവലോകനം അവതരിപ്പിച്ചു. നാഇബ് നാസിർ ഇസ്ലാഹോ ഇർഷാദ് മൗലാനാ ഗ്യാനി തൻവിർ അഹ്മദ് സാഹിബ് രണ്ടു ദിവസവും പങ്കെടുക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു. മേഖലാ സെക്രട്ടറി എ. മുനീർ അഹ്മദ് സാഹിബ് നന്ദി പ്രകാശിപ്പിച്ചു.

# തഅ്ലീം തർബിയ്യത്ത് ക്ലാസ്

**കരുളായി:** മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നടന്ന തഅ്ലീം -തർബിയ്യത്ത് ക്ലാസിൽ 20ൽ പരം അത്ഫാലുകൾ പങ്കെടുത്തു. നമസ്ക്കാരത്തിന്റെ വിവിധ വശങ്ങളെ ക്കുറിച്ച് മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ് ക്ലാസെടുത്തു. ശേഷം തർബിയ്യത്ത് ക്ലാസും നടന്നു.

# ലജ്നാ ഇമാഇല്ലാഹ്

## കോഴിക്കോട്,അലനല്ലൂർ ഒന്നാം സ്ഥാനത്ത്

**ഖാദിയാൻ:** ലജ്നാ ഇമാഇല്ലായുടെ 2011-12 പ്രവർത്തന വർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വെച്ച മജ്‌ലിസുകൾ ദേശീയ ഇജ്ത്തിമയിൽ വച്ച് ട്രോഫികൾ കരസ്ഥമാക്കി.

**300നും 100 നും ഇടയിൽ അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ**

1.കോഴിക്കോട് 2.മാത്തോട്ടം 3.പഴയങ്ങാടി 4.കൽക്കത്ത 5. കണ്ണൂർ ടൗൺ 6. കൂടാളി 7.കണ്ണൂർ സിറ്റി 8.കരുളായി

**100 ന് താഴെ അംഗങ്ങളുള്ള മജ്‌ലിസുകളിൽ**

1.അലനല്ലൂർ 2.ഐരാപുരം 3.എറണാകുളം 4.കടലായി 5.മണ്ണാർക്കാട് 6.വാണിയമ്പലം 7.കൊടിയത്തൂർ 8.പത്തപ്പിരിയം 9.കാൻപൂർ 10.മഞ്ചേരി 11.മർക്കര 12.ഡൽഹി 13. ചാവക്കാട് 14.പള്ളുരുത്തി 15.കാക്കനാട് 16. മുറിയക്കണ്ണി 17. കൊയമ്പത്തൂർ 18. പാലക്കാട്

# നാസിറാത്തുൽ അഹ്മദിയ്യാ

## ഒന്നാം സ്ഥാനം കോഴിക്കോട്, കരുളായി, മാത്തോട്ടം, വാണിയമ്പലം

**30 ന് മുകളിൽ അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ**

1.കോഴിക്കോട്,കരുളായി 2.ഖാദിയാൻ 3.ഷിമോഗ 4. ഹൈദരബാദ് 5.കണ്ണൂർ സിറ്റി 6. ചെന്നൈ

**11 നും 30നും ഇടയിൽ അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ**

1.മാത്തോട്ടം 2.പത്തപ്പിരിയം 3.മർക്കര 4.കടലായി 5.പഴയങ്ങാടി 6.കൊടിയത്തൂർ 7.കാക്കനാട് 8.അലനല്ലൂർ 9.കണ്ണൂർ ടൗൺ 10.ചേലക്കര

**30ന് താഴെ അംഗങ്ങളുള്ള മജ്‌ലിസുകളിൽ**

1.വാണിയമ്പലം 2.മണ്ണാർക്കാട് 3.ഐരാപുരം 4.മഞ്ചേരി 5.മുഹിയുദ്ദീൻപൂർ

# നബികീർത്തന യോഗങ്ങൾ




**ചേലക്കര:** ചേലക്കര ജമാഅത്ത് സംഘടിപ്പിച്ച നബികീർത്തന യോഗത്തിൽ മൗലവി സി.പി.മൊയ്തീൻ കുട്ടി സാഹിബ് അധ്യക്ഷത വഹിച്ചു. മേഖലാ മുബല്ലിഗ് മൗലവി മുഹമ്മദ് മൻസിൽ സാഹിബ് പ്രസംഗിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർ ശിവദാസൻ, മുൻ മെമ്പർ മധുസൂദനൻ, എ.കെ. രവി, കാവശ്ശേരി ജമാഅത്ത് പ്രസിഡന്റ് എച്ച്.സുലൈമാൻ സാഹിബ് എന്നിവർ ആശംസാ പ്രസംഗം നടത്തി. എ. ബഷീർ അഹ്മദ് സാഹിബ് നന്ദി പറഞ്ഞു.



**കാവശ്ശേരി:** കാവശ്ശേരി ജമാഅത്ത് നടത്തിയ നബികീർത്തന സമ്മേളനം മേഖലാ അമീർ പ്രൊഫ: എം.കെ. അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.അശോകൻ മുഖ്യ അതിഥിയായിരുന്നു. മുൻ പഞ്ചായത്ത് അധ്യക്ഷൻ എ. ആണ്ടിയപ്പു, കെ. എസ്.പി. ശാസ്ത്രികൾ, കെ. ടി.അബ്ദുൽ അസീസ് മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് അധ്യക്ഷനായിരുന്നു. ജമാഅത്ത് പ്രസിഡന്റ് എച്ച്. സുലൈമാൻ സ്വാഗതവും ഖാഇദ് ഐ. ഇസ്മായിൽ അഹ്മദ് നന്ദിയും പറഞ്ഞു.

**എടക്കര:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കരുളായി, കൽക്കുളം,ചുങ്കത്തറ മജ്ലിസുകളുടെ സംയുക്താഭിമുഖ്യത്തിൽ എടക്കര ബസ്സ്റ്റാന്റിൽ വെച്ച് നടന്ന നബി



കീർത്തന സമ്മേളനം നാഇബ് സദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ജനാബ് സി.ശമീം സാഹിബിന്റെ അധ്യക്ഷതയിൽ മൗലവി എൻ .ശഫീഖ് അഹ്മദ് സാഹിബിന്റെ തിലാവത്തോട് കൂടി ആരംഭിച്ചു. ജനാബ് എം അബ്ദുറഹ്മാൻ സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് എന്നിവർ പ്രഭാഷണം നടത്തി. മൗലവി കെ.വൈ. ശംസുദ്ദീൻ സാഹിബ് സ്വാഗതം പറഞ്ഞു.

**ഒറ്റപ്പാലം:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് മേഖലയുടെ ആഭിമുഖ്യത്തിൽ ഒറ്റപ്പാലം ബസ്സ്റ്റാന്റിനു സമീപം നഗരസഭ ഓപ്പൺ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന നബി കീർത്തന സമ്മേളനം നാഇബ് സദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ജനാബ് സി.ശമീം സാഹിബിന്റെ അധ്യക്ഷതയിൽ പ്രൊഫ. എം. കെ. അബ്ദുൽ കരീം സാഹിബ് (മേഖല അമീർ) ഉദ്ഘാടനം ചെയ്തു. ശ്രീ കെ. എസ്. പി. ശാസ്ത്രികൾ മുഖ്യാതിഥിയായിരുന്നു. ജനാബ് എം അബ്ദുറഹ്മാൻ സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് എന്നിവർ പ്രഭാഷണം നടത്തി.






ഈദ് മിലൻ, ഷിമോഗ



എക്സിബിഷൻ, കണ്ണൂർ



മഞ്ചേരി ഖുദ്ദാമുൽ അഹ്മദിയ്യാ ശുചീകരണപ്രവർത്തിയിൽ

# ക്രിക്കറ്റ് മാച്ച്

**കരുളായി:** ഫസ്ലെ ഉമർ സ്കൂൾ ഗ്രൗണ്ടിൽ വെച്ച് കരുളായി– പത്തപ്പിരിയം മജ്ലിസുകൾ തമ്മിൽ അത്യന്തം ആവേശകരമായ ക്രിക്കറ്റ് മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത കരുളായി 123 റൺസെടുത്തെങ്കിലും പത്തപ്പിരിയം മജ്ലിസ് സ്കോറിനെ മറികടന്ന് വിജയികളായി. കരുളായി മജ്ലിസിലെ നാസിൽ അഹ്മദ് 60 റൺസെടുത്ത് ടോപ്സ്കോററായി



ആരോഗ്യം

# ഒരു നിമിഷം പുകവലിക്കും മുമ്പ്

മജീദ് അഹ്മദ് ബശീർ ഡിഫൻസ്, ലാഹോർ






**പുകവലി** അനേകം രോഗങ്ങൾക്ക് നിമിത്തമാകാറുണ്ട്. വിവിധതരം ക്യാൻസറുകൾ ഇതിന്റെ ഉൽപന്നങ്ങളാണ്. സിഗരറ്റിന്റെ പുകയിൽ, ക്യാൻസറിന് ഹേതുവായ Carcinogens അടങ്ങിയിരിക്കുന്നു. അത് genesനേയും മറ്റും നശിപ്പിക്കുകയും ക്യാൻസർ ഉണ്ടാക്കുകയും ചെയ്യുന്നു. വായയിലെ ക്യാൻസർ,വയറിലെ ക്യാൻസർ, നെഞ്ചിലെ ക്യാൻസർ മുതലായവ ഇത്കൊണ്ട് ഉണ്ടാകുന്നു.

‘ സിഗരറ്റിന്റെ പുകയിൽ നാലായിരത്തോളം വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ട്. പുകവലിക്കുമ്പോൾ അത് ശരീരത്തിൽ മുഴുവൻ സന്നിവേശിക്കപ്പെടുന്നു. ഇത് വ്യത്യസ്തതരം പ്രശ്നങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു. ഇതിൽ എൺപതോളം ധാതുക്കൾ ക്യാൻസർ ഉണ്ടാക്കുന്നവയാണ്.




**നിക്കോട്ടിൻ** പുക വലിക്കുമ്പോൾ 10 സെക്കന്റുകൾക്കകം അത് തലച്ചോറിൽ എത്തുകയും അവിടെ നിന്ന് അത് ശരീരമാസകലം വ്യാപിക്കുകയും ചെയ്യുന്നു.

**നിക്കോട്ടിൻ** കാർബോമോണോ ഓക്സൈഡ്, താൽക്കാലികമായി ഹൃദയമിഡിപ്പും ബ്ലഡ്പ്രഷർ വർദ്ധിപ്പിക്കുന്നു, അതുകാരണം ഹൃദയത്തിന്റെയും രക്തത്തിന്റേയും ധമനികൾ സമ്മർദ്ദമേറുന്നു. ധമനികൾ ചുരുങ്ങന്നതിന്റെ ഫലമായി രക്തസമ്മർദ്ദം കുറഞ്ഞുവരുകയും അതുമൂലം കൈകാലുകളിലേക്ക് ഓക്സിജൻ പ്രവാഹം കുറയുകയും ചെയ്യുന്നു.



## പൊതു വിജ്ഞാനം

# കങ്കാരു





കങ്കാരു പൊതുവിൽ ആസ്ത്രേലിയയിലും ന്യൂഗിനിയിലുമാണ് കാണപ്പെടുന്നത്.
60 വിഭാഗത്തിൽപെട്ട കങ്കാരുകൾ ഉണ്ടെന്നാണ് പറയപ്പെടുന്നത്.
എന്നാൽ പൊതുവിൽ വലിയ കങ്കാരുവിനെ മാത്രമെ കങ്കാരു എന്ന് പറയാറുള്ളു.
പിൻകാലുകളുടെ നീളം 10 ഇഞ്ചിൽ കുറവുള്ളവയെ വലാബി എന്നാണ് വിളിക്കുന്നത്.
വലിയ കങ്കാരുവിന് മാത്രമാണ് ചാടാനുള്ള കഴിവുള്ളത്.
ചെറിയവയ്ക്ക് രണ്ട് കാലിൽ തുള്ളിച്ചാടാൻ പോലും കഴിയില്ല.
മരത്തിൽ കഴിയുന്ന ചിലയിനം കങ്കാരുവിന് പക്ഷേ മുകളിൽ നിന്ന് ചാടാൻ കഴിയും.
കങ്കാരു പൊതുവിൽ രാത്രി ഭക്ഷണം കഴിക്കാനാണ് ഇഷ്ടപ്പെടുന്നത്. പകൽ മുഴുവനും കിടന്നുറങ്ങുകയോ അവിടിവിടെ ചുറ്റിക്കറങ്ങുകയോ ചെയ്യും.



**വെള്ളമില്ലാതെ ദീർഘകാലം കഴിയാൻ ഇവയ്ക്ക് കഴിയാൻ സാധിക്കും.** വെള്ളം കിട്ടിയാൽ ധാരാളം കുടിക്കുകയും ചെയ്യും.
മരുഭൂമിയിലെ മൃഗമാണെന്ന് കരുതപ്പെടുന്നു.
കങ്കാരു നല്ലതുപോലെ അയവിറക്കുന്ന ജീവിയാണ്.
കങ്കാരുവിന്റെ ഏറ്റവും വലിയ ശത്രു ഡങ്കു എന്ന കാട്ടുനായയാണ്.



**ജനനസമത്ത് കുട്ടികൾക്ക് ഒരു ഗ്രാമിനടുത്ത് മാത്രമെ ഭാരമുണ്ടാകൂ.**
8 മാസത്തിന് ശേഷം ഭാരം 10 പൗണ്ടായിത്തീരുന്നു. പിന്നീട് സ്ഥിരമായി അവ മാതാവിന്റെ സഞ്ചിയിൽ നിന്ന് പുറത്തിറങ്ങി ഓടിച്ചാടാൻ തുടങ്ങുന്നു. എന്നാൽ പിന്നീടും 6 മാസം വരെ അത് മാതാവിന്റെ പാൽ മാത്രമായിരിക്കും കുടിക്കുക.



ഒന്നരക്കോടി വർഷം മുമ്പ് ജീവിച്ചിരുന്ന കങ്കാരുവിന്റെ ഫോസിലുകൾ അടുത്തിടെ കണ്ടെത്തിയിരുന്നു. അവയ്ക്ക് ഇന്നത്തെ മുയലുകളുടെ വലിപ്പമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്നത്തെ കങ്കാരുവിനുള്ള എല്ലാ സവിശേഷതകളും അവയ്ക്ക് ഉണ്ടായിരുന്നു.

*(തശ്ഹീദുൽ അദ്ഹാൻ റബ്‌വ: ഒക്ടോബർ 1996)*

Chairman Management & Editorial Board : C. Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only | Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut